Reg: No. M 2689.
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം, ൧൯൪൩ ഒക്ടോബർ ൧൧-ാംനു | ലക്കം ൩൪
പേജ് ൧൨ | ൧൧൧൯ കന്നി ൨൫-ാംനു- തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

## *വിദ്യാർത്ഥികളോട്-ഗാന്ധിജി


നമ്മുടെ ആളുകൾ ഇപ്പോൾ 'സത്യാഗ്രഹം' എന്നവാക്കിനെ അതിന്റെ ശരിയായ അർത്ഥത്തിൽ നിന്നു് വ്യതിചലിച്ചു് മനസ്സിലാക്കിയിട്ടുണ്ടു്. പരമമായ സത്യവും ശുദ്ധമായ അഹിംസയുംകൂടി സമ്മേളിച്ചിട്ടുള്ള ഒരു പ്രവൃത്തിയാണു് സത്യാഗ്രഹം കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. പക്ഷേ സത്യാഗ്രഹം ഇന്നു് ഹർത്താലായി മാറിയിരിക്കുന്നു. ഇതു് തൊഴിലാളികളേക്കാൾ കൂടുതൽ ബാധകമായിരിക്കുന്നതു് വിദ്യാർത്ഥികളേയാണു്. ഏതു നിസ്സാരകാര്യത്തിനുകൂടിയും സ്ട്രൈക്കു് അനുഷ്ഠിക്കുക ഒരു പുതിയ രീതികൂടിയായിത്തീർന്നിട്ടുണ്ടു്.

രാഷ്ട്രീയകാര്യങ്ങളിൽ വിദ്യാർത്ഥികളുടെ സജീവമായ സഹകരണം സമുചിതമാണോ എന്നുള്ളതു് വളരെ വാദപ്രതിവാദങ്ങൾക്കു വിഷയീഭവിച്ചിട്ടുള്ളതാണു്. ഇപ്പോൾ മിക്കവരുടേയും അഭിപ്രായം വിദ്യാർത്ഥികൾ ആ ഉദ്ദേശശുദ്ധിയോടുകൂടിയിരിക്കേണ്ടവരാണെന്നും എന്നാൽ അവരുടെ യഥാർത്ഥ കർത്തവ്യത്തെ വിസ്മരിക്കരുതെന്നുമുള്ളതാണു്. അവരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം വിദ്യാഭ്യാസം ചെയ്യുക എന്നുള്ളതാണു്. ജീവിതം സഫലമാകുന്നതിനു് വിദ്യാഭ്യാസം ചെയ്യേണ്ടതിയാവു. ഭാവിയിൽ സ്വന്തനാടിന്റെ അഭിമാനസ്തംഭങ്ങളായി, ഉത്തമപൗരന്മാരായി പ്രശോഭിക്കേണ്ടവർ, വിദ്യാഭ്യാസം ചെയ്യേണ്ട സമയത്തു് മററുജോലികളിൽ വ്യാപൃതരായിരുന്നാൽ അവരുടെ ജീവിതം തന്മൂലം പാഴാക്കിക്കളയുകയാണു ചെയ്യുന്നതു്. സ്വരാജ്യസേവനം ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണു്. പ്രജായത്തഭരണസ്വാതന്ത്ര്യം കരസ്ഥമാക്കുന്നതിനും, അതിനുവേണ്ടി പോരാടുന്നതിനും സ്വയശക്തിയുള്ള യഥാർത്ഥ യുവാക്കൾക്കേ സാധിക്കുകയുള്ളു. അതുകൊണ്ടു് ശരിയായ പ്രായം വരുന്നതിനു മുൻപു് അതിലേക്കു ശ്രമിക്കരുതു്. എന്നാൽ അവർക്കു് രാഷ്ട്രീയമായ ചിന്താഗതികൾ ഉണ്ടാവാൻ പാടില്ലെന്നില്ല. അവർക്കു് രാഷ്ട്രീയജീവിതത്തിൽ പങ്കെടുക്കുന്നതിനും മാർഗ്ഗങ്ങൾ ഉണ്ടു്. രാഷ്ട്രീയമായി എന്തെല്ലാം പ്രസ്ഥാനങ്ങൾ ഉണ്ടെന്നും, അവയെ വിജയത്തിലേക്കു് എങ്ങിനെ നയിക്കാമെന്നും മററും ശരിയായി മനസ്സിലാക്കേണ്ടതുണ്ടു്. അവർ എന്താണു ചെയ്യാൻ പോകുന്നതെന്നും, എന്തിനുവേണ്ടിയാണെന്നും ശരിയായി ആലോചിച്ചു പ്രവൃത്തിക്കുന്നു എങ്കിൽ അവരുടെ ഉദ്യമം സഫലമാകുന്നു. കൂടാതെ കൂടുതൽ ബഹുമതി ആർജ്ജിക്കാനും സാധിക്കുന്നു.

ഒരു വിജയകരമായ സ്ട്രൈക്കിനു് അച്ചടക്കം അത്യന്താപേക്ഷിതമാണു്. കൂടാതെ അതിൽ ഉൾപ്പെടുന്ന എല്ലാവരുടേയും പരിപൂർണ്ണമായ സഹകരണവും, കഴിയുമെങ്കിൽ പൊതുജനങ്ങളുടെ സഹായംകൂടിയും സമാർജ്ജിക്കേണ്ടതാണു്. വിദ്യാർത്ഥികളുടെ ഭയങ്കരമായ ഒച്ചപ്പാടുകളും, അദ്ധ്യാപകന്മാരുടെ നേർക്കുള്ള കൂക്കുവിളികളും, സ്കൂളിൽനിന്നു് ചാടിയിറങ്ങുന്നതും ഒരു ശരിയായ സ്ട്രൈക്കിനു യോജിച്ചതല്ല. വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ഇതു് എന്തിനെഉദ്ദേശിച്ചു ചെയ്യുന്നതാണെന്നുപോലും മനസ്സിലാക്കാൻ അപ്രാപ്തരായിട്ടാണിരിക്കുന്നതു്.

ക്ലാസ്സിൽ എല്ലാവരും കൂടി എഴുന്നേററുനിന്നു ബഹളമുണ്ടാക്കി അദ്ധ്യാപകനെ നിസ്സഹായനാക്കുന്നതു് ഒരു നല്ല വിനോദമായി കരുതുന്നുണ്ടു്. സ്കൂളിൽനിന്നു് ഇറങ്ങിപ്പോകുന്നതും, വിദ്യാലയാധികൃതരുടെ നേർക്കു മുഷ്ടിചുരുട്ടുന്നതും ഒരു ധീരകൃത്യമായിട്ടാണു് ഗണിക്കുന്നതു്. 1942-ലെ പോരാളികൾ കാട്ടിയ ധീരകൃത്യംപോലെയാണു് തങ്ങളും അനുഷ്ഠിക്കുന്നതു് എന്നു് അവർ അഭിമാനിക്കുന്നു. സ്ട്രൈക്കു് എന്ന വാക്കിന്റെ അർത്ഥം ഒരു പൂർണ്ണമായ ഒഴിവുദിവസമെന്നാണു്.

മേല്പറഞ്ഞ വിധത്തിലുള്ള ഉപദ്രവകരമായ സ്ട്രൈക്കിനെ നയിക്കാൻ ഇഷ്ടപ്പെടുന്ന ചില വിദ്യാർത്ഥികളുണ്ടു്. അവനു് ഇമ്മാതിരിപ്രവർത്തനങ്ങളുടെ മുന്നണിയിൽ നിന്നുകൊണ്ടു് പൊതുജനസമ്മതി ആർജ്ജിക്കാനാണു് ആഗ്രഹം. മററുള്ളവരേക്കാൾ അവന്റെ ബാഹ്യപ്രകൃതി ആകർഷകമായിരിക്കും.



തലമുടി ഭംഗിയായി പുറകോട്ടു വളർത്തി ക്രമപ്പെടുത്തിയിട്ടുണ്ടു്. എപ്പോഴും ഇംഗ്ലീഷു് സിഗററു് അവന്റെ ചുണ്ടിൽ പുകഞ്ഞുകൊണ്ടിരിക്കുന്നു. കൂടാതെ ഒരൊന്നാന്തരം പ്രസംഗകനുമായിരിക്കും. ഒടുവിൽ പരീക്ഷയിൽ പതിവുപോലെ പരാജയം ധീരതയോടുകൂടി വരിക്കയും ചെയ്യുന്നു.

ഇനി വേറൊരുകൂട്ടം വിദ്യാർത്ഥികളുണ്ടു്. അവർ എണ്ണത്തിൽ വളരെ കുറവാണു്. എന്തെങ്കിലും കാര്യമായി പ്രവർത്തിക്കാനുള്ളപ്പോൾ അവർ മുമ്പോട്ടു വരുന്നു. നായകസ്ഥാനം വഹിക്കാൻ അവർ ആഗ്രഹിക്കുന്നില്ല.

സ്ട്രൈക്കെല്ലാം തുടങ്ങിക്കഴിയുമ്പോൾ ചിലർ സംശയിക്കും, ഇതിൽനിന്നും വല്ലതും നേടിയിരിക്കുകയാണോ, അതോ നഷ്ടപ്പെട്ടിരിക്കുകയാണോ എന്നു്.

ഇങ്ങനെ വിവിധതരം വിദ്യാർത്ഥികളിൽ ഉണ്ടാകുമ്പോൾ അവരുടെ ഐകമത്യം നഷ്ടപ്പെടുന്നു. അവരിൽ ഉള്ള സംഘടന നശിക്കുന്നു. ഒരുറച്ച സംഘടനയിൽ നിന്നുമാണു് ഇപ്രകാരം വഴതിപ്പോയതെന്നു് പിന്നീടു് അവർക്കു മനസ്സിലാകും.

എല്ലാവിദ്യാർത്ഥികളും ഒരുപോലെയാണു ചിന്തിക്കുന്നതെന്നോ, അല്ലെങ്കിൽ ആരും ഒന്നും ചിന്തിക്കുന്നില്ലെന്നോ ഒരുത്തരും കരുതേണ്ടതില്ല. എല്ലാം വിദ്യാർത്ഥികളുടേയും പ്രധാനപ്പെട്ടലക്ഷ്യം ഒന്നുതന്നെയാണു്. ഉറച്ച വിദ്യാഭ്യാസവും തകവില്ലാത്ത രാഷ്ട്രീയസ്വാതന്ത്ര്യവും.

വിദ്യാർത്ഥികൾ, അവശരായ തൊഴിലാളികളോടു് അനുകമ്പകാണിക്കുന്നതും, അവർക്കുവേണ്ടി ത്യാഗം സഹിക്കാൻ സന്നദ്ധരാവുന്നതും ആശാസ്യമായ കാര്യമാണു്. അതിലേക്കു് ഉചിതമായ വഴികൾ ഉണ്ടു്.

തപാൽതൊഴിലാളികളുടെ കാര്യംതന്നെ എടുക്കുക. തൊഴിലാളികൾ പണിമുടക്കിയപ്പോൾ അവരോടുള്ള അനുഭാവംകൊണ്ടു് വിദ്യാലയങ്ങളിൽ കയറാൻ വിസമ്മതിച്ചു്, വരിവരിയായി തെരുവിൽക്കൂടി മുദ്രാവാക്യങ്ങളും വിളിച്ചുപറഞ്ഞുകൊണ്ടു് പോയ ആ വിദ്യാർത്ഥിജാഥ അവരെ എത്രകണ്ടു സന്തോഷിപ്പിച്ചിരിക്കണം! എന്നാൽ ഇങ്ങിനെയുള്ള ആർഭാടനങ്ങൾക്കുപകരം ഇതിനേക്കാൾ ഉപകാരപ്രദവും സേവനസന്നദ്ധതയെ ഉണ്ടാക്കുന്നതും ആയ സജീവമായ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണു്. വിദ്യാർത്ഥികൾ കൂട്ടംകൂട്ടമായി ഇറങ്ങി നല്ല ഫണ്ടുകൾ ശേഖരിച്ചു് അവർക്കു സംഭാവനചെയ്യാം. അതു പണിമുടക്കുകാർക്കു് തക്കസമയത്തുപകരിക്കുന്നു. ഒരു നല്ല സംഘടന രൂപവൽക്കരിച്ചു് തപാൽതൊഴിലാളികളുടെ നിലവിലിരിക്കുന്ന ജീവിതഗതികളെ കുറിച്ചു പഠിക്കുന്നതിനും, അതിനെ പൊതുജനദൃഷ്ടിയിൽ കൊണ്ടുവന്നു് അങ്ങിനെ അവരുടെ അവശതകളെ പരിഹരിക്കുന്നതിനും വിദ്യാർത്ഥികൾക്കു കഴിയും.

യുവാക്കന്മാർ ക്ഷമയില്ലാത്തവരും ധൃതഗതിക്കാരുമാണു്. അതുകൊണ്ടു് അവർക്കു് പ്രായം കൂടിയവരുടെ ഉപദേശം അത്യാവശ്യമാണു്. യുവത്വത്തിന്റെ അദൃഷ്യമായ പ്രവർത്തനവും, ഏതിലും പരിതഃസ്ഥിതികളെ വിഗണിച്ചുള്ള പെരുമാററവും അവരെ അപകടത്തിലേക്കു നയിച്ചേക്കാനിടയുണ്ടു്. എന്നാലും അവർ സംസ്കാരഹീനരല്ല. എന്താണു ചെയ്യേണ്ടതെന്നും, എങ്ങിനെ വേണമെന്നും അറിയുന്നതിനുള്ള പ്രാപ്തി അവർക്കുണ്ടു്.

വിദ്യാർത്ഥികൾ എപ്പോഴും പരിതഃസ്ഥിതികളെ നല്ലവണ്ണം മനസ്സിലാക്കുകയും, വിവിധരീതിയിലുള്ള ജോലികൾ പഠിക്കാൻ ശ്രമിക്കുകയും ചെയ്യുക. കുറച്ചുപേർ മാത്രമേ ഇതിനുവേണ്ടി പുറപ്പെടുകയുള്ളു എന്നു് എനിക്കറിയാം. എന്തെന്നാൽ അതു് വളരെ ക്ലേശകരമാണു്. അവർ പറയുന്നു. ഞങ്ങൾ ഗ്രാമപ്രദേശങ്ങളിൽ പോയി ജോലിചെയ്യാമല്ലോ. പക്ഷേ അതിനു പററിയ സംഘടന വേണം എന്നു്. അങ്ങിനെ ഒരു സംഘടനയില്ലെങ്കിൽ ഒന്നുണ്ടാക്കേണ്ടതു് നിങ്ങളുടെ ചുമതലയാണു്. ഒരുപക്ഷേ പലപ്പോഴും നിങ്ങൾക്കു പരാജയം സംഭവിച്ചേക്കാം. എന്നാലും ശരിയായി പ്രവർത്തിക്കുന്നതിനുള്ള സമയം തീർച്ചയായും വന്നുചേരാതിരിക്കുകയില്ല.

പി. രാഘവൻനായർ കൈപ്പള്ളിൽ

---

* ആഗസ്ററു് ഒൻപതിനു കാൽച്ചുമുൻപു മഹാത്മാ ഗാന്ധി എഴുതിയ ഇംഗ്ലീഷ് ലേഖനത്തിൽനിന്നു്.

സരസ്വതി!

അന്നു ഞാൻ ഏഴാംക്ലാസ്സിൽ പഠിക്കുകയായിരുന്നു. എന്റെ അണ്ണനും ഗോപിച്ചേട്ടനും ചെറുപ്പത്തിലെതന്നെ സ്നേഹിതന്മാരായിരുന്നു. പബ്ലിക്കപരീക്ഷയ്ക്കു മൂന്നുമാസം മുൻപ് അദ്ദേഹത്തെ എന്റെ ററ്യൂഷൻ മാസ്റ്ററായി അണ്ണൻ നിയമിച്ചു. അടുത്തൊരുവീട്ടിൽ അദ്ദേഹം രാത്രിയിൽ പഠിപ്പിക്കുന്നുണ്ടായിരുന്നു. അന്നു ഞാൻ സാധാരണയായി അവിടെ പോയിരുന്നു. പിന്നീടു കുറേദിവസം കഴിഞ്ഞ് വീട്ടിൽത്തന്നെ വന്നു തുടങ്ങി. ഒരുദിവസം ഞാൻ രാത്രിയിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഉറക്കം തൂങ്ങിപ്പോയി. അപ്പോൾ ഗോപിച്ചേട്ടൻ എന്റെ ചെവിക്കുപിടിച്ച് ഒന്നു തിരിച്ചു. ഞാൻ ഞെട്ടിയുണർന്നു നോക്കിയപ്പോൾ അദ്ദേഹം പുഞ്ചിരിക്കൊള്ളുന്നതായി കണ്ടു. അന്ന് ആദ്യമായിട്ടാണ് അദ്ദേഹത്തിന്റെ കരസ്പർശം ഉണ്ടാകുന്നത്. എന്റെ ശരീരം കോൾമയിർക്കൊണ്ടു. ഞാനറിയാതെതന്നെ എന്തോ ഒരു വികാരം എന്നിൽ പൊന്തിക്കയറിയതായി തോന്നി. അന്നത്തെ രോമാഞ്ചം ഇപ്പോൾ ഇതു പറയുമ്പോഴും എന്റെ ശരീരത്തിൽ ഉണ്ടാകുന്നു.

അദ്ദേഹത്തിന്റെ മുഖത്തെ ഗൗരവവും വാക്കുകളും, ആ നോട്ടവും എനിക്ക് അത്ഭുതാവഹമായിരുന്നു. എന്റെ ഭാവിയെ അദ്ദേഹവുമായി കൂട്ടിയിണക്കി ഞാൻ മനോരാജ്യക്കോട്ട നിർമ്മിച്ചിരുന്നു. ആനന്ദസാഗരത്തിൽ തുള്ളിക്കളിക്കത്തക്ക വിധത്തിലുള്ള സ്വപ്നങ്ങൾ ഞാൻ കണ്ടിരുന്നു. അദ്ദേഹത്തിന്റെ മനസ്സറിയാൻ ഞാൻ വളരെ ശ്രമിച്ചു. ഭാവംകൊണ്ടോ സംഭാഷണംകൊണ്ടോ യാതൊരനുകൂലഭാവവും അന്ന് അദ്ദേഹം പ്രകടിപ്പിച്ചിട്ടില്ല. എനിക്ക് ഉൽക്കണ്ഠയും നിരാശയും വളർന്നു. ഒരുദിവസം രാത്രിപഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ വിളക്കിനടുത്ത് ഒരു പാററാ വന്നുവീണു. അതു ഗോപിച്ചേട്ടന്റെ ദേഹത്തു ചാടിക്കയറി. അദ്ദേഹം അതിനെ എടുത്ത് എന്റെ ദേഹത്തേക്കെറിഞ്ഞു. അത് എന്റെ ബ്ലൗസിനുള്ളിൽ കയറി. ഞാൻ വല്ലാതെ കുഴങ്ങി. ഒരു വിധത്തിൽ ഞാൻ അതിനെ എടുത്തുകളഞ്ഞു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്ക് ഒന്നു നോക്കി. ഉടനേ 'പാററാവലിയ കുസൃതിക്കാരനാണ്' എന്നദ്ദേഹം പറഞ്ഞു. ഈ സംഭവം എന്റെ മനോവിചാരത്തെ ദൃഢീകരിച്ചു. പഠിത്തം കഴിഞ്ഞ് അത്താഴം കൊണ്ടുചെന്നു കൊടുക്കുന്നതു ഞാൻതന്നെയായിരുന്നു. അപ്പോഴെല്ലാം ഈ പ്രകാരം എന്നും കൊടുക്കുവാനുള്ള ഒരു അവകാശം എനിക്കു ലഭിക്കണേ എന്നു ഞാൻ ഈശ്വരനോടപേക്ഷിക്കുമായിരുന്നു.

എന്തിനധികം പറയുന്നു. ആ വർഷം ഞാൻ പരീക്ഷയിൽ തോററു. മനുഷ്യർ പല അപവാദങ്ങളും പറഞ്ഞുതുടങ്ങി.

"ഒരു നല്ല പയ്യനായിരുന്നു. അവിടെ പോയി അവനും വഷളായി. അവിടെ പഠിക്കാനോ പഠിപ്പിക്കാനോ സമയമുണ്ടോ? പിന്നെങ്ങിനെയാണ് പരീക്ഷയിൽ ജയിക്കുന്നതു്" എന്നെല്ലാം. അടുത്ത വർഷവും അണ്ണൻ അദ്ദേഹത്തെ ക്ഷണിച്ചു. പക്ഷെ സ്നേഹപൂർവം ചേട്ടൻ അതു നിരസിച്ചു; അപവാദഭയംകൊണ്ടോ എന്തോ?. എന്റെ കൂട്ടുകാരികളെല്ലാം എന്നെ ഗോപി എന്നാണ് ആയിടയ്ക്കു വിളിച്ചിരുന്നതു്.

ഗോപിച്ചേട്ടൻ പട്ടാളത്തിൽ പോയതിൽ പിന്നീടു് അണ്ണനു മുറയ്ക്കു് എഴുത്തുകൾ വരും. ഉടനേ ഞങ്ങളെ എല്ലാവരേയും വായിച്ചുകേൾപ്പിക്കും. ഞാൻ വളരെ പണിപ്പെട്ടു് മേശയിൽ നിന്നും ഒരെഴുത്തു കൈക്കലാക്കി മേൽവിലാസം കുറിച്ചെടുത്ത് ഒരെഴുത്തയച്ചു. അന്നു ഞാൻ എട്ടാംക്ലാസിൽ പഠിക്കുകയായിരുന്നു, ആ എഴുത്തിനു് ഒരു മറുപടിവന്നു. ആയിടയ്ക്കു് പെൺകുട്ടികൾക്കു് സ്കൂളിൽ വല്ല എഴുത്തും വന്നാൽ ഹെഡ് മാസ്റ്റർ പൊട്ടിച്ചു വായിച്ചതിന്റെ ശേഷമേ കൊടുക്കാറായിരുന്നുള്ളു. അതുപോലെ ഈ എഴുത്തും അദ്ദേഹം പൊട്ടിച്ചു വായിച്ചതിന്റെ ശേഷം എന്നെവിളിച്ച് ആരെങ്കിലും വിദേശത്തു് ഉണ്ടോ എന്നു ചോദിച്ചു. ഉണ്ട് എന്നു ഞാൻ മറുപടിപറഞ്ഞു. അദ്ദേഹത്തിന്റെ കയ്യിൽ ഇതുതന്നെ എഴുതിവെച്ച

ചെറുകഥ.

# 'പാററയുടെ കുസൃതി'

കോഴഞ്ചേരി, കെ. എൻ. സരോജിനിയമ്മ. ബി. എസ്സ്.സി.

മേൽവിലാസത്തിന്റെ കയ്യക്ഷരം കണ്ടപ്പോൾത്തന്നെ എഴുത്താരുടേതാണെന്ന് എനിക്കു മനസ്സിലായി. ഈ എഴുത്താരുടേതാണെന്ന് അദ്ദേഹം ചോദിച്ചപ്പോൾ ഞാൻ പരിഭ്രമിച്ചു. എങ്കിലും സഹോദരന്റേതാണെന്ന് ഞാൻ സധൈര്യം മറുപടിപറഞ്ഞു. പേരുകൂടിപറഞ്ഞപ്പോൾ അദ്ദേഹം വിശ്വസിച്ച് എഴുത്തുതന്നു. അവിടെനിന്നും വെളിയിൽ ഇറങ്ങിനിന്ന് ഞാൻ എഴുത്തുവായിച്ചു. എനിക്കപ്പോൾ സമാധാനമായി. ഹെഡ് മാസ്റ്റർ എന്നല്ല ആരു വായിച്ചാലും ഒരു കുഴപ്പവുമില്ലാത്ത എഴുത്ത്. സഹോദരി എന്നാണ് സംബോധനചെയ്തിരിക്കുന്നതും. എങ്കിലും എനിക്കു നിരാശവർദ്ധിച്ചു. ആശാജനകമായ ഒരു വാക്കെങ്കിലും എഴുതിയിട്ടില്ല. അതിൽപിന്നീട് രണ്ടുവർഷമായി. ഇപ്പോഴും എഴുത്തുകൾ വരുന്നുണ്ട്.

സരസ്വതി:—എന്നേക്കു വരുമെന്ന് എഴുതിയിട്ടുണ്ടോ?

ഉടനേ കമല ഗോപിയുടെ ഒടുവിലത്തെ എഴുത്തെടുത്തുകൊണ്ടുവന്ന് രണ്ടാഴ്ചയ്ക്കകം വരുമെന്നാണ് എഴുത്ത് എന്നു പറഞ്ഞു.

സ:—അപ്പോൾ ഇവിടെയും വരുമല്ലോ.

കമല:—തീർച്ചയായും.

സ:—ഉടനേ കാര്യങ്ങൾ നീ ചോദിക്കണം.

കമല:—ഞാൻ എങ്ങിനെയാണ് ചോദിക്കുന്നത്.

സ:—അങ്ങിനെ നാണം വിചാരിച്ചാൽ ഗോപിപ്പിള്ള കാര്യം എങ്ങിനെ അറിയും.

കമല:—ചേട്ടനു കാര്യം എല്ലാം അറിയാം.—ഒന്നും വെളിയിൽ കാട്ടുകയില്ല. ഏതായാലും വന്നുചേരട്ടെ.

ഇപ്പോൾ കമലം ട്രയിനിംഗിനു പഠിച്ചുകൊണ്ടിരിക്കയാണ്. സ്കൂളിൽ പോകുന്നതു് ഗോപിയുടെ വീട്ടിനടുത്തുകൂടിയാണ്. ഒരുദിവസം രാവിലെ പോകുന്നവഴി ഗോപി വന്നിട്ടുണ്ടെന്നു ആരോ പറഞ്ഞറിഞ്ഞു. വഴിയിലെങ്ങാനും അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ ഒന്നു കാണാമായിരുന്നു എന്നവൾ വിചാരിച്ചു. അന്നു സ്കൂളിൽചെന്നതിന്റെ ശേഷം എന്തോ കാരണം പറഞ്ഞു അവൾ അവധിവാങ്ങി വീട്ടിലേക്കു തിരിച്ചു. ഗോപിയുടെ വീട്ടിൽ ഒന്നു കയറാമെന്നു വിചാരിച്ചു. പക്ഷെ അപവാദശങ്ക അവളെ അനുവദിച്ചില്ല. ഗോപിച്ചേട്ടൻ വീട്ടിലോട്ടു വരാതിരിക്കയില്ല എന്നവൾ ധൈര്യപ്പെട്ടു. അവൾ വീട്ടിലെത്തി പുസ്തകം വയ്ക്കാനായി മുറിയിലേക്കു പ്രവേശിച്ചതും ഗോപി ഒരു കസേരയിൽ കിടക്കുന്നതു കണ്ടതും ഒരുമിച്ചായിരുന്നു. അവൾ ദീർഘകാലമായി മനസ്സിൽവച്ചാരാധിച്ചിരുന്ന പുരുഷനെ മുൻപിൽ കണ്ടമാത്രയിൽ പെട്ടെന്നു അവിടെത്തന്നെ നിന്നുപോയി. അവളുടെ മനസ്സിൽ ഓരോ വിചാരങ്ങൾ തുള്ളിക്കളിച്ചു. അതെല്ലാം അടക്കിക്കൊണ്ടു ചേട്ടൻ എപ്പോഴാവന്നതു് എന്നു ചോദിച്ചു.

ഗോപി—ഇന്നലെയാണ വന്നതു്.

കമല—ബാക്കിയുള്ളവരോടു വല്ല സ്നേഹവും ഉണ്ടോ? ഇന്നലെ വന്നിട്ടു് ഇപ്പോഴല്ലേ ഇങ്ങോട്ടുവന്നതു്. വഴി പിശകി വന്നതായിരിക്കാം.

ഗോപി—ഇവിടെനിന്നും പോയിട്ടു് കുറേനാളായില്ലേ. വഴി നല്ല നിശ്ചയമില്ല. (ഗോപി ചിരിച്ചു)

കമല—പറയാൻ നല്ല വിരുതം. എനിക്കറിയാം.

ഗോപി—എന്താണ് മനുഷ്യരൊക്കെ എന്തൊക്കെയോ പറയുന്നു എന്നെല്ലാം നീ എഴുതിയിരുന്നതു്.

കമല—ഞാനിതെല്ലാം കേൾക്കേണ്ടവളാണ്. ചേട്ടനുവല്ലതും അറിയണോ. നേരത്തേ സ്ഥലം വിട്ടില്ലേ. എനിക്കു വെളിയിലോട്ടിറങ്ങണ്ടാ.

ഗോപി—അതിനു ഞാനെന്തുചെയ്യു.

കമല:—ചെയ്തിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. എന്തെങ്കിലും പറഞ്ഞു കൊള്ളട്ടെ എന്നുവയ്ക്കാമായിരുന്നു.

"എന്താണുചെയ്യേണ്ടതു് പറയൂ". ഗോപി ചിരിച്ചുകൊണ്ടു ചോദിച്ചു;

കമല:—ചേട്ടൻ ഒരുപച്ചക്കള്ളനേപ്പോലെയാണ് സംസാരിക്കുന്നതു്. 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ' എന്ന സമ്പ്രദായമാണ്.

അപ്പോഴേയ്ക്കും കൃഷ്ണപിള്ള—അതാണ് അവളുടെ അണ്ണന്റെ പേരു്—വന്നുകയറി. കമല പെട്ടെന്ന് അന്തർദ്ധാനം ചെയ്തു. പിള്ള ഗോപിയുമായി കുശലപ്രശ്നങ്ങൾ ആരംഭിച്ചു. കമല രണ്ടുപാത്രത്തിൽ കാപ്പിയുമായി വന്നു. കാപ്പികുടിയും മററും കഴിഞ്ഞ് ഗോപി പോകാനായി ഇറങ്ങി. ഇന്ന് ഇവിടെത്താമസിക്കാമെന്നു പിള്ള പറഞ്ഞതു് ഗോപി അനുസരിച്ചു. രണ്ടുപേരുംകൂടി കുളക്കടവിലേക്കുപോയി.

ഗോപി പട്ടാളത്തിൽ പോകുന്നതിനുമുൻപുതന്നെ ചില കിംവദന്തികൾ പിള്ളയും കേട്ടിട്ടുണ്ട്. എന്നാൽ ഗോപിയോടുള്ള ആത്മാർത്ഥസ്നേഹംമൂലം അയാൾ അതൊന്നും വിശ്വസിച്ചിട്ടില്ല. അവർ നടന്നുപോകുന്ന വഴിയരികിലുള്ള ഒരു വീട്ടിൽ ഒരു സ്ത്രീ മററൊരാളോടു "അളിയന്മാരുരണ്ടുപേരുംകൂടി പോകുന്നതുകണ്ടോ" എന്നു ചോദിക്കുന്നതു് രണ്ടുപേരും കേൾക്കാനിടയായി. അവിടെ ഒരു നിശ്ശബ്ദത വ്യാപിച്ചു. രണ്ടുപേരും ഇതുകേട്ടതായി അന്യോന്യം നടിച്ചില്ല. ഒരു വിജനസ്ഥലത്തു ചെന്നിരുന്ന് കൃഷ്ണപിള്ള സംഭാഷണം ആരംഭിച്ചു.

"ഞാൻ സ്നേഹരൂപത്തിൽ ഒരുകാര്യം പറയാൻ പോകുകയാണ്. നമുക്ക് അന്യോന്യം പറയാൻ പാടില്ലാത്ത ഒരു കാര്യവും ഇല്ലല്ലോ. ആ സ്ത്രീ പറഞ്ഞതു കേട്ടോ. ഞാൻ ഇതു കേൾക്കാൻ തുടങ്ങിയിട്ട് കാലം കുറേയായി. എന്നാൽ അതു് യഥാർത്ഥമായി കേൾക്കുന്നതിൽ എനിക്കു സന്തോഷമാണുള്ളതു്. ഞങ്ങൾക്കെല്ലാം ആ ഉദ്ദേശവും ആഗ്രഹവും ഉണ്ട്. നിന്റെ അഭിപ്രായം ഒരു കൂസലും കൂടാതെ തുറന്നുപറയൂ.' ഗോപി ഒന്നു ഞെട്ടി.

ഗോപി:—ചേട്ടനെന്താണ് ആലോചിക്കാതെ സംസാരിക്കുന്നതു്. പട്ടാളത്തിൽ പോയിരിക്കുന്ന എനിക്ക് ഇപ്പോൾ വിവാഹത്തിന്റെ സമയമാണോ. ഞാൻ തിരിച്ചുവരുമോ എന്നുതന്നെ ആർക്കറിയാം:

പിള്ള—അങ്ങനെ പറയാതിരിക്കൂ. നിനക്ക് ഒരുവിഷമവുംകൂടാതെ തിരിച്ചുപോരാമെന്നു ധൈര്യപ്പെടുക. നമ്മുടെ സ്നേഹബന്ധത്തെ ഒന്നുകൂടി ദൃഢീകരിക്കാമല്ലോ എന്നുകരുതി ഞാൻ പറയുകയാണ്.

ഗോപി:—അതുശരി. പക്ഷെ എന്റെ കാര്യം നിശ്ചയിക്കാനുക്കതാരാണോ?

പിള്ള:—നീ വന്നതിനുശേഷംമതി. അതുവരെ ഞങ്ങൾ കാത്തുനിന്നുകൊള്ളാം.


ഗോപി:—അതുകഷ്ടമാണ്. കുറേനാൾ കാത്തുനിന്നിട്ട് സംഗതി മാറുവിധത്തിൽ കലാശിച്ചാൽ അപ്പോൾ ഇരട്ടി സങ്കടത്തിനല്ലേ അവകാശം. അതിനാൽ അതിൽ നിന്നും പിൻതിരിയുകയാണു നല്ലതു്. അവൾക്കു വിവാഹത്തിനു സമയമായി. നമുക്ക് അവൾക്കനുരൂപനായ ഒരു വരനെ അന്വേഷിച്ച് ഉടൻതന്നെ ആ കാര്യം നടത്തണം.

പിള്ള:—അവൾ പരീക്ഷയിൽ ജയിച്ചിട്ടേ ഏതായാലും ആ കാര്യം ആലോചിക്കുന്നുള്ളു.

ഗോപിയുടെ യുക്തിയുക്തമായ വാദങ്ങൾകേട്ട് വേണ്ടാ എന്നുതന്നെ പിള്ളയും സങ്കടസമേതം ഒടുവിൽ സമ്മതിച്ചു.

കുളിയുംകഴിഞ്ഞു മടങ്ങിവന്ന് ഗോപി ചില പുസ്തകങ്ങൾ നോക്കിക്കൊണ്ടിരുന്നു. പിള്ള അമ്മയോട്, ഗോപിയുമായി നടന്ന സംഭാഷണം ധരിപ്പിച്ചു. എല്ലാവരും അത്യാശയോടുകൂടി ഇരുന്ന സംഗതി സാധ്യമല്ലല്ലോ എന്നോർത്തു പശ്ചാത്തപിച്ചു. കമലയും വിവരം അറിഞ്ഞു വല്ലാതെ സ

(ശേഷം പന്ത്രണ്ടാംപേജിൽ)



# * മുസ്തഫാ കെമാൽ പാഷാ

## —ആധുനിക ടർക്കിയുടെ ജനയിതാവു്—

(വിദ്വാൻ, ചെന്നിത്തല കെ. കൃഷ്ണയ്യർ)

മുസ്തഫാ ക്രി. പി. 1881-ാം വർഷം മാസിഡോണിയായിലുള്ള സലോനികായിൽ ജാതനായി. അദ്ദേഹത്തിന്റെ മാതാപിതാക്കൾ നിർദ്ധനരെങ്കിലും പരിശ്രമശീലരും ദേശാഭിമാനികളും മതഭക്തിപ്രിയരും ആയിരുന്നു. തങ്ങളുടെ പുത്രൻ ഇത്രമാത്രം കീർത്തിമാനും പ്രതാപശാലിയും ആയിത്തീരുമെന്നു മാതാപിതാക്കൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. മുസ്തഫായുടെ ബാല്യത്തിൽതന്നെ അദ്ദേഹത്തിന്റെ പിതാവു കാലധർമ്മം പ്രാപിച്ചു. തന്മൂലം അദ്ദേഹത്തിനു ശരിയായ വിദ്യാഭ്യാസം സിദ്ധിക്കുന്നതിനിടയായില്ല. കുറെക്കാലം അദ്ദേഹം അനിയന്ത്രിതനായും അലസനായും അലഞ്ഞുനടന്നു. ഒടുവിൽ ഒന്നുരണ്ടു വിദ്യാലയങ്ങളിൽ പഠിച്ചശേഷം സൈനികകലാശാലയിൽ ചേരുകയും, ശീഘ്രത്തിൽ സമരതന്ത്രനിപുണനും ബലിഷ്ഠനും ആയ ഒരു യോദ്ധാവായിത്തീരുകയും ചെയ്തു. തുല്യനാമധാരിയായ വേറൊരു വ്യക്തിയിൽനിന്നു വ്യാവർത്തിച്ചു് അറിയുന്നതിനുവേണ്ടി കെമാൽ എന്ന പേരു് അദ്ദേഹത്തിനു ലഭിച്ചതു് അവിടെ വെച്ചായിരുന്നു.

അക്കാലത്തു ടർക്കിയുടെ നില ഏററവും ശോചനീയമായിരുന്നു. ദാരിദ്ര്യവും അഴിമതികളും ദുർഭരണവും മൂലം പ്രജകൾ നരകയാതന അനുഭവിച്ചുവന്നു. ബാൾക്കൻ സ്റ്റേററുകളും [illegible]വരെ നീണ്ടുകിടന്നതും ടർക്കിയുടെ അധികാരപരിധിയിൽ ഉൾപ്പെട്ടിരുന്നതും ആയ ഓട്ടോമൻസാമ്രാജ്യം ഛിന്നഭിന്നമായിരുന്നു മാത്രമല്ല, ഇതരശക്തികളുടെ ആക്രമണത്തിനു പാത്രമായിത്തീരുകയുംചെയ്തു. അനേകം രാജ്യങ്ങൾ സ്വതന്ത്രങ്ങളായി ഭവിച്ചു. തൽഫലമായി 1912 ൽ യുദ്ധം തുടങ്ങി. കെമാലിനു ഇതൊരു സുവർണ്ണാവസരമായിരുന്നു. അദ്ദേഹത്തിന്റെ അന്യാദൃശമായ സമരതന്ത്രകൗശലം അപ്പോൾ പ്രകാശിപ്പിച്ചു. അദ്ദേഹത്തെ ടർക്കി ഗവർമ്മെന്റു പാഷാ (സേനാനായകൻ) ആക്കി. പക്ഷെ, യുദ്ധം വേഗത്തിൽ അവസാനിച്ചതിനാൽ തത്സംബന്ധമായി നമ്മുടെ കഥാപുരുഷനു യാതൊന്നും പ്രവർത്തിക്കുവാൻ സൗകര്യം ലഭിച്ചില്ല. അന്നുമുതൽ അദ്ദേഹം രാഷ്ട്രീയരംഗത്തു പ്രത്യക്ഷീഭവിക്കുകയും, ടർക്കിയുടെ ഭരണരീതിയിൽ അതൃപ്തരായ യുവാക്കളുടെ സംഘത്തിൽചേർന്നു സജീവമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

1914-ൽ ലോകമഹായുദ്ധം തുടങ്ങിയപ്പോൾ ടർക്കിഗവർമ്മെന്റിനു് ഊർജ്ജസ്വലനായ ഒരു സേനാനി എന്ന നിലയിൽ കെമാലിന്റെ സേവനങ്ങൾ അനുപേക്ഷണീയങ്ങളായിത്തീർന്നു. [illegible]ങ്ങളായ പല ഉൽകൃഷ്ടസ്ഥാനങ്ങളും ആ ഗവർമ്മെന്റു് അദ്ദേഹത്തിനു നൽകി.

സമരാനന്തരം എല്ലാ രാജ്യത്തും ചില പരിവർത്തനങ്ങൾ സംഭവിക്കുക സാധാരണമാണല്ലോ. ടർക്കിയും ഈ പരിവർത്തനങ്ങൾക്കു വിധേയമാകാതിരുന്നില്ല. ജനങ്ങളുടെ ഇടയിൽ അസംതൃപ്തിയും അനൈക്യവും നടമാടി. ശാന്തിയും സമാധാനവും കൈവരാൻ അവർ സർവ്വാത്മനാ ആഗ്രഹിച്ചു. മേൽ യുദ്ധം ഉണ്ടാകാതിരിക്കുന്നപക്ഷം തങ്ങളുടെ രാജ്യത്തിൽ ഒരു വലിയഭാഗം നൽകുന്നതിനുകൂടിയും അവർക്കു വിസമ്മതം ഉണ്ടായിരുന്നില്ല. എന്നാൽ, കെമാലിന്റെ അഭിപ്രായഗതി ഇതിൽനിന്നു തുലോം ഭിന്നമായിരുന്നു. ടർക്കിക്കു പരാജയം പററിയതായി അദ്ദേഹം വിചാരിച്ചില്ല; യൂറോപ്പിലെ ഒരു മഹാശക്തിയായിട്ടാണു അദ്ദേഹം ടർക്കിയെ പരിഗണിച്ചതു്. യുദ്ധാനന്തരം സൈന്യത്തെ പിരിച്ചുവിടാൻ ഒരു പർവ്വതപ്രദേശത്തു മുസ്തഫാ നിയുക്തനായപ്പോൾ അതിനു നേരെ വിപരീതമായിരുന്നു അദ്ദേഹം പ്രവർത്തിച്ചതു്. സംഘടനയുടേയും സഹകരണശീലത്തിന്റേയും ആവശ്യകതയെപ്പററി അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു അവരെ വീണ്ടും സമരോന്മുഖരാക്കാൻ യത്നിച്ചു. വേഗത്തിൽ ആ പ്രദേശത്തുള്ള സേനകളെ പുനസ്സംഘടിപ്പിക്കുകയും, അവരുടെ ഹൃദയത്തിൽ ധൈര്യവും ആവേശവും ഉജ്ജ്വലിപ്പിക്കുകയും ചെയ്തു.

ഏതൽകാലംമുതൽ മുസ്തഫാ കെമാലിന്റെ ശക്തി അതിന്റെ അത്യുന്നതശൃംഗത്തിലെത്തി. അങ്ഗോറയിൽ തന്റെ അദ്ധ്യക്ഷതയിൽ ഗ്രാൻഡ് നാഷണൽകൗൺസിൽ അദ്ദേഹം സ്ഥാപിച്ചു. കാൺസ്റ്റാന്റിനോപ്പിളിലെ ഗവർമ്മെന്റുമായി ഒരു വലിയ സംഘട്ടനം നടത്തിയതിന്റെ ഫലമായി പ്രസ്തുതകൗൺസിൽ ടർക്കിയിലെ ഭരണകൂടമായി അംഗീകരിക്കപ്പെട്ടു. 'ടർക്കി ടർക്കിയിലെ ജനതയ്ക്കു്' എന്നുള്ളതായിരുന്നു ആ മഹാന്റെ മുദ്രാവാക്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വികടങ്ങളായ അനേകം പ്രയാസങ്ങളും പ്രതിബന്ധങ്ങളും അദ്ദേഹത്തിനു തരണം ചെയ്യേണ്ടിയിരുന്നു. ഭയാനകമായ പ്രക്ഷോഭണവും സംഘട്ടനവും ആൾനാശവും ഉണ്ടായി. ധീരോദാത്തനായ ആ ജനനേതാവുമായി മല്ലിടാൻ കെല്പില്ലാതെ വർഷീയാനും ക്ഷീണകായനുമായ സുൽത്താൻ ടർക്കിവിട്ടു പോകുകയാണു ചെയ്തതു്. ഒടുവിൽ ചരിത്രപ്രഖ്യാതമായ ലാസാനിലെ സന്ധിവ്യവസ്ഥയനുസരിച്ചു കെമാലിന്റെ അഭിലാഷങ്ങളെല്ലാം സാധിതപ്രായങ്ങളായി. വളരെക്കാലമായി ടർക്കിയെ ആമൂലാഗ്രം ഗ്രസിച്ചിരുന്ന ദാരുണമായ സാമ്രാജ്യദുഷ്പ്രഭുത്വത്തിൽനിന്നു് അവർ വിമുക്തരായിത്തീർന്നു. പാഷായുടെ യശഃപരിമളം ലോകത്തിൽ സർവ്വത്ര പ്രസരിച്ചു, പല രാജ്യക്കാരും അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിക്കുകയും, ടർക്കിയുടെ സഖ്യം ആഗ്രഹിക്കുകയും ചെയ്തു. പക്ഷേ, കെമാലിന്റെ ലക്ഷ്യം ഇതൊന്നും ആയിരുന്നില്ല. ടർക്കിയെ വീണ്ടും സ്വതന്ത്രവും പ്രബലവും ആയ ഒരു സാമ്രാജ്യമാക്കിത്തീർക്കുകയാണു തന്റെ പ്രഥമവും പ്രധാനവും ആയ കൃത്യമെന്നു് അദ്ദേഹം വിശ്വസിച്ചു. പ്രസ്തുതോദ്ദേശസിദ്ധിക്കായി തന്റെ സകല ശക്തികളും ആ ധീരാഗ്രണി വിനിയോഗിച്ചു.

പൊതുജനങ്ങൾ പാഷായെ തങ്ങളുടെ സ്വാതന്ത്ര്യദാതാവും രക്ഷിതാവും ആയി കരുതി. എന്നാൽ, വളരെ ആളുകൾ അദ്ദേഹത്തിന്റെ പുതിയ പ്രസ്ഥാനത്തോടു യോജിച്ചില്ലെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ അഭ്യുദയത്തിൽ അസൂയാലുക്കളായി ഭവിക്കുകയും ചെയ്തു. വിപ്ലവകാരികളായ ആ ക്ഷുദ്രവൈരികളെ വിദ്രാവണം ചെയ്യാൻ കെമാൽപാഷായുടെ വ്യക്തിപ്രഭാവം നിതരാം ശക്തമായിരുന്നു. അദ്ദേഹം അചിരേണ സർവ്വ അധൃഷ്യനും അജയ്യനും ആയ ഒരു നേതാവായി പ്രശോഭിച്ചു.

ടർക്കിയിലെ അന്നത്തെ ജനങ്ങൾ പഴയ ആചാരങ്ങളേയും നടവടികളേയും അവ്യഭിചാരേണ അനുവർത്തിച്ചുവന്നു. കെമാൽപാഷാ ഈ മനോഭാവത്തെ ശക്തിപൂർവ്വം എതിർത്തു. ടർക്കിയെ നാഗരികതയും അഭിനവസംസ്കാരവും ഉള്ള ഒരു രാഷ്ട്രമാക്കിത്തീർക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

ആദ്യമായി കെമാൽ ജനങ്ങളുടെ വസ്ത്രധാരണരീതിയിൽ ചില മാററങ്ങൾ വരുത്തി. മാമൂലനുസരിച്ചുള്ള അങ്കിയ്ക്കു പകരം കുപ്പായവും തൊപ്പിയും ധരിക്കുന്നതിനു് അദ്ദേഹം ജനങ്ങളോടു് ആവശ്യപ്പെട്ടു. രാജ്യത്തിലെ നിരർത്ഥകങ്ങളും അനർത്ഥകരങ്ങളും ആയ നിയമങ്ങൾ അദ്ദേഹം നിർത്തലാക്കുകയും തൽസ്ഥാനത്തു ആവശ്യാനുസരണം ജർമ്മനി, ഇററലി, ഇൻഡ്യ എന്നീ രാജ്യങ്ങളിലെ നിയമങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു. കെമാൽ തന്റെ സഹോദരിയുടെ സഹായത്തോടുകൂടി വനിതാസമാജങ്ങൾ സ്ഥാപിച്ചു. കാലവിളംബംവിനാ അനേകം സ്ത്രീകൾ ഉയന്ന ഉദ്യോഗങ്ങളിൽ നിയമിക്കപ്പെട്ടു.

അന്ധവിശ്വാസങ്ങളേയും ദുരാചാരങ്ങളേയും ദൂരീകരിക്കുന്നതിനുള്ള ഏകമാർഗ്ഗം വിദ്യാപ്രചരണമാണെന്നു കെമാൽ തീർച്ചപ്പെടുത്തി. ടർക്കിഷ് അക്ഷരമാല മിക്കവാറും ദുർഗ്രഹമായിരുന്നതിനാൽ തീരെ ചുരുക്കം ആളുകൾക്കു മാത്രമേ എഴുതാനും വായിക്കാനും കഴിഞ്ഞിരുന്നുള്ളു. അതിനാൽ, തന്റെ ചില ഉപദേഷ്ടാക്കളുടെ സഹായത്തോടുകൂടി കെമാൽ പുതിയ പഠനസാമഗ്രികൾ കണ്ടുപിടിച്ചു. ബ്ലാക്ക് ബോർഡു്, ചോക്കുപെട്ടി തുടങ്ങിയ ഉപകരണങ്ങളോടുകൂടി അദ്ദേഹം രാജ്യത്തിൽ സഞ്ചരിച്ചു ജനങ്ങൾക്കു വിദ്യാപ്രദാനം ചെയ്തുതുടങ്ങി. എല്ലാനഗരങ്ങളിലും ഗ്രാമങ്ങളിലും ഉള്ള ആളുകൾക്കു കെമാലിന്റെ ഈ നൂതനപദ്ധതി വളരെ ബോധിച്ചു. അദ്ദേഹം ബ്ലാക്ക് ബോർഡിൽ ഓരോന്നു് എഴുതിക്കാണിക്കുകയും, അനുയായികളോടു് അതിനെ അനുകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അനഭ്യസ്തവിദ്യരായ ആളുകൾക്കു വിദ്യാഭ്യാസത്തിനു സൗകര്യം ലഭിച്ചപ്പോളുണ്ടായ ആനന്ദം അനിർവാച്യമായിരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒന്നിച്ചു പഠിക്കുന്നതിനായി അനവധി പാഠശാലകൾ സ്ഥാപിക്കുകയും, അവരെ പഠിപ്പിക്കുന്നതിലേയ്ക്കായി അദ്ധ്യാപകന്മാരേയും അദ്ധ്യാപികമാരേയും നിയമിക്കുകയും ചെയ്തു. വിദ്യാലയങ്ങളിൽ പുതിയ ആശയങ്ങൾക്കും ആദർശങ്ങൾക്കും ആണു പ്രാമുഖ്യം നൽകിവന്നതു്. വിദ്യാസമ്പാദനത്തിൽ വൃദ്ധന്മാരും യുവാക്കളും ഒന്നുപോലെ ഔത്സുക്യവും ജാഗരൂകതയും പ്രദർശിപ്പിച്ചു.

പാർലമെന്ററിഗവർമ്മെന്റു സ്ഥാപിക്കുന്നതിനുള്ള കെമാലിന്റെ ശ്രമം പരാജയത്തിൽ കലാശിച്ചു. എന്തെന്നാൽ അതിനുള്ള അവസരം ആസന്നമായിരുന്നില്ല. ടർക്കിയിലെ അപ്പോഴത്തെ ഭരണകൂടം തീരെ ദുർബലമാണെന്നുള്ള ഒരു അഭിപ്രായം അദ്ദേഹത്തിന്റെ പ്രതിപക്ഷികൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചതിനാൽ പ്രക്ഷോഭണങ്ങളും ഛിദ്രങ്ങളും വർദ്ധിച്ചു. ആ അവസരത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി;—'ശരിയായ വഴി മനസ്സിലാകുന്നതുവരെ ഞാൻ കരഗ്രഹണംചെയ്തു് എന്റെ ആളുകൾക്കു മാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കും. പിന്നീടു് അവർ സ്വയം പ്രവർത്തിച്ചുകൊള്ളും. അപ്പോൾ എന്റെ ചുമതല അവസാനിക്കും.'

മുസ്തഫാകെമാൽപാഷാ ടർക്കിഷ് റിപ്പബ്ലിക്കിന്റെ സ്രഷ്ടാവും സംവിധായകനും അതിന്റെ ആദ്യത്തെ അദ്ധ്യക്ഷനും ആയിരുന്നു. ഏററവും താണനിലയിൽനിന്നു് ഉയന്ന അദ്ദേഹം 'ആധുനികടർക്കിയുടെ ജനയിതാവു്' എന്നമഹനീയനാമത്തിനു് അർഹനായിത്തീർന്നു. ലോകത്തിലെ ഭരണതന്ത്രമർമ്മജ്ഞന്മാരായ മഹാന്മാരുടെ കൂട്ടത്തിൽ മുസ്തഫായ്ക്കു് ഉന്നതവും ഉജ്ജ്വലവും ആയ ഒരു സ്ഥാനത്തിനു് അർഹതയുണ്ടു്. ടർക്കിയിലെ ജനതയ്ക്കു് അദ്ദേഹത്തെക്കുറിച്ചുള്ള നന്ദിയും സ്നേഹവും ബഹുമാനവും അസാമാന്യമാണു്. തൽഫലമായി അവർ അദ്ദേഹത്തിനു് 'അററാററർക്ക്' (ടർക്കുകളുടെ പിതാവു്), എന്ന സ്ഥാനം നൽകി. ടർക്കിയെ ലോകത്തിലെ ഒരു മഹാശക്തിയാക്കിത്തീർത്ത ആ മഹാപുരുഷനാകുന്നു. 1838-ൽ അദ്ദേഹത്തിന്റെ നിര്യാണം ടർക്കിക്കുമാത്രമല്ല, ലോകത്തിലെ എല്ലാപരിഷ്കൃതജനങ്ങൾക്കും ഒന്നുപോലെ അപരിഹാര്യമായ ഒരു നഷ്ടമായിത്തീർന്നു. പ്രതികൂലശക്തികളുടെ പ്രവാഹംമൂലം ഭഗ്നാശരാകാതെ സ്വരാഷ്ട്രത്തിന്റെ അഭ്യുന്നതിക്കുവേണ്ടി തീവ്രങ്ങളായ നിരവധിക്ലേശങ്ങൾ സഹിച്ച മഹാമനസ്കനായ കെമാൽപാഷായുടെ ജീവിതം ലോകത്തിനു പരമാദർശമായി പരിശോഭിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു് അവകാശമില്ലതന്നെ.

→:*:←

* ഇംഗ്ലീഷിൽനിന്നു്.

# മുട്ടയെ കേടുകൂടാതെ സൂക്ഷിക്കേണ്ട ചില മാർഗ്ഗങ്ങൾ

(എം. കെ. നാരായണപിള്ള കൃഷിഇൻസ്പെക്ടർ)

ആഹാരത്തിനായി ഉപയോഗിക്കേണ്ട മുട്ടയെ സുമാർ ആറുമാസക്കാലം വരെ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചില വിദഗ്ദ്ധന്മാർ നിർദ്ദേശിച്ചിട്ടുള്ളവയെ താഴെ കുറിക്കുന്നു.

1. സൂക്ഷിക്കാനുദ്ദേശിക്കുന്ന മുട്ടകൾ, പൂവൻകോഴിയോടുള്ള സംയോഗത്താൽ ഉണ്ടായ മുട്ടകൾ (Fertilisold) ആയിരിക്കരുതു്. എന്തെന്നാൽ കൂടുതൽ കാലം കേടുകൂടാതിരിക്കുന്നതിനുള്ള ശക്തി അത്തരം മുട്ടയ്ക്കുണ്ടായിരിക്കയില്ല. പാചകം ചെയ്താൽ അതിനു രുചിയും കുറയും. അതുകൊണ്ടു സന്താനോല്പാദനത്തിനാവശ്യമുള്ള മുട്ടകൾ ശേഖരിച്ചശേഷം പൂവൻകോഴിയെ പ്രത്യേകം അടച്ചിടുകയും ഒരാഴ്ച കഴിഞ്ഞതിനുശേഷം ഇടുന്ന മുട്ടകളെ സൂക്ഷിക്കുവാനായി എടുക്കുകയും ചെയ്യേണ്ടതാണു്.

2. സൂക്ഷിക്കേണ്ട മുട്ട പഴക്കമുള്ളവയായിരിക്കരുതു്. അന്നന്നു കിട്ടുന്ന മുട്ടയെ പരിരക്ഷണപാത്രത്തിൽ വയ്ക്കണം. അങ്ങിനെ ആകുമ്പോൾ, ആദ്യമാദ്യം വച്ച മുട്ടയെ ഒടുവിലേ എടുക്കാൻ സാധിക്കു എന്നുള്ള അസൗകര്യം നേരിടുമെന്നുള്ളതിനാൽ ഉപയോഗത്തിനെടുക്കാൻ തുടങ്ങുമ്പോൾ പഴക്കമുള്ള മുട്ടകൾ ആദ്യമായി എടുക്കത്തക്കവണ്ണം മറെറാരു പരിരക്ഷണപാത്രംകൂടി തയ്യാറാക്കി അതിലേക്കു മാററണം.

3. പ്രസ്തുത പാത്രം ഒരു മൺപാത്രമായിരിക്കണം. തകരപ്പാത്രം ഇതിനു പററിയതല്ല്

4. സൂക്ഷിക്കപ്പെട്ട മുട്ട ഉപയോഗത്തിനായി എടുത്തുതുടങ്ങുമ്പോൾ, വെള്ളത്തിൽ പുഴുങ്ങാൻ ഉദ്ദേശിക്കുന്നെങ്കിൽ, ആ മുട്ടയുടെ കൂർത്തഅററത്തു മൊട്ടുസൂചി കൊണ്ടു ഒരു സുഷിരം ഉണ്ടാക്കണം.

5. പാത്രത്തിൽ നിന്നും എടുത്താൽ അധികം താമസിയാതെ ഉപയോഗിക്കേണ്ടതാണു്.

സൂക്ഷിക്കേണ്ടവിധം:—

ഇതു് രണ്ടുതരത്തിലാകാം. 1. ഒന്നരറാത്തൽ ചുണ്ണാമ്പു് മൂന്നിടങ്ങഴി വെള്ളത്തിൽ കലക്കുക. ഇതിൽ ഒരുറാത്തൽ ഉപ്പുചേർത്തു് നല്ലപോലെ ഇളക്കുക. ഈ ദ്രാവകം തെളിഞ്ഞുകിട്ടുന്നതുവരെ ഏതാനും സമയം ആ പാത്രത്തിൽ നിശ്ചലമായിരിക്കട്ടെ. ഈ തെളിഞ്ഞ ദ്രാവകത്തെ നിർദ്ദിഷ്ട മൺപാത്രത്തിൽ പകർന്നു് അതിൽ മുട്ടകളെ നിക്ഷേപിക്കുക.

2. സൗകര്യമായ അളവിലും ആകൃതിയിലുമുള്ള ഒരു മരപ്പെട്ടിയിൽ ഒന്നരഇഞ്ചു കനത്തിൽ ഉപ്പുനിരത്തുക. മുട്ടയുടെ കൂർത്തഭാഗം ഉപ്പിൽ പതിഞ്ഞിരിക്കത്തക്കവണ്ണം മേൽകീഴായി നിരത്തുക. അതിന്റെ മുകളിലായി രണ്ടിഞ്ചു കനത്തിൽ ഉപ്പുനിരത്തിയിട്ടു മേൽപറഞ്ഞ വിധം വീണ്ടും മുട്ടകൾ നിരത്തുക. ഇങ്ങിനെ പെട്ടിയുടെ സ്ഥലം അവസാനിക്കുന്നതുവരെ പ്രയോഗിക്കുക.

മേൽ വിവരിച്ചപ്രകാരം സൂക്ഷിക്കുന്നതായാൽ ആറുമാസംവരെ മുട്ട കേടുകൂടാതിരിക്കുമെന്നാണു് പരീക്ഷണങ്ങൾകൊണ്ടു കാണുന്നതു്.

—o—

# തിരുവിതാംകൂറിലെ സംസ്കൃതവിദ്യാലയങ്ങളുടെ ഭാവി?

(എം. എൻ. കരുണാകരൻനായർ ബി. എ.)

80-ൽപരം വിദ്യാലയങ്ങളും 500-ൽപരം വിദ്യാർത്ഥികളും, 700-ൽപരം അദ്ധ്യാപകന്മാരും ഉൾക്കൊള്ളുന്ന ഒരു ശാഖയാണ് തിരുവിതാംകൂറിലെ സംസ്കൃതസ്കൂളുകൾ എന്നും, ഈ രാജ്യത്തെ വിദ്യാഭ്യാസത്തിൽ ഒട്ടും അഗണ്യമല്ലാത്ത ഒരു പങ്ക് അവ നിർവഹിക്കുന്നുണ്ടെന്നും ഉള്ള പരമാർത്ഥം ഗവണ്മെന്റും പൊതുജനങ്ങളും ഒരുപോലെ അവഗണിച്ചിരിക്കയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

തിരുവിതാംകൂറിനു വെളിയിലുള്ള സംസ്കൃതവിദ്യാലയങ്ങളെപ്പോലെ സംസ്കൃതഭാഷയുടെ അഭ്യസനം മാത്രമല്ല നമ്മുടെ വിദ്യാലയങ്ങളിൽ നൽകുന്നതു്. ഇംഗ്ലീഷ്, കണക്ക്, ഭൂമിശാസ്ത്രം ചരിത്രം ആദിയായി ഇംഗ്ലീഷ് ഹൈസ്കൂളുകളിലുള്ള എല്ലാവിഷയങ്ങളും സംസ്കൃതവിദ്യാലയങ്ങളിൽ അഭ്യസിപ്പിക്കപ്പെടുന്നുണ്ടെന്നും നിലവിലിരിക്കുന്ന നിയമമനുസരിച്ചു 'ശാസ്ത്രി'പരീക്ഷ പാസാകുന്ന ഒരുവനു ഇംഗ്ലീഷ്ഹൈസ്കൂളിൽ IV ഫാറത്തിൽ ചേരാമെന്നും പരിഷ്കരിച്ച നിയമമനുസരിച്ച് നേരേ സർവകലാശാലയിൽ പ്രവേശിക്കാമെന്നും ഉള്ള പരമാർത്ഥം നമ്മിൽ പലരും അറിഞ്ഞിരിക്കുമെന്നുതന്നെ തോന്നുന്നില്ല. പക്ഷേ, സംസ്കൃതവിദ്യാലയങ്ങളുടെ നേരേ വിദ്യാഭ്യാസാധികൃതന്മാർ പ്രദർശിപ്പിക്കുന്ന അനാസ്ഥ യാതൊരു കാരണവശാലും നീതീകരിക്കതക്കതോ സംസ്കൃതവിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് ഉപയുക്തമോ അല്ല. ഈ പരമാർത്ഥത്തെ ഞാൻ വിശദമാക്കാം.

യുദ്ധാപരിതഃസ്ഥിതികളും തദ്ജന്യമായ ഉയർന്ന ജീവിതത്തോതും സാമ്പത്തികവിഷമതകളും, സംസ്കൃതസ്കൂളുകളുടെ നിലയെ വളരെ കുഴപ്പത്തിലാക്കിയിട്ടുണ്ട്. മുൻപ് സാമാന്യമായി എട്ടുപത്തു ഉറുപ്പിക കൊടുത്താൽ ഒരു 'ശാസ്ത്രി'യെ അദ്ധ്യാപകനായി ലഭിക്കുമായിരുന്നു. ഇന്നു ഉള്ളവരെല്ലാം പട്ടാളത്തിലും ആസാമിലും, ഇതരതൊഴിലുകളിലും പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും കുറഞ്ഞതു് 25 ക എങ്കിലും കൊടുക്കാതെ ഒരാദ്ധ്യാപകനെ കിട്ടുകയില്ല. അതുപോലെ ഒരു ശിരോമണിയോ മഹോപാദ്ധ്യായനോ പാസ്സായ ആളെ ചുരുങ്ങിയതു 45 ക എങ്കിലും കൊടുക്കാതെ ലഭിക്കുകയില്ല. ഈ തോതു് ഏറ്റവും താഴ്ന്നതാണെന്നു വിദ്യാഭ്യാസവകുപ്പുമായി പരിചയമുള്ള ആരോടും പറഞ്ഞു അറിയിക്കേണ്ടതില്ല. യുദ്ധത്തിനുമുൻപ് ഒരുവിധം കഴിഞ്ഞുകൂടിക്കൊണ്ടിരുന്ന സംസ്കൃതസ്കൂളുകൾ ഇന്നു സാമ്പത്തികവിഷമംമൂലം തകർന്നുപോയിട്ടുണ്ട്. ഈ വർഷംതന്നെ ചില സ്കൂളുകൾ നിർത്തപ്പെട്ടിട്ടുണ്ട്. കാരണം, ശമ്പളം മൂന്നിരട്ടിയും, നാലിരട്ടിയുമായി വർദ്ധിച്ചപ്പോൾ—ഫീസ് അതേപടി നില്ക്കുകയാണ് ചെയ്യുന്നതു്. ഇംഗ്ലീസ് സ്കൂളുകളെയും ഈ പ്രശ്നം ബാധിച്ചിട്ടില്ലേ എന്നു ചോദിക്കാം. എന്നാൽ യുദ്ധത്തിനുമുൻപ് 1/4 ഫീസിനും 1/8 ഫീസിനും പഠിപ്പിച്ചിരുന്ന സ്ഥലങ്ങളിൽ ഇന്നു മുഴുവൻഫീസ് കിട്ടുന്നതിനു പ്രയാസമില്ല. സംസ്കൃതഹൈസ്കൂളിലെ ഫീസ് നിരക്കാവട്ടെ പരിഹാസ്യമാംവണ്ണം മോശമാണുതാനും. നല്ലനിലയിൽ നടക്കുന്ന ഒരു സംസ്കൃതഹൈസ്കൂളിലെ കണക്കാണ് താഴെ ഉദ്ധരിക്കുന്നതു്. ആദ്യത്തെ മൂന്നുക്ലാസ്സിൽ ശരാശരി 30-ം അടുത്ത മൂന്നുക്ലാസ്സിൽ ശരാശരി 25-ം കുട്ടികളുണ്ടെന്നു വിശ്വസിക്കുക. (മിക്ക സ്ഥലങ്ങളിലും ഇതിൽ കുറവാണ്) 6 ക്ലാസ്സുകൾക്കു 6 ക്ലാസ്സ് അദ്ധ്യാപകന്മാർ 2 ഇംഗ്ലീഷ് അദ്ധ്യാപകന്മാർ. 1 ഹെഡ്മാസ്റ്റർ ഇത്രയും ആളുകൾ എത്ര കുറഞ്ഞാലും കൂടാതെ കഴിയുകയില്ല. ചതുർത്ഥാമുതൽ ക്ലാസ് ചാർജ്ജു ശിരോമണിക്കോ മഹോപാദ്ധ്യായനോ നൽകണമെന്നു ഹെഡ്മാസ്റ്റർക്ക് ക്ലാസ് ചാർജ്ജു പാടില്ലെന്നും നിയമം അനുശാസിക്കുന്നു. ഇംഗ്ലീഷ് അദ്ധ്യാപകന്മാരിൽ ഒരാൾ എങ്കിലും ഗ്രാഡ്വേറ്റായിരിക്കണം. അങ്ങിനെ 3 ശാസ്ത്രി 1 സ്കൂൾഫൈനൽകാരൻ. 4 ശിരോമണി 1 ഗ്രാഡ്വേറ്റ്. ഇത്രയും പേരാണ് 1 സ്കൂളിൽ വേണ്ടതു്. 1-ാംക്ലാസ്സിലെ 30 കുട്ടികൾക്കു പ്രതിമാസം 8 ചക്രം വീതംഫീസ്=8 രൂ. 12 ചക്രം

| | | | രൂ.ച.കാ. |
|---|---|---|---|
| 2-ാം ക്ലാ; | 30' 12 ച: വീ: | | 12 18 0 |
| 3-ം ,, | 30-16 | ,, | 16 24 0 |
| 4-ം ,, | 25-20 | ,, | 17 15 8 |
| 5-ം ,, | 25-1 രൂ | ,, | 24 16 0 |
| 6-ാം ,, | 25-1 രൂ | ,, | 24 16 0 |
| ആകെ— | | | 104-16-8 |

ചിലവ്—

| | |
|---|---|
| 3 ശാസ്ത്രി 1 സ്കൂ: ഫയി: 25 ക: | 100 |
| 4 ശിരോമണി 1 ഗ്രാഡ്വേറ്റ് 45 , | 225 |
| ഹെഡ്മാസ്റ്റർ അലവൻസ് | 5 |
| പ്യൂൺ | 15 |
| കണ്ടിജൻസി | 10 |
| ആകെ | 355 |

മെയിന്റനൻസ്, കെട്ടിടം മുതലായവയെല്ലാം മാനേജർ സ്വന്തം കയ്യിൽനിന്നും ചിലവാക്കും എന്നും എല്ലാകുട്ടികളും മുഴുവൻഫീസ് ശരിക്കുതരുമെന്നും (ഹരിജൻ വിദ്യാർത്ഥികൾക്കു ഫീസില്ല. ഗവർമ്മെന്റിൽനിന്നു ആയിനംവരവു ലഭിക്കുന്നുമില്ല.) ഒരു അദ്ധ്യാപകനു ഇൻക്രിമെന്റു കൊടുക്കേണ്ടെന്നും തന്നെയും സമ്മതിച്ചാൽ തന്നെയും പ്രതിമാസം 200 രൂപ പാവപ്പെട്ട മാനേജർ ചിലവാക്കേണ്ടിയിരിക്കുന്നു. ഗ്രാന്റുകിട്ടുന്ന വിദ്യാലയങ്ങളുടെ സംഖ്യ കൈവിരലിൽ മടക്കാനേ ഉള്ളൂ. അതിൽ തന്നെയും മുഴുവൻ ഗ്രാന്റുകിട്ടുന്ന സ്കൂളുകൾ കേവലം നാലോ അഞ്ചോ മാത്രമാണ്. മുഴുവൻ ഗ്രാന്റ് എന്നു പറയുന്നതു് 63 രൂ 24 ചക്രമാണ്. അതു മുഴുവനും കിട്ടുമെങ്കിൽകൂടിയും പ്രതിമാസം 136 രൂപയോളം മാനേജർമാർ ചിലവാക്കേണ്ടി ഇരിക്കുന്നു. ഈ പരിതഃസ്ഥിതിയിൽ പലരും സ്കൂളുകൾ തുടർന്നുകൊണ്ടുപോകുവാൻ നിർവാഹമില്ലാതെ ക്ലേശിക്കുന്നു എന്നു സ്പഷ്ടം. ചില സ്കൂളുകൾ നിർത്തികഴിഞ്ഞിട്ടുണ്ട്. ഈ സ്കൂൾവർഷത്തിന്റെ അവസാനത്തോടുകൂടി ഒട്ടേറെസ്കൂളുകൾ നിന്നുപോകുമെന്നു തീർച്ചയാണ്. അങ്ങനെ തിരുവിതാംകൂറിലെ സംസ്കൃതവിദ്യാലയങ്ങളുടെ ഭാവി അന്ധകാരാവൃതമായിരിക്കുന്നു. പരിഷ്കരിച്ച പദ്ധതി അനുസരിച്ച് സംസ്കൃതസ്കൂളിലെ സ്റ്റാൻഡർഡ് വർദ്ധിക്കുന്നു എന്നതും ഫീസ് വർദ്ധിക്കുന്നു എന്നതും ശരിതന്നെ പക്ഷേ, ആ പദ്ധതി പൂർത്തിയായി നടപ്പിൽ വരുന്നതിനു ഇനിയും അനിശ്ചിതമായ ഒരന്തരാളകാലഘട്ടത്തേക്കു് എത്ര വിദ്യാലയങ്ങൾ അതിജീവിക്കുമെന്നു് കണ്ടറിയേണ്ടതാണ്. അത്രതന്നെയുമല്ല പരിഷ്കരിച്ച പദ്ധതിപ്രകാരം സംസ്കൃതസ്കൂളുകൾക്ക് 6-ം സാധാരണസ്കൂളുകൾക്കു 7-ം വർഷമാണ് അദ്ധ്യയനകാലം. ജീവിതവ്യഗ്രത നിറഞ്ഞ ഇക്കാലത്തു് ഒരുവർഷം കൂടുതൽ ചിലവാക്കുവാൻ അധികംപേരും ഇനിയുമെന്നു തോന്നുന്നില്ല 6 വഷകാലംകൊണ്ടുതന്നെ സംസ്കൃതത്തിൽ സാമാന്യമായ ജ്ഞാനം ഇതരവിഷയങ്ങളിലുള്ള അഭ്യസനത്തോടൊപ്പം നൽകുവാൻ കഴിയുമെന്നു എനിക്കു ഉറപ്പുപറയുവാൻകഴിയും. ഈ വസ്തുതകൾ മാറി (വി. പ. കമ്മററി)യേയും സിലബസ്കമ്മററിയേയും ധരിപ്പിച്ചുവെങ്കിലും ഇവ ടെ വ്യത്യാസമാക്കാൻ ഉദ്ദേശിക്കുന്ന കാരണം ഉാൽ ആ നിർദ്ദേശങ്ങൾ നിരാകരിക്കുകയാണുണ്ടായതു്. അതിനാൽ അങ്ങിനെയും സംസ്കൃതവിദ്യാഭ്യാസത്തിന്റെ ഭാവിസുരക്ഷിതമായി കാണുന്നില്ല.

സംസ്കൃതവിദ്യാഭ്യാസത്തിന്റെ പ്രാധാന്യതയെപ്പററി ആരേയും പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യം ഇന്നില്ല. അതിനാൽ ഈ രാജ്യത്തെ സംസ്കൃതവിദ്യാഭ്യാസത്തിന്റെ നിലനിൽപ്പും പ്രചരണവും ഗവണ്മെന്റ ആഗ്രഹിക്കുന്നു എങ്കിൽ ഉടൻ താഴെപറയുന്ന കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

൧, എല്ലാ പൂർണ്ണഹൈസ്കൂളുകൾക്കും ഗ്രാന്റനൽകുക.

൨, ഗ്രാന്റ് ഏററവും കുറഞ്ഞതു് ൧൱ രൂപയായി വർദ്ധിപ്പിക്കുക.

൩, പൂർത്തിയാകാത്ത സ്കൂളുകൾക്കു ഉള്ള ക്ലാസ്സുകൾ ഗ്രാന്റനൽകുക.

൪, പരിഷ്കരിച്ച പദ്ധതിയിൽ അദ്ധ്യയനകാലം ൬ വർഷമായി കുറക്കുകയും പാഠക്രമം അതനുസരിച്ച് ക്രമീകരിക്കുകയും ചെയ്യുക.

സംസ്കൃതവിദ്യാഭ്യാസത്തിന്റെ പ്രചരണത്തിൽ തല്പരനെന്നും വിദ്യാഭ്യാസവിചക്ഷണനെന്നും പ്രഖ്യാതനായ ഡയറക്ടർ മി. തമ്പിയും, സാഹിത്യപ്രണയിയായ വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി മി: കൈകനിക്കരയും ഈ വിഷയത്തിൽ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

—o—

# വിജ്ഞാനവീഥി

ഡി. ശ്രീമാൻ നമ്പൂതിരി, മൂവാററുപുഴ.

മനുഷ്യനെസംബന്ധിച്ച പുരാതനലക്ഷ്യങ്ങൾ:— ജാവായിൽനിന്നു് മനുഷ്യകുരങ്ങിന്റെ ചില അവശിഷ്ടങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. അവയ്ക്കു് 500,000 കൊല്ലത്തെ പഴക്കംകാണുമെന്നാണ് അഭിജ്ഞമതം. ഡാക്ടർ ഡേവിഡ്സൺ 1929-ൽ ചൈനയിലെ പെക്കിംഗ് എന്ന സ്ഥലത്തുനിന്നു കണ്ടെത്തിയതിനു് 250,000 കൊല്ലത്തെ പഴക്കവും, ആദ്യത്തേതിന്റെ തലച്ചോറിനു് 300 C. C. കാണുമെന്നു് ഡാക്ടർ ആൽഫ്റഡ് എസ്. റോമർ ഊഹിക്കുന്നു. പെക്കിംഗിൽനിന്നു കണ്ടുകിട്ടിയതിനു് ആധുനികമനുഷ്യനോടു് കുറെയൊക്കെ അടുപ്പമുണ്ട്.

റൊഡേഷ്യയിൽനിന്നും മാനുഷികാവശിഷ്ടങ്ങൾ കിട്ടിയിട്ടുണ്ട്. അവയും 250,000 സംവത്സരങ്ങൾക്കുമുൻപ് ജീവിച്ചിരുന്ന മനുഷ്യരുടെയാണത്രേ. കുശായിൽനിന്നും ഇങ്ങിനെ ചിലതു കിട്ടാതിരുന്നിട്ടില്ല. ഫ്രാൻസിൽനിന്നും കിട്ടിയവയ്ക്കു് 140,000 കൊല്ലത്തെ പഴക്കംകാണും. ഹെയ്ഡൻബർഗ്ഗിൽ കാണുന്ന അവശിഷ്ടങ്ങളുടെ ഉടമസ്ഥന്മാർ അതിലും മുമ്പ് ജീവിച്ചിരുന്നവരാണ്.

ആധുനികമനുഷ്യനോളം തലച്ചോറിനു കട്ടിയില്ലാത്ത ആ ആദിമമനുഷ്യരുടെ ജന്മഭൂമി ഏഷ്യയാകാനാണിടയെന്നും അവിടെനിന്നു് അവരുടെ വംശജന്മാർ പടിഞ്ഞാറോട്ടു ക്രമേണ നീങ്ങി നീങ്ങി യൂറോപ്പിലും മററും വ്യാപിച്ചതാകാനാണിടയെന്നും പ്രൊഫസർഗാൾഗർ അഭിപ്രായപ്പെടുന്നു.

കുരങ്ങിൽനിന്നു മനുഷ്യനോ മനുഷ്യനിൽനിന്നു കുരങ്ങോ?:—ഒരു ജന്തുവിശേഷത്തിൽനിന്നു് മനുഷ്യനും കുരങ്ങും രണ്ടായി വേർപിരിഞ്ഞു് ഇന്നത്തെ അവസ്ഥയിലായതാണെങ്കിൽ അതു് എപ്പോൾ എങ്ങിനെ എന്തിനു് സംഭവിച്ചുവെന്നു പറയുവാൻ വിഷമമത്രെ. സർ. ആർതർ കീത്തുപറയുന്നു:—'ജന്തുശാസ്ത്രപരമായ മാനദണ്ഡംവച്ചു നോക്കുകയാണെങ്കിൽ ചിമ്പൻസിക്കുരങ്ങിനേക്കാൾ വളരെ മുകളിലല്ലാത്ത ഒരു ജന്തുവിശേഷത്തിൽനിന്നാണ് മനുഷ്യൻ ഉണ്ടായതു്. ലമാർക്കും ഡാർവിനുമാണ് ഈ നിഗമനത്തിൽ ആദ്യം എത്തിച്ചേർന്നതെന്നുതോന്നുന്നു. മയോസിൻ കാലഘട്ടത്തിന്റെ ആദ്യകാലത്താണ് ഈ പരിണാമം സംഭവിച്ചുകാണുമെന്നെളുപ്പം. അതുകഴിഞ്ഞിട്ടു് പത്തുലക്ഷം കൊല്ലങ്ങളായിക്കാണുമെന്നു വിചാരിച്ചാൽ തെററല്ല.'

എന്നാൽ ഹെൻറി ഫെയർ ഫീൽഡ് ഓസ്ബോണിന്റെ അഭിപ്രായം ഇതിനു നേരേ വിപരീതമത്രെ:—'പരിണാമത്തിന്റെ പരിണതഫലമായിരിക്കാം മനുഷ്യനെന്നതിനോടു് ഞാൻ യോജിക്കുന്നു. എന്നാൽ അവന്റെ ഉൽപത്തി കുരങ്ങിൽനിന്നാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അവൻ അവന്റെ സ്വന്തമായ ഒരു പാതയിലൂടെ നടന്നു് ഈ അവസ്ഥാവിശേഷത്തിലെത്തിയതാകണം. ഒരിക്കലുമവൻ കുരങ്ങായിരുന്നിട്ടില്ലതന്നെ.' കുരങ്ങുണ്ടായതു് മനുഷ്യരിൽനിന്നാണെന്നു പറയാൻ പ്രൊഫസർ വെസ്റ്റേൺ ഹോർ ഒട്ടും മടിയ്ക്കുന്നില്ല.

മനുഷ്യന്റെ ചാർച്ചക്കാരൻ:—1938-ന്റെ ആരംഭഘട്ടത്തിൽ ഡാക്ടർ റോബർട്ട് തെക്കേ ആഫ്രിക്കയിൽനിന്നു് നരകുലശാസ്ത്രഗവേഷണത്തിന്റെ വളരെ പ്രാധാന്യമർഹിയ്ക്കുന്ന ഒരു അവശിഷ്ടം കണ്ടെടുക്കുകയുണ്ടായി—ഗോറില്ലയിൽനിന്നും ചിമ്പൻസിയിൽനിന്നുമെല്ലാം ഉയർന്ന ഒരു മനുഷ്യോപജീവിയുടെ അസ്ഥികൂടം.

ഡാക്ടർ ബ്രൂം വളരെ പ്രാധാന്യമേറിയ രണ്ടുതലച്ചോറുകൾകൂടി കണ്ടെടുത്തമാന്യനാണ്. മനുഷ്യന്റെ ഉദയം ആഫ്രിക്കയിലാണെന്നാണ് അദ്ദേഹത്തിന്റെ മതം. ഡാർവിനും. സർജി ഇലിയട്ട്സ്മിത്തും ഈ വീക്ഷണത്തോടനുകൂലിയ്ക്കുന്നു എന്നദ്ദേഹം പറയുന്നു.

പരിഷ്കൃതവർഗ്ഗങ്ങളുടെ മൂലസ്ഥാനം:—ഇതേസംബന്ധിച്ചു് വിഭിന്നങ്ങളായ പല അഭിപ്രായങ്ങളും ഉണ്ട്. ഇന്നുകാണുന്ന മനുഷ്യവർഗ്ഗങ്ങളിൽ ആസ്ട്രേലിയയിലെ അപരിഷ്കൃതവർഗ്ഗത്തിനാണ് അതിപുരാതന മനുഷ്യനോടു് അധികം സാദൃശ്യം.

ഇന്നത്തെ ജന്തുലോകത്തിന്റെ ആദിമഘട്ടത്തെ പ്രതിനിധീകരിക്കുന്ന ജന്തുക്കളെയും ആസ്ട്രേലിയയിലെ കാണാനുള്ളു. അവിടുത്തെ കറുത്തവർഗ്ഗക്കാർക്ക് ആധുനികത്വം നിർമ്മിച്ച ഉപകരണങ്ങളൊന്നും ഉണ്ടായിട്ടില്ല.

വിവിധവർഗ്ഗങ്ങളിൽ ഓരോന്നിന്റേയും മൂലസ്ഥാനം കണ്ടുപിടിയ്ക്കുവാൻ വളരെ ഞെരുക്കമില്ല. മംഗോളിയരുടെതു് ടാറിൻബേസിനും മംഗോളിയയുമാണ്. കിഴക്കൻ ഏഷ്യയിൽ പടർന്നുപിടിച്ചതിനുശേഷം അവർ അമേരിയ്ക്കയിലേയ്ക്കുംകൂടി വ്യാപിച്ചു. അവരോടനുബന്ധിച്ചവരും ആൾടായി പർവതനിരകളുടെയും പടിഞ്ഞാറൻ ഏഷ്യയുടെയും പരിസരങ്ങളിൽ നിവസിച്ചിരുന്നവരുമായ ജനവിഭാഗത്തിന്റെ സന്തതികളാണ് ലാപ്പ്, ഫിൻ, ഇൻഡ്യനിലെക്കുകൾ ഇവർ. ആദിമനിവാസികളായ ദ്രാവിഡന്മാരും മെസപ്പൊട്ടോമിയായിലെ പുരാതന പരിഷ്കൃതവർഗ്ഗമായ സുമേറിയന്മാരും ഇതേകുടുംബത്തിൽ ഉൾപ്പെട്ടവരാണെന്നു് അഭിപ്രായമുള്ളവരുണ്ട്.

ഒരു പുരാതനസിദ്ധാന്തമനുസരിച്ചു ഒന്നിനു് മൗലികമായി ബന്ധപ്പെട്ട ഹെമാററിക് വർഗ്ഗക്കാരും സെമിററിക് വർഗ്ഗക്കാരും ആദ്യം ആർമീനിയയിലും കുർഡിസ്ഥാനിലും എന്നാൽ ഇപ്പോൾ അനേകം വർഗ്ഗങ്ങളുടെ ജന്മസ്ഥാനമായ അറേബ്യയിലും താമസിച്ചിരുന്നവരാണ്. മരുഭൂമിയായി രൂപാന്തരപ്പെടുന്നതിനുമുമ്പ് ഒരു പരിഷ്കാരകേന്ദ്രമായി വർത്തിച്ചിരുന്ന സഹാറമരുഭൂമി വാസ്തവത്തിൽ പുരാതന ബാബിലോണിൽനിന്നു് ഈജിപ്റ്റുവഴി ഐബീറിയ (സ്പെയിനും പോർട്ടുഗലും)യിൽവ്യാപിച്ച വർഗ്ഗങ്ങളുടെ ആദിമസ്ഥാനമാണ്.

വെള്ളക്കാരുടെ ആദ്യത്തെ വാസസ്ഥാനം ഏതായിരുന്നുഎന്നതു് ഒരു വാദവിഷയമത്രേ. അഫ്ഗാനിസ്ഥാനിലോ ഉക്രെനിലോ ലാത്തംലാണ്ടിലോ (ഇംഗ്ലണ്ട് ഐർലണ്ടു് വടക്കെ ഫ്രാൻസ് മുതലായവ) സ്കാൻഡിനേവിയായിലോ എവിടെയെങ്കിലുമാവട്ടെ, അതിലത്രവഴക്കടിയ്ക്കാനില്ല.

വളരെ വേറെ പഴക്കമുള്ള പരിഷ്കൃതജനവിഭാഗങ്ങളിൽ ഒന്നാണ് മലയന്മാർ.

(തുടരും)

സഹസ്രയോഗം

വില രൂപാ 2.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# കേരളകൗമുദി

—o—

## ഓണംവിശേഷാൽപ്രതി

—o—

വിലത്രപ്പം ഫ.

കേരളത്തിന്റെ പ്രകൃതി സർവ്വത്ര രമണീയമായി പ്രശോഭിക്കുന്ന ഒരു കാലയളവിൽ മാദകമനോഹരമായ മനസ്സോല്ലാസംകൊണ്ടു മതിമറന്നുപോകുന്ന ഒരു നില അതിലെ നിവാസികൾക്കു വന്നുപോകുന്നതതിശയമല്ല. നമ്മുടെ ആനന്ദത്തിന്റെ സങ്കല്പം ചാർത്തുന്ന സ്വർഗ്ഗത്തിലെ സ്ഥിതിതന്നെ നോക്കാം. മന്ദാകിനിയും മന്ദാരവും കൊണ്ടു മനോജ്ഞമധുരമായ ആ പുരന്ദരപുരി നിത്യോത്സവം ഘോഷിക്കുന്നു. ദേവാപ്സരസ്സുകൾ മറെറാരു വിചാരവുമെന്നിയെ ഉല്ലസിക്കുന്നു. മരങ്ങളും പശുക്കളും കല്ലുകളുംകൂടെ സർവ്വാഭീഷ്ടങ്ങളേയും കൊടുക്കുവാൻ സന്നദ്ധമായിട്ടുള്ള സ്വർഗ്ഗത്തു പിന്നെ നേരംപോക്കിനു നേരംപോക്കല്ലാതെ എന്താണവിടെ

കേരളകൗമുദിയുടെ ഓണംവിശേഷാൽ പ്രതിയെപ്പററി ചിന്തിച്ചപ്പോൾ ആ സ്വർഗ്ഗകാര്യമാണു എന്റെ ഓർമ്മയിൽ എത്തിയതു്. കേരളീയർക്കാകമാനം ആഹ്ലാദപ്രദമായ ഒരു മുഹൂർത്തത്തിൽ ഉദയം ചെയ്ത പ്രസ്തുത പ്രസിദ്ധീകരണം പ്രൗഢതയേക്കാൾ ഉല്ലാസപൂർണ്ണതയേയാണു പ്രധാനമാക്കിയിരിക്കുന്നതു. അതു് അഭിനന്ദനാർഹമായിട്ടുണ്ടു്. അവസരോചിതവുമായിട്ടുണ്ടു്. ഊഞ്ഞാലാടിക്കൊണ്ടുള്ള മഞ്ജുളാംഗിയുടെ മതിമോഹനമായ പ്രസിദ്ധചിത്രം തന്നെ ആ പ്രസിദ്ധീകരണത്തിന്റെ വിശേഷാൽഭാവത്തെ ആദ്യമായി വിളിച്ചുകാട്ടുന്നു. കേരളകൗമുദിയുടെ ജനയിതാവായ ആ വന്ദ്യവൃദ്ധന്റെ 35 കൊല്ലത്തിനു മുൻപുള്ള ചിന്തയും ആദ്യസ്ഥാനംകൊടുത്തു ആദരിച്ചതിൽ പ്രവർത്തകാംഗങ്ങളുടെ ഔചിത്യബുദ്ധിയെ അഭിനന്ദിക്കേണ്ടതായിരിക്കുന്നു. 'ചാപ്പകുത്തിവിട്ടകു' എന്ന വള്ളത്തോൾ മഹാകവിയുടെ കവിത, വിശേഷാൽപ്രതികളുടെ നേരെയോ കവിതാദേവിയുടെ നേരെയോ എന്നുള്ളതിലാണു് സംശയം. കലാമണ്ഡലഖണ്ഡലനായ അദ്ദേഹത്തിന്റെ ഈ പൊടിക്കൈ അശേഷം പന്തിയായിട്ടില്ലെന്നുതന്നെ വേണം പറയുവാൻ. ശ്രീ. എൻ. പി. ചെല്ലപ്പൻനായരുടെ 'തളന്ത ൻറ'തള്ള ഒന്നുരണ്ടിടങ്ങളിൽ ഒന്നറിച്ചുളിപ്പിക്കുമെങ്കിലും അവസാനം ഭംഗിയായി ആദർശത്തിന്റെ സംസ്കാരമഹിമയ്ക്കു കിരീടാഭിഷേകം ചെയ്തുകൊണ്ടരുളുന്നു.

ആട്ടകെന്തുഞ്ഞാലെ മുന്നോട്ടു പിന്നോട്ടു-
മാവത്തിച്ചാലും നിൻമുഗ്ദ്ധലാസ്യം

എന്നു് 'ഊഞ്ഞാലിന്മേൽ' എന്ന സന്ദർഭോചിതമായ കവിതാഗാനമാധുരികൊണ്ടു ശ്രീ. ബാലാമണിഅമ്മ ഓണപ്പൂവിളിയെ അതിവമനോഹരമാക്കുന്നു. കോന്നിയൂർശ്രീ. ആർ. നരേന്ദ്രനാഥു് എഴുതിയ മലയാളരാജ്യം തിങ്കളാഴ്ചപ്പതിപ്പിലെ സ്ത്രീസമത്വത്തിനു ശ്രീ. കുഞ്ചിഅമ്മയുടെ മറുപടി ഒരുമറുപടിയായിട്ടുണ്ടു്. ചാട്ടവാക്കുകൾക്കു മന്ദോദ്ഘാടനം ചെയ്യാനുള്ള പാടവം എത്രയുണ്ടെന്നു അതുവായിച്ചുതന്നെ അറിയണം. അറിഞ്ഞു രസിക്കണം. അതിനു നിങ്ങൾക്കു നിശ്ചയമായും സാധിക്കുമെന്നു ഉറപ്പുതരാം.

'ഓണപ്പൂവിളി'യുടെ ഉല്ലാസലഹരിയിൽ ചിലർ പാടിയാടിയും 'ആത്മസുഖ'മടഞ്ഞു 'നിയമവും നീതിയും' നോക്കിയും 'കുടുംബബന്ധാര'ത്തുറാക്കിയും മററും മററും പല പൊടിപൂരങ്ങളും നടക്കുന്നതിനിടയിലാണു ശ്രീ ലളിതാംബിക,യുടെ 'ഗായികയില്ലാത്ത ഗാനം,' ആ അത്ഭുതപ്രപഞ്ചത്തിൽ, 'അഭിനയയായ ഒരംഗനയുടെ മുഗ്ദ്ധലജ്ജകലർന്ന മുഖചിത്രം മുൻവാതലിനു മുകളിലുണ്ടെന്നും കാണുന്നു, ശ്രീ. കെ സുകുമാരൻ ബി. എ (മലബാർ) യുടെ പെണ്ണുപാറിച്ചു നേട്ടത്തെപ്പററി പറയാനാണെങ്കിൽ വളരെയുണ്ടു്.

മുത്തുക്കണ്മർ പലവട്ട-
മധിക്ഷേപങ്ങൾചൊന്നാലും.
വധിപ്പാനും ചിതംപോരാ—
വധിച്ചാലും ചിതംപോരാ

എന്നേ അതിനൊക്കെ സമാധാനമുള്ളൂ. ചിന്തയുടെ പിരികൾ മുറുക്കുന്ന ശ്രീ. കാർത്തികേയനും, ശ്രീ എൽ ആനന്ദവല്ലി അമ്മയുടെ മായാപ്രതിഷ്ഠയും കഴിയുന്നതിനോട്ടുകൂടി പട്ടം എൻ ഗോപാലൻ നായരവർകളുടെ ഓണനിലാവിന്റെ കുളിർമയും തെളിമയും അന്തരാത്മാവിനെ സ്പർശിച്ചു തുടങ്ങും. ആ 'പ്രഭയിൽ' കൂടി ശ്രീ മുൻഷിയുടെ വെളുത്തമുട്ട അദ്ദേഹം കാലത്തിനെത്തു കോലം കെട്ടിയ ഭാവിച്ച മുട്ടയാടണിവന്നു എന്നു തോന്നിപ്പിക്കുന്നതരത്തിലായിരിക്കുന്നു. മുത്തമ്മയുടെ ഓട്ടംരസിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണെങ്കിലും മുഷിപ്പിക്കുന്നില്ല. ഈ കോലാഹലത്തിൽപ്രസ്ഥാനപ്പട്ടപ്പംനോക്കി ശ്രീ. പി. കെ പരമേശ്വരൻ നായരും നവീന സാഹിത്യലോകത്തെപ്പററി മി. വക്കം അബ്ദുൽ ഖാദർവർകളും കാര്യമാത്രക്ഷരായിത്തീർന്നതാണു് അതിലേറെ സാവഹമായിത്തോന്നുന്നതു്. ഒരു നൂവത്രപയുടെനേരെ് ആക്രമിക്കും ഉപദ്രാഗം വരാത്തവിധത്തിൽ വലിച്ചുകീറിയെറിയുന്ന കലാകാരനെ ബഹുമാനിക്കുന്ന ശ്രീ ഇ.എം. കോവൂർ ഒരു ആദർശ ഭക്തനായി ഓണപ്പൂവിളിയിലുണർന്നുഴന്നേൽക്കുന്നു. ശ്രീ. ജിയുടെ ചങ്ങാതികൾ, അദ്ദേഹത്തിനു മാത്രം വശപ്പെടുന്ന മുദ്ധപദങ്ങളുമായി അണിഞ്ഞൊരുങ്ങുന്ന കവിതാദേവിയുടെ വിലാസധാനികൾപോലെ അനുഭവപ്പെടുന്നു. ഹിന്ദുക്ഷേത്രങ്ങളിലെ ചിത്രകലകളെ സംബന്ധിച്ച ശ്രീ. മള്ളരിന്റെ നിഗമനങ്ങൾ ഒരു ബഹിരാത്മകഭാവം സ്വീകരിച്ചേപോകുന്നുള്ളൂ: മി. നാലങ്കലിന്റെ തക്ഷശിക്ഷ ആദർശപ്രേമികളെ അത്യധികംആകർഷിക്കാതിരിക്കയില്ല. ഓണത്തിന്റെ മധുരമനോഹരതയെ, ഈ വിധം ഒരു പ്രസിദ്ധീകരണം കൊണ്ടു ഉന്മേഷവും ഉല്ലാസപൂർണ്ണവുമാക്കുവാൻ ഉദ്യുക്തരായ കൗമുദീ പ്രവർത്തകരെ അഭിനന്ദിക്കതന്നെവേണം.

(സി. എം. പി.)

—0—


## For Sale

**2 Morris 12/4 1936 Series II**
**1 Morris 8 1937 model**

Entirely owner driven in perfect condition. Offers may be sent to:

**Travancore Automobiles TRIVANDRUM.**

## വസ്തു വിൽക്കാനുണ്ടു്

ചിറയിൻകീഴ് ശാർക്കരപകുതിയിൽ വടക്കെഅരയതുരുത്തിൽ ഫലവൃക്ഷയിഷ്ടവും വേഖങ്ങൾ ചെയ്യുന്നതിനു വളരെ സൌകര്യവും തറവാട്ടുകായൽപതിവും, 7 ഏക്കർ 80 സെൻറ വിസ്തീർണ്ണവും ഉള്ള തെങ്ങും പുരയിടം ഒന്നായോ സൌകര്യാനുസരണം വേർതിരിച്ചോ വിൽക്കാനുണ്ടു്.

ആർ. വാസുപിള്ള
വടശേരവീട്ടു്,
ചിറയിൻകീഴ്:

21—2—22.

## ബാങ്കർ ചന്ദ്രശേഖരൻ.

വില രൂ 1. ണ 8.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

## വില്പനയ്ക്കു തയ്യാർ!

ഡാക്ടർ പി. എസ്സ്. നായർ അവർകളുടെ

## അത്ഭുതമോഹിനി.

(സംഭവബഹുലമായ ഒരു ഡിററക്ടീവുനോവൽ)

പുരുഷലോകത്തിന്റെ അഹങ്കാരവും അഹംഭാവവും അടിച്ചമർത്തി വിജയക്കൊടി നാട്ടുന്ന ഇതിലെ നായിക "സകലജനമോഹിനി" തന്നെയാണു് ഉടൻ വാങ്ങി വായിക്കുവിൻ. ക്രൗൺ ⅛ സൈസിൽ 400 പേജുകൾ! വിലയോ 2 രൂപ മാത്രം.

കരുനാഗപ്പള്ളിൽ, ശ്രീ: എൻ. ജി. കെ. തമ്പാന്റെ


## രാജം

(അത്ഭുതകരമായ ഒരു ഡിററക്ടീവുനോവൽ)

350-ൽപരം പേജുകളുള്ള ഈ പരമനവീനമായ നോവലിനു വില രൂപാ 1. ണ 8 മാത്രം. ഉടൻ ആവശ്യപ്പെടുക:—

മാനേജർ, വിദ്യാരംഭം പ്രസ്സ് & ബുക്കുഡിപ്പോ,
മുല്ലയ്ക്കൽ—ആലപ്പുഴ.

## ഒരു നല്ല പൌരനായിരിക്കുക




നിങ്ങൾ എത്രമാത്രം ഒരു നല്ല പൌരനാകുന്നു് നിങ്ങളുടെ ദൈനംദിനമുള്ള പ്രവൃത്തികൾ സ്വാർത്ഥവും സാമുദായികവൈകല്യവുമായവയോ അല്ല, പൊതുഗുണകാംക്ഷയോടു ചെയ്യപ്പെടുന്നവയോ എന്നുള്ളതനുസരിച്ചാകും ഇരിക്കുക. ദൗർലഭ്യം പരക്കെയുള്ള ഇക്കാലത്തു്, വാങ്ങിപ്പാൻ പ്രയാസമായ ദിവസേന ആവശ്യമായിവരുന്ന 501 സോപ്പുകളെപ്പോലെയുള്ള സാധനങ്ങൾ അനവധിയുണ്ടു്. ആവശ്യമനുസരിച്ചുമാത്രം വാങ്ങിക്കുന്നതായാൽ നിങ്ങൾക്കു ഒരു നല്ല പൌരനാവാൻ സാധിക്കും.

ദി ടാററാ ആയിൽമിൽസ് ലിമിററഡ്

## 501 സോപ്പുകൾ







ഇടയ്ക്കിടെയുള്ള ചുമയിൽനിന്നു ക്ഷണം വിമുക്തനേടുവാൻ, പെക്ടൂസിൻകാഫ്സിറപ്പ് സേവിക്കുക. അതു രോഗത്തിന്റെ മൂലത്തെ പറഞ്ഞതിക്കയും, ശ്വാസനാളങ്ങളെ ശുദ്ധീകരിക്കയും, ശ്വാസകോശങ്ങളിൽ കെട്ടിനില്ക്കുന്ന ശ്ലേഷ്മത്തെ പുറത്താക്കുവാൻ തുണയ്ക്കുകയും ചെയ്യുന്നു.

കൊക്കക്കുര, ജലദോഷം; ഇൻഫ്ളുവൻസാ, ശ്വാസനാളരോഗങ്ങൾ എന്നിവയ്ക്കും ഫലപ്രദമായതാകുന്നു.

കുട്ടികൾക്കു്

നീലലേബലോടുകൂടിയ കുട്ടികൾക്കുള്ള പെക്ടൂസിൻ വാങ്ങിക്കുക.

4 ഔ: & 16 ഔ: കുപ്പികൾ

പെക്ടൂസിൻ കാഫ് സിറപ്പ്



സിൻെററിക്ക് (ഇന്ത്യാ) ലിമിററഡ്

12 സ്റ്റോർറോഡ്,
ബോംബെ 7.
ടെലിഫോൺ നമ്പ്ര
42650

ലണ്ടൻ ആഫീസ്; 128/129
ചീപ്പ്സൈഡ്,
ലണ്ടൻ E. C. 2

മദ്രാസ് പ്രസിഡൻസിയിലെ
പ്രധാന വിതരണക്കാർ:—

കെ. കെ. പിള്ള ആൻഡ് കമ്പനി
റായപ്പേട്ട, മദ്രാസ്.

# ഗോവായിലെ അനുഭവങ്ങൾ

—o—

## ലോഹിയാ വർണ്ണിക്കുന്നു

ബൽഗാം, അക്ടോ: 10—ബൽഗാമിലെത്തിയിരിക്കുന്ന ഡാ: റാംമനോഹർ ലോഹിയാ ഗോവായിൽ തന്നെ തടങ്കലിൽവച്ചിരുന്ന അഗ്വാഡാഫോർട്ടിലെ സ്ഥിതിഗതികൾ ഒരു അഭിമുഖസംഭാഷണത്തിൽ വർണ്ണിക്കയുണ്ടായി. ആദ്യത്തെ മൂന്നുദിവസം ഒരു ചെറിയ ഇരുട്ടറയിലാണ് തന്നെ താമസിപ്പിച്ചിരുന്നതു്. ഒരു ചെറിയ പ്രവേശനദ്വാരം മാത്രമെ അതിനുണ്ടായിരുന്നുള്ളു. പോർട്ടുഗീസ് ഭടന്മാർക്കു പുറമെ ആഫ്രിക്കൻഭടന്മാരെ മാത്രമെ തന്റെ സമീപത്തിൽ നിർത്തിയിരുന്നുള്ളു. ഇൻഡ്യൻഭടന്മാരെ നിർത്തിയിരുന്നില്ല. ചിലപ്പോൾ ഒരു വിദേശിയോടെന്നപോലെയും ചിലപ്പോൾ നേരേ മറിച്ചുമാണ് പോർട്ടുഗീസ് ഗവമ്മെന്റ തന്നോടു പെരുമാറിയതെന്നും ഡാ: ലോഹിയാ പറഞ്ഞു. താൻ എന്തെങ്കിലും കുററം ചെയ്തിരിക്കയാണ് എങ്കിൽ ഗോവായിലെ മുനിസിപ്പൽലാ അനുസരിച്ചാണ് നടപടി നടത്തേണ്ടതു്. അതുവരെ ഇൻറർനാഷണൽനിയമപ്രകാരമുള്ള പെരുമാററമേ പാടുള്ളു. ഡാ: ലോഹിയായുടെ കാര്യത്തിൽ ഊർജ്ജിതമായി പ്രവർത്തിക്കുവാൻ ഗോവായിലെ ഇൻഡ്യൻ കാൺസലിനു പണ്ഡിതനെഹ്റുവിന്റെ നിർദ്ദേശം ലഭിച്ചിരുന്നതായും കാണുന്നു. ഗോവാ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസിനു ഡാ. ലോഹിയാ എഴുതിയിരുന്ന കത്തു ഇന്നു അദ്ദേഹം പ്രസിദ്ധംചെയ്തിരിക്കുന്നു. അതിൽ ഇപ്രകാരം പറയുന്നു. "നിയമവിരുദ്ധമായി 'എന്നെ തടവിൽവച്ചതിനു പോർട്ടുഗീസ്ഗവമ്മെന്റ എന്നോടു മാപ്പുചോദിക്കയും എനിക്കു നഷ്ടപരിഹാരം നൽകുകയും വേണ്ടതാണ്. അല്ലാത്തപക്ഷം ഗോവായും ഹിന്ദുസ്ഥാനത്തിന്റെ ഇതർഭാഗങ്ങളും തമ്മിൽ ഇൻറർനാഷണൽലാ പ്രയോഗിക്കുവാനുള്ള ശ്രമം ആ ഗവമ്മെന്റ ഉപേക്ഷിക്കേണ്ടതാകുന്നു. തടങ്കലിന്റെ രീതിസംബന്ധിച്ചും മാപ്പും നഷ്ടപരിഹാരവും വേണ്ടതാണ്.

—o—

# രണ്ടു ഉടമ്പടികൾക്കൂടി അംഗീകരിച്ചു

—o—

## പാരിസ്സമ്മേളനം

പാരിസ് അക്ടോ: 12— ഇററാലിയൻ ഉടമ്പടിയ്ക്കുപുറമേ പാരിസ്സമാധാനസമ്മേളനം, ബൾഗേറിയാ, റുമേനിയ എന്നീ രാജ്യങ്ങളുമായുള്ള രണ്ടു നക്കൽ ഉടമ്പടികൾക്കൂടി അംഗീകരിച്ചിരിക്കുന്നു. ബൾഗേറിയൻ ഉടമ്പടിയെപ്പററിയുള്ള അവസാനവോട്ടിംഗ് മററു രണ്ടു ഉടമ്പടികളെപ്പററിയുള്ളതിനെക്കാളും അതിവേഗത്തിൽ കഴിയുകയുണ്ടായി.

1941 ജനുവരി 1-ാംനു- ഗ്രീസിന്റെ നേർക്കുള്ള ആക്രമണത്തിനു മുമ്പ് നിലവിലിരുന്ന അതിർത്തിതന്നെയായിരിക്കണമെന്നു ശുപാർശചെയ്യുന്ന ഒന്നാമത്തെ ആർട്ടിക്കിൾ അംഗീകരിക്കാത്തതുനിമിത്തം ബൾഗേറിയായുടെ അതിർത്തിപ്രശ്നം തീരുമാനിക്കപ്പെടാതെപോയി. ഇനി ഈ അതിർത്തികാര്യം തീരുമാനിക്കേണ്ടതു് വിദേശകാര്യമന്ത്രിമാരുടെ സമിതിയാണ്.

ബൾഗേറിയായുമായുള്ള ഉടമ്പടിയിലെ രണ്ടു തക്കപ്രശ്നങ്ങൾ വലിയ പ്രതിബന്ധമൊന്നും കൂടാതെ തീരുമാനിക്കപ്പെട്ടു. ഗ്രീക്കുപ്രദേശങ്ങളിലേയ്ക്കു വെടിവെയ്ക്കാവുന്നവിധത്തിൽ സ്ഥിരമായ ദുർഗ്ഗങ്ങൾകെട്ടുന്നതിൽനിന്നു ബൾഗേറിയയെ തടയണമെന്നുള്ളതായിരുന്നു ഒരു നിർദ്ദേശം. ഡാന്യൂബിൽ നാവികഗതാഗതസ്വാതന്ത്ര്യം വ്യവസ്ഥചെയ്യണമെന്നുള്ള ഒരു ഫ്രഞ്ച് നിർദ്ദേശം മുന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ വോട്ടുചെയ്തു.

റുമേനിയൻ ഉടമ്പടിയിലെ മുഖ്യകാര്യങ്ങൾ ബൾഗേറിയായുമുള്ള വ്യവസ്ഥകൾ തന്നെയാണ്. റഷ്യയ്ക്കുള്ള റുമേനിയൻ നഷ്ടപരിഹാരം ഏഴുകോടി അൻപതുലക്ഷം പവനായി ക്ലിപ്തപ്പെടുത്തിയെന്നൊരു വ്യത്യാസം മാത്രമേയുള്ളു.

—o—

# ദീർഘകാലതാരിപ്പുനയം ഇപ്പോൾ സാദ്ധ്യമല്ല.

—o—

## കാമേഴ്സ്മെംബർ മി: ബാബായുടെ പ്രസംഗം

—o—

ബാംബെ, അക്ടോ: ഇന്ത്യൻവ്യാപാരിമണ്ഡലം നൽകിയ മംഗളപത്രത്തിനു മറുപടി പറഞ്ഞുകൊണ്ടു് ഇടക്കാലഗവമ്മെന്റിലെ കാമേഴ്സ്മെംബറായ മി: സി. എച്ച്. ബാബാ പ്രസ്താവിച്ചതു രാജ്യത്തിനു ഒരു സുനിശ്ചിതമായ വ്യാവസായികവും സാമ്പത്തികവും സംവിധാനംകൂടാതെ ഒരു ദീർഘകാലതാരിപ്പുനയം സാദ്ധ്യമല്ലെന്നാണ്. വ്യാപാരിമണ്ഡലം ഉന്നയിച്ച പലആവശ്യങ്ങൾക്കും മി: ബാബാ മറുപടി പറഞ്ഞു. തുടർന്നു മി: ബാബാ ഇപ്രകാരം പ്രസ്താവിച്ചു. "പദ്ധതികൾ രൂപപ്പെടുത്തുന്നതിനും നടപ്പിൽവരുത്തുന്നതിനും എന്റെ സഹപ്രവർത്തകർക്കും എനിക്കും അല്പംസമയംവേണ്ടിവരുമെന്നു നിങ്ങൾ സമ്മതിക്കുമെന്നു ഞാൻ കരുതുന്നു. ഒരുദിവസംകൊണ്ടു് അത്ഭുതകൃത്യങ്ങൾ സാദ്ധ്യമല്ല.' താരിപ്പുനയത്തെ പരാമർശിച്ചുകൊണ്ടു് അദ്ദേഹം തുടർന്നു 'ആത്മനസ്സോടെയും വിവേചനപൂർവ്വമായുമുള്ള സംരക്ഷണനയം തുടരുമെന്നു യാതൊരുതരത്തിലും ഭയപ്പെടേണ്ടതില്ല. വൻതോതിലുള്ള വ്യവസായീകരണം ജനസാമാന്യത്തിന്റെ ജീവിതത്തോതു വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങളോടുകൂടി ഞങ്ങളെല്ലാവരും കരുതുന്നതു് പഴയനയം ഈ കാലത്തിനും നമ്മുടെ ആവശ്യങ്ങൾക്കും യോജിച്ചതല്ലെന്നാണ്. മേൽപറഞ്ഞ ലക്ഷ്യങ്ങൾക്കവേണ്ടിയുള്ള സുധീരസമീപനമായിരിക്കും ഞങ്ങളുടേതു്. ആ ലക്ഷ്യങ്ങൾ നടപ്പിൽവരുത്തുവാനുള്ള എല്ലാം ആയുധങ്ങളും പ്രയോഗിക്കേണ്ടതായും വരും." ഭാവിവ്യാപാരനയത്തെ പരാമർശിച്ചു് അദ്ദേഹം പറഞ്ഞതു് നമ്മുടെ വ്യാപാരം കഴിവുള്ള സകല മാർഗ്ഗങ്ങളിലും വികസിപ്പിക്കണമെന്നാണ്. വ്യാപാരം എന്നു പറഞ്ഞതു് രാജ്യത്തിനകത്തും പുറത്തുമുള്ള വ്യാപാരത്തെ ഉദ്ദേശിച്ചാണ്. വ്യവസായനയം പൂർത്തിയായി രൂപപ്പെടുത്തിയതിനുമേലല്ലാതെ ദീർഘകാലതാരിപ്പുനയം നിർവ്വഹിക്കാൻ കഴിയുന്നതല്ല. രാജ്യത്തിനുപുറമെയുള്ള വ്യാപാരനയത്തിന്റെ വികസനത്തിനായി കഴിവതെല്ലാം ചെയ്യുവരുന്നുണ്ടു്.

—o—

# ഇതുവരെ ൨൪൦൦൦ ടൺ അരി അയച്ചു

—o—

## ജാവായിൽനിന്നു ഇന്ത്യയിലേക്കു്

ബറേറവിയാ, അക്ടോബർ 11—ഇന്നേതീയതിവരെ ജാവായിൽനിന്നു 24000 ടൺ അരി ഇന്ത്യയിലേയ്ക്കയച്ചിട്ടുണ്ടെന്നു ഇന്ത്യാഗവ: പ്രതിനിധിയായ മി. കെ. എൽ. പഞ്ചാബി ഇന്നു റായിട്ടരോടു പ്രസ്താവിച്ചിരിക്കുന്നു. അരി വിളയുന്ന പ്രദേശങ്ങളിൽനിന്നു പോർട്ടുകളിലേയ്ക്കു അരികയററിഅയയ്ക്കുന്നതിനു നെതർലൻഡ്സു ഇൻഡീസിലെ സഖ്യസേനകൾ റിപ്പബ്ലിക്കൻഅധികൃതർക്കു പ്രതിജ്ഞചെയ്തിട്ടുള്ള ഇരുനൂറോളം ട്രക്കുകൾ നൽകപ്പെടുന്നുടൻ ഭക്ഷ്യസാധനങ്ങളുടെ നീക്കം ത്വരിപ്പിക്കുന്നതാണെന്നും അടുത്തവാരംആദ്യം ഇതു നടന്നേക്കാമെന്നും അദ്ദേഹം തുടർന്നുപ്രസ്താവിച്ചു.

ട്രാൻസ്പോർട്ടാണ് പ്രധാനകാര്യമെന്നും, ജാവായിലേയ്ക്കുള്ള തന്റെ ഇപ്പോഴത്തെ സന്ദർശനം ഈ പ്രശ്നത്തിനു ഒരു പരിഹാരം കണ്ടുപിടിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നും ജാവായിൽ അരി കയററിഅയയ്ക്കുന്ന പോർട്ടുകൾ സന്ദർശിക്കുവാൻ താൻ ഉദ്ദേശിക്കുന്നുവെന്നും സെൻട്രൽ ഇൻഡോനേഷ്യൻ റൈസ് കമ്മററിയുമായി സമ്പർക്കത്തിലേർപ്പെടാൻ താൻ ജോഗ് ജോക്കാർത്തയിലേയ്ക്കു പോകുന്നുണ്ടെന്നും അദ്ദേഹം തുടർന്നുപ്രസ്താവിച്ചു.

—o—

# പത്ര സ്വാതന്ത്ര്യം

—o—

## നിഷ്കൃഷ്ടമായി ബഹുമാനിക്കുമെന്നു് പട്ടേൽ

ന്യൂഡെൽഹി അക്ടോബർ 13—അഖിലേന്ത്യാപത്രാധിപസമ്മേളനം സ്റ്റാൻഡിംഗ്കമ്മിററിയോടു സർദാർ വല്ലഭായി പട്ടേൽ പരിപൂർണ്ണസ്വാതന്ത്ര്യം ബഹുമാനിക്കുന്നതാണെന്നു ഉറപ്പുചെയ്തുകൊണ്ടു നടത്തിയ പ്രഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:—പൊതുജനാഭിപ്രായത്തെ രൂപപ്പെടുത്തുകയെന്നതു പത്രങ്ങളുടെ ചുമതലയാകുന്നു. ഈ കൃത്യം തങ്ങൾക്കു അഭിമാനകരമായും മാതൃഭൂമിയുടെ ഗുണത്തിനുവേണ്ടിയും നിർവ്വഹിക്കാൻ പത്രങ്ങൾക്കു കഴിയുമെന്നു എനിക്കു നിശ്ചയമുണ്ടു്. പത്രങ്ങളുടെമേലുള്ള നിയന്ത്രണം സംബന്ധിച്ച നില ഇന്നു മാറിയിട്ടുണ്ടു്. വിദേശഭരണം അവസാനിക്കാറായി. ഇപ്പോഴത്തെ ഗവണ്മെന്റ താമസിയാതെ രൂപംപ്രാപിക്കുവാൻ പോകുന്ന പരപൂർണ്ണസ്വാതന്ത്ര്യം പ്രാപിക്കുകയെന്ന ലക്ഷ്യമേറിയ ജോലിയിൽ പത്രങ്ങൾ അവയുടെ നിർല്ലോഭമായ പിന്തുണ ഗവണ്മെന്റിനു നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ജനസമൂഹശത്രുക്കൾ നടത്തുന്ന സംരംഭങ്ങളെക്കുറിച്ചു് അദ്ദേഹം പറഞ്ഞതു ഓരോ വ്യക്തിക്കും രക്ഷ നൽകേണ്ടതു് ഏതുഗവമ്മെന്റിന്റെയും പ്രാഥമികകർത്തവ്യമാണെന്നാണ്. ആഭ്യന്തരമായ അസ്വാസ്ഥ്യങ്ങൾ ഏതുവിധത്തിലുള്ളവയായാലും പരിഹരിക്കേണ്ടതാണ്. അതു ശക്തിപ്രയോഗംകൊണ്ടല്ല, കൂടിയാലോചനകൾകൊണ്ടും അവ ഫലിച്ചില്ലെങ്കിൽ മധ്യസ്ഥതീരുമാനംകൊണ്ടും ആണു വേണ്ടതു്. ഈ തത്വം ജനഹൃദയങ്ങളിൽ ഉറപ്പിക്കുന്നകാര്യത്തിൽ പത്രങ്ങൾക്കു ഗണ്യമായ ഒരു ഭാഗം നിർവ്വഹിക്കുവാൻ കഴിയുന്നതാണ്. വാർത്തകൾ നൽകുന്നതിലും അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിലും പത്രങ്ങൾക്കു നിരങ്കുശമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ രാഷ്ട്രത്തിന്റെ ശൈഥില്യരഹിതമായ നിലനില്പിനെ പുലർത്തുന്നതിനും ജനകീയഗവന്റിന്റെ ന്യായമായ സമുദ്യമങ്ങൾക്കു പിൻതുണനൽകുന്നതിനുമുള്ള ചുമതലയും പത്രങ്ങൾക്കുണ്ടു്. ശിഥിലീകരണശക്തികളെ പരാജയപ്പെടുത്തുന്നതിലും സമാധാനഭഞ്ജകരെ നിരുത്സാഹപ്പെടുത്തുന്നതിലും പത്രങ്ങൾ ഗവമ്മെന്റിനെ സഹായിക്കേണ്ടതാണ്. ക്ഷോഭിപ്പിക്കാനുതകുന്ന കാര്യങ്ങൾ പറയുകയോ എഴുതുകയോ ചെയ്യാതിരിക്കുവാൻ പത്രക്കാർ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ പത്രനിയമത്തെ അന്യരാജ്യങ്ങളിലെ പത്രനിയമങ്ങളോടൊപ്പമാകത്തക്കവണ്ണം ഭേദഗതി ചെയ്കയോ റദ്ദാക്കുകയോ ചെയ്കയെന്ന കാര്യത്തെപ്പററി ആലോചിക്കുവാനായി ഉദ്യോഗസ്ഥരും പത്രങ്ങളുടെ പ്രതിനിധികളുമായ അനുദ്യോഗസ്ഥരും ഉൾപ്പെട്ട ഒരു കമ്മിററി ഏർപ്പെടുത്തുന്നതിൽ ഗവമ്മെന്റിനു യാതൊരു വൈമനസ്യവുമില്ല. കമ്മിററിയുടെ പ്രമേയങ്ങൾക്കു ഗവണ്മെന്റിന്റെ സജീവവും സഹഭാവപൂർവ്വവുമായ പരിഗണന ലഭിക്കുന്നതാണ്. പത്രനിയമങ്ങളുടെ പ്രയോഗം പ്രാദേശികഗവമ്മെന്റുകളുടെ വിഷയമാകുന്നു. എന്നാൽ പത്രങ്ങളും ഇടക്കാലഗവമ്മെന്റുമായി സഹകരണത്തിനു ധാരാളം സാദ്ധ്യതയുണ്ടു്. രാഷ്ട്രപോഷണയത്നത്തിൽ പത്രങ്ങളും ഗവമ്മെന്റും യോജിച്ചുപ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പത്രാധിപസമ്മേളനാദ്ധ്യക്ഷൻ മി. തുഷാരകാന്തിഘോഷ് ഇടക്കാലഗവമ്മെന്റിനു അതിന്റെ വൈഷമ്യപൂർണ്ണമായ കൃത്യനിർവ്വഹണത്തിൽ പിൻതുണഉറപ്പുനൽകി. ഗവമ്മെന്റും പത്രങ്ങളും യഥാർത്ഥമായ സഹകരണബുദ്ധിയോടും സൌ[illegible] മുന്നോട്ടുപോകുന്ന ഒരു പുതിയ യുഗത്തെ പത്രങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണ്. ഇന്ത്യൽപ്രസ്സ് എമർജൻസി പൌവേഴ്സ്ആക്ററ്, പ്രിൻസസ് പ്രൊട്ടക്ഷൻആക്ററ എന്നിവയെ റദ്ദാക്കുന്ന വിഷയത്തിൽ ഇടക്കാലഗവമ്മെന്റ എത്രയുംനേരത്തെ നടപടികൾ കൈക്കൊള്ളണമെന്നു താൻ പ്രത്യാശിക്കുന്നതായും അദ്ദേഹംപറഞ്ഞു.

—o—

# ഐക്യരാഷ്ട്രസമ്മേളനം

—o—

## ഇൻഡ്യൻ ഡെലിഗേഷൻ പുറപ്പെട്ടു

ന്യൂഡെൽഹി, അക്ടോ: 13—ഐക്യരാഷ്ട്രസംഘടനയുടെ ജനറൽഅസംബ്ലിയോഗത്തിലേക്കുള്ള ഇൻഡ്യൻഡെലിഗേഷൻ ഇന്നു ന്യൂയാർക്കിലേക്കു വിമാനമാർഗ്ഗം പുറപ്പെട്ടിരിക്കുന്നു. സർ മഹാരാജസിംഗ് മി: ഫ്രാങ്ക് ആന്തണി, ബാംബെ ഹൈക്കോടതിയിലെ മി: ജസ്റ്റിസ് ചാഗ്ളാ നൈസാമിന്റെ എക്സിക്യൂട്ടീവ് കൌൺസിൽമെംബറായ നവാബ്യാർജംഗ് എന്നിവർ ഡെലിഗേഷനിൽ ഉൾപ്പെടുന്നു. മി. കെ. പി. എസ്. മേനോൻ മി. ആർ. എച്ച്. ദേശ്മുഖ്, മി. വി. കെ. കൃഷ്ണമേനോൻ എന്നിവർ കൂടുതൽപ്രതിനിധികളായിരിയ്ക്കും. ആറു ഉപദേഷ്ടാക്കളും രണ്ടു സെക്രട്ടറിമാരും ഡെലിഗേഷന്റകൂടെയുണ്ടു്. ഉപദേഷ്ടാക്കളുടെ കൂട്ടത്തിൽ ഇൻഡ്യാഗവമ്മെന്റിന്റെ കാമൺവെൽത്തുറിലേഷൻസും ലെജിസ്ലേറ്റിവും ഡിപ്പാർട്ടുമെന്റുകളുടെ സെക്രട്ടറിമാരായ മി: ആർ. എൻ. ബാനർജി, എസ്സ്. എ. ലാൽ എന്നിവർ ഉൾപ്പെടുന്നു. പണ്ഡിതനെഹ്റു, മി: ആസഫ് ആലി, മിസിസ് സരോജനിനായിഡു, മിസ് മൃദുലാ ബെൻസാരാബായ് (എ. ഐ. സി. സി. ജനറൽ സെക്രട്ടറി) ഇന്ത്യയിലെ അമേരിക്കൻ ഹൈക്കമ്മീഷണർ മി. ജോർജ്ജ്മൂറിൽ എന്നിവർ വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു. ഡെലിഗേഷനെ നയിക്കുന്ന മിസിസ് വിജയലക്ഷ്മിപണ്ഡിററ് ഇന്നുച്ചയ്ക്കുശേഷം ചെയ്ത ഒരു പ്രക്ഷേപണത്തിൽ പ്രസ്താവിച്ചതു് ഒരു വർഷംമുമ്പ് ഐക്യരാഷ്ട്രങ്ങളുടെ പ്രതിനിധികൾ സാൻഫ്രാൻസിസ്കോയിൽ സമ്മേളിച്ച് മൌലികമനുഷ്യാവകാശങ്ങളിലും സ്ത്രീകളുടെയും പുരുഷന്മാരുടെയും അവകാശങ്ങളിലും വലുതും ചെറുതുമായ രാജ്യങ്ങളുടെ അവകാശങ്ങളിലും ഉള്ള വിശ്വാസം ഉറപ്പിച്ചു പ്രസ്താവിച്ചെങ്കിലും ലോകത്തെ ജനങ്ങൾക്കു് ഉറപ്പുനൽകിയിരുന്ന അവകാശങ്ങൾ ദക്ഷിണാഫ്രിക്കയിൽ ജീവിക്കുന്ന ഇന്ത്യാക്കാർക്കു നിഷേധിച്ചിരിക്കയാണെന്നാണ്. ഇതു് ലോകത്തിന്റെ ഭാവിസമാധാനത്തിലും അഭിവൃദ്ധിയിലും ഏററവും ഗൌരവാവഹമായ അന്തർഭാവങ്ങൾ ഉൾക്കൊള്ളുന്നതരത്തിൽ മനുഷ്യധർമ്മത്തെയും മനുഷ്യത്വത്തെയും സംബന്ധിക്കുന്ന കാര്യങ്ങളാണ്. ഇൻഡ്യൻഡെലിഗേഷന്റെ പ്രഥമകൃത്യം ദക്ഷിണാഫ്രിക്കയിലെ ഇൻഡ്യാക്കാരുടെമേൽ വർണ്ണം വർഗ്ഗം എന്നിവയെ അടിസ്ഥാനമാക്കി ഏർപ്പെടുത്തിയിട്ടുള്ള നിരോധനങ്ങൾ എടുത്തുകളയുവാൻ ആവശ്യപ്പെടുകയും അവർ അർഹിക്കുന്ന മൌലികാവകാശങ്ങളും സ്വാതന്ത്ര്യവും അവർക്കു ഉറപ്പുനൽകുകയും ചെയ്യുക എന്നുള്ളതാണ്. അതിനാൽ ഇൻഡ്യയുടെ ഈ കാര്യം മനുഷ്യാവകാശങ്ങളെ സംബന്ധിക്കുന്ന കാര്യമാണ്. മിസ്സിസ് പണ്ഡിററിന്റെ പ്രസംഗം നാളെ 8-30-നു് 33-49-85 മീററർകളിലും 33806 മീററിലും വീണ്ടും പ്രക്ഷേപണം ചെയ്യപ്പെടുന്നതാണ്:—എ-പി.

—o—

# മുക്കാലിയിൽകെട്ടി അടി

—o—

ബാംബെ അക്ടോ: ൧൩—ഇന്നലെ ഒരാളെ ഒരുവർഷത്തെ കഠിനതടവിനും വിപ്പിംഗ്നിയമമനുസരിച്ചു് മുക്കാലിയിൽ കെട്ടി പത്തടി അടിക്കുന്നതിനും ശിക്ഷിച്ചിരിക്കുന്നു. വിപ്പിംഗ്നിയമമനുസരിച്ചുള്ള ആദ്യത്തെ ശിക്ഷയാണിതു്. അപായമുണ്ടാകുന്ന ആയുധങ്ങൾ കൊണ്ടുനടന്നതായ കുററത്തിനാണ് ശിക്ഷ.

—o—

# ഇടക്കാലഗവൺമെൻറിൽ ചേരാ

## നള്ള വൈസ്രായിയുടെ ക്ഷണം ലീഗ് സ്വീകരിച്ചു

## ഒരുമണിക്കൂർനേരത്തെ ജിന്നാ-വൈസ്രായി കൂടിക്കാഴ്ച

### ൫ സീററുകൾക്കു ലീഗു പേരുകൾ സമർപ്പിക്കും

**മി. ജിന്നാ ഇടക്കാലഗവൺമെൻറിൽ അംഗമായിചേരുവാനിടയില്ല**

(എ. പി. ഐ)

ന്യൂഡൽഹി, അക്ടോ ൧൩—ഇടക്കാലഗവൺമെൻറിൽ ൫ സീററുകൾ നൽകുന്നതാണെന്ന വൈസ്രായിയുടെ നിർദ്ദേശം സ്വീകരിക്കുവാൻ മുസ്ലീംലീഗ് പ്രവർത്തകസമിതി ഇന്നു കാലത്തു തീരുമാനിച്ചതായറിയുന്നു. മി: ജിന്നാ ഇന്നു വൈകുന്നേരം വൈസ്രായിയുമായി ഒരു കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ച ഒരുമണിക്കൂറിൽ കൂടുതൽ നീണ്ടുനിന്നു.

### ഏകപ്രതിനിധിയെന്നുള്ള ലീഗ് വാദം കാൺഗ്രസ്സ് നിരസിച്ചു


ന്യൂഡൽഹി, അക്ടോ ൧൩—ലീഗു-കാൺഗ്രസ്സ് ഒത്തുതീർപ്പിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടു; കാൺഗ്രസ്സ് സമ്മതിക്കണമെന്നുള്ള മി: ജിന്നായുടെ നിർബന്ധം കാൺഗ്രസ്സ് വകവച്ചു കൊടുക്കാത്തതുകൊണ്ടാണെന്നു മുമ്പു റിപ്പോർട്ടുചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ചു റിപ്പോർട്ടുകളിൽനിന്നു ലഭിക്കുന്ന കൂടുതൽവിവരങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. ലീഗുമാത്രമാണ് മുസ്ലിങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന ഏകസംഘടനയെന്ന വാദത്തിനു കാൺഗ്രസ്സിൽനിന്നോ വൈസ്രായിയിൽനിന്നോ ആനുകൂല്യം ല



വൈസ്രായി വേവൽപ്രഭു

ഭിച്ചില്ല. ഇന്ത്യയിൽ മുസ്ലീങ്ങളുടെ ഏകപ്രതിനിധി ലീഗുമാത്രമാണെന്നു കാണിച്ചില്ല. ന്യൂനപക്ഷപ്രതിനിധികളെ മന്ത്രിസഭയിലേക്കു തിരഞ്ഞെടുക്കുന്ന കാര്യം സംബന്ധിച്ചു കാൺഗ്രസ്സിൻെറ അഭിപ്രായം ഒരു വർഗ്ഗീയസംഘടനയായ മുസ്ലിംലീഗിനു ആ വിഷയത്തിൽ അഭിപ്രായം പറവാൻ അവകാശമില്ലെന്നാണ്. നേരെമറിച്ച് കാൺഗ്രസ്സിനു ഭൂരിപക്ഷം ഹിന്ദുക്കളുടെയും സകല ന്യൂനപക്ഷങ്ങളുടെയും ഗണ്യമായ ഒരു സംഖ്യ മുസ്ലിങ്ങളുടെയും പ്രാതിനിധ്യവും പിൻതുണയും ന്യായമായി അവകാശപ്പെടാവുന്നതാണ്.

വേറൊരു മുഖ്യകാര്യം മന്ത്രിസഭയുടെ സംയുക്തഉത്തരവാദിത്വം സംബന്ധിച്ചതാണ്. പണ്ഡിതനെഹ്റുവുമായുള്ള സംഭാഷണത്തിൽ ഇക്കാര്യത്തിൽ മി. ജിന്നാ ആക്ഷേപമൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നാണറിയുന്നത്. കാൺഗ്രസ്സുമായി ഒരു ഒത്തുതീർപ്പിലെത്താതെ ലീഗ് ഇടക്കാലഗവൺമെൻറിൽ പ്രവേശിക്കയും ഏതെങ്കിലും ഒരുവിഷയത്തെസംബന്ധിച്ചു മന്ത്രിസഭയുടെ തീരുമാനം സർവ്വസമ്മതമല്ലെന്നു വരികയുംചെയ്താൽ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു വൈസ്രായി പ്രവർത്തിക്കുമെന്നുള്ളതാണ് ന്യായമായി പ്രതീക്ഷിക്കേണ്ടനില. എല്ലാ സംഗതികളിലും യോജിച്ചു തീരുമാനംചെയ്യാൻ മന്ത്രിസഭ ശ്രമിക്കും. എന്നാൽ മന്ത്രിസഭയ്ക്കുള്ളിൽ ഏതെങ്കിലും ഒരു ഗ്രൂപ്പു വിയോജിക്കുന്നപക്ഷം ഗവർണ്ണർജനറലിനു ഇന്ത്യയിലെ സമാധാന



ലീഗ്പ്രസിഡൻറ് മി: ജിന്നാ

ത്തിനു തനിക്കു നേരിട്ടു ഉത്തരവാദിത്വമുള്ള കാര്യങ്ങളിലൊഴിച്ച് ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രവർത്തിക്കാവുന്നതാണെന്നു വ്യവസ്ഥയുണ്ട്. ആവിധകാര്യങ്ങളിലും ഗവൺമെൻറിൻെറ വ്യവസ്ഥാപിതമേധാവിയും 'ഡെമൊക്രാററിക്കു' അദ്ധ്യക്ഷനും എന്നനിലയിൽ വൈസ്രായി പ്രവർത്തിക്കുമെന്നുതന്നെ പ്രതീക്ഷിക്കപ്പെടുന്നു.

മി. ജിന്നാ ഇടക്കാലഗവൺമെൻറിൽ അംഗമായിച്ചേരുവാൻഇടയില്ല. എന്നാൽ ലീഗുമെമ്പറന്മാർക്കുള്ള പോർട്ടുഫോളിയോവിതരണം സംബന്ധിച്ചു പണ്ഡിതനെഹ്റു, വൈസ്രായി എന്നിവരുമൊന്നിച്ചിരുന്ന് മി. ജിന്നാ ചർച്ചകൾ നടത്തുന്നതാണ്. ലീഗിനു അധികാരവീതം എത്രയും കൂടുതൽ ലഭിക്കുന്നതിനു മി. ജിന്നാ ശ്രമിക്കാതിരിക്കുന്നതുമല്ല.

വൈസ്രായിയുടെ ക്ഷണമനുസരിച്ചു ലീഗ് ഇടക്കാലഗവൺമെൻറിലെ അഞ്ചുസ്ഥാനത്തേക്കു പേരുകൾ സമർപ്പിക്കുന്നതാണ്.



ഭോപാൽനവാബ്

ലീഗുപ്രവർത്തകസമിതിഅംഗങ്ങൾ ഡൽഹിയിൽനിന്നു പോകരുതെന്നു മി. ജിന്നാ നിർദ്ദേശിച്ചിട്ടുള്ളതായറിയുന്നു.

### ഭോപാൽ നവാബ് ഗാന്ധിജിയെക്കണ്ടു

ന്യൂഡൽഹി, അക്ടോ: 13—ഇന്നലെ രാത്രി ഭോപാൽനവാബ് ഡൽഹിയിൽനിന്നു മടങ്ങുന്നതിനുമുമ്പായി വൈകുന്നേരം മഹാത്മജി ബറോഡാഹൗസിൽവച്ചു നവാബിനെ സന്ദർശിച്ചു. ഭോപാൽനവാബ് ഇന്നലെ ഡൽഹി വിട്ടുകയുണ്ടായി.

### മുൻപടയാളികൾക്കു കുടിയേറിപാർക്കുവാൻ

ന്യൂഡെൽഹി, ഇന്ത്യയിലെ വിവിധപ്രവിശ്യകളിൽ, മുൻപടയാളികൾ അംഗങ്ങളായുള്ള കാർഷികാധിനിവേശസംഘങ്ങൾ രൂപവൽക്കരിക്കുന്നതാണ്. ഇവർക്കു കുടിയേറിപാർക്കുവാനുള്ള കോളനികളുടെ ഉടമസ്ഥാവകാശം ഈ സംഘങ്ങൾക്കായിരിക്കും. എന്നാൽ മൂന്നിൽപരം വർഷം കോളനിയിൽ കൃഷിജോലി നടത്തുന്ന കുടിയാനവനു പരിപൂർണ്ണമായ കൈവശാവകാശം ഉണ്ടായിരിക്കുന്നതാണ്. അങ്ങിനെ ചെയ്യാത്തപക്ഷം, അയാൾ സംഘത്തിലെ അംഗമല്ലാതാവുകയും അയാളുടെ സ്ഥലം പുതിയൊരംഗത്തിനു നൽകുകയും ചെയ്യും.

കോളനിയിൽ കുടിയേറിപാർക്കുന്നവർക്കു വേറെ ഭൂമിയുണ്ടായിരിക്കരുത്. യുദ്ധത്തിനുമുമ്പു അവർ കൃഷിയിൽ ഏർപ്പെട്ടിരുന്നവരായിരിക്കണം. യുദ്ധസേവനകാലത്തു കൃഷിപരിശീലനം കഴിച്ചിട്ടുണ്ടാവുകയുംവേണം. സംഘാംഗമെന്നനിലയിൽ കോളനിയിൽ തമസിച്ചുജോലിചെയ്യാൻ ഓരോ അംഗവും സന്നദ്ധനായിരിക്കണം. കുടിയേറിപാർക്കുന്നതു സംബന്ധിച്ചു കുടിയാന്മാർക്കു വേണ്ടിവരുന്ന ചിലവിലേക്കു പ്രത്യേകഗ്രാൻറുകൾ നൽകുന്നതാണ്. ഓരോ അംഗവും 500-കം. വിതം മൂലധനഓഹരി അടക്കേണ്ടതുണ്ട്. ഈ തുക ഒട്ടെന്നുഅടയ്ക്കുവാൻ പലർക്കും സാധിച്ചില്ലെന്നുവരാം. എന്നാൽ 50-കം-യുടെ ഓരോഹരി എടുക്കുന്നപക്ഷം പോരാത്തസംഖ്യയ്ക്കു ഒരു കടംവായ്പ അനുവദിക്കുന്നതാണ്. ടി സംഖ്യ ഏതാനുംവർഷങ്ങൾക്കുള്ളിൽ അടച്ചുതീർത്താൽ മതിയാവും. നേരിയ പലിശ മാത്രമേ ഈടാക്കുകയുള്ളു.

## പൗരസ്ത്യരാജ്യസമ്മേളനം

### വീററ്നാം റിപബ്ളിക്കിനു നെഹ്റുവിൻെറ ക്ഷണം

ന്യൂഡൽഹി, അക്ടോബർ ൧൩—വീററനാമിലെ ജനങ്ങളുടെ പ്രതിപുരുഷനെന്നനിലയിൽ ഞാൻ ഇന്ത്യൻജനതയ്ക്കു സഹോദരസഹജമായ ആശംസകൾ അയക്കുന്നു. ഞാൻ നാട്ടിലെത്തുമ്പോൾ എൻെറ ജനങ്ങളോടു ഇൻഡ്യ എപ്രകാരമാണ് സ്വന്തം സ്വാതന്ത്ര്യത്തിനും സ്വാധിപത്യത്തിനുംവേണ്ടി മാത്രമല്ലാതെഏഷ്യയിലെ എല്ലാരാജ്യങ്ങളുടെയും സ്വാതന്ത്ര്യത്തിനും സ്വാധിപത്യത്തിനുംവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുന്നതാണ്" എന്നിങ്ങനെയാണ് വീററനാം (ഇൻഡോചൈനാ) പ്രസിഡൻറ ഹോഷിമിൻ പണ്ഡിതനെഹ്റുവിൻെറ ഒരു സന്ദേശത്തിനു മറുപടിയായി പ്രസ്താവിക്കുന്നത്. പാരിസിൽനിന്നു നാട്ടിലേക്കു മടങ്ങുന്ന പ്രസിഡൻറ ഹോഷിമിൻ ഇന്നു ക്യാൻഡിയിൽ ഇറങ്ങി സിലോണിലെ ഇൻഡ്യാഗവൺമെൻറ പ്രതിനിധിയായ മി. ആനേയുമായി ഒരു മണിക്കൂറോളം സ്നേഹപൂർവ്വം സംഭാഷണം നടത്തി. ഈ അവസരത്തിലാണ് പണ്ഡിതനെഹ്റുവിൻെറ സന്ദേശം ശ്രീ. ആനേ അറിയിച്ചത്.

പണ്ഡിതനെഹ്റുവിൻെറ സന്ദേശത്തിൽ ഇപ്രകാരം പറയുന്നു:—വീററനാം പ്രസിഡൻറിനെ അഭിമുഖമായി സന്ദർശിച്ചു തങ്ങളുടെ ജനതയ്ക്കുള്ള ഇന്ത്യയുടെ മംഗളാശംസകൾ നേരിട്ടറിയിക്കുവാൻ സാധിച്ചിരുന്നെങ്കിൽ അതു വളരെ സന്തോഷകരമായിരുന്നു. ഏഷ്യയുടെ സകല ഭാഗങ്ങളുടെയും സ്വാതന്ത്ര്യം ഞങ്ങൾ സ്വാഗതംചെയ്യുന്നു. സ്വാതന്ത്ര്യം, സമാധാനം എന്നിവയ്ക്കുവേണ്ടി ഏഷ്യയിലെ എല്ലാ രാജ്യങ്ങളുടെയും അവയിലെ ജനങ്ങളുടെയും സഹകരണത്തെ ഞങ്ങൾ പ്രതീക്ഷിക്കയും ചെയ്യുന്നു. മാർച്ചുമാസത്തിൽ ഡൽഹിയിൽവച്ച് ഒരു ഇൻറർഏഷ്യൻ റിലേഷൻസ് കാൺഫറൻസുനടത്തുവാൻ ഉദ്ദേശമുണ്ട്. ഏഷ്യയിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലുംനിന്നു ഈ കാൺഫറൻസിലേയ്ക്കു പ്രതിനിധികളെ പ്രതീക്ഷിക്കുന്നു. വീററനാം റിപ്പബ്ളിക്കും ഈ കാൺഫറൻസിൽ സംബന്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

## തിരുച്ചെന്തൂരിൽ ക്ഷേത്രപ്രവേശനം

തിരുച്ചെന്തൂർ, അക്ടോ 12—തിരുച്ചെന്തൂർ ശ്രീസുബ്രഹ്മണ്യസ്വാമിക്ഷേത്രം താമസിയാതെ ഹരിജനങ്ങൾക്കു തുറന്നുകൊടുക്കുന്നതാണ്. മി: കനകസഭാപതിപിള്ളയുടെ അദ്ധ്യക്ഷതയിൽ അക്ടോബർ 11-ാനു- നടന്ന തിരുച്ചെന്തൂർ പഞ്ചായത്തുബോർഡിൻെറ ഒരു യോഗത്തിൽ വച്ചാണ് ഇപ്രകാരം തീരുമാനിച്ചിരിക്കുന്നത്.

## വിൻഡ്സർപ്രഭുവും പത്നിയും

### ഇംഗ്ലണ്ടിൽ തിരിച്ചെത്തി

ഡോവർ, അക്ടോ 11—വിൻഡ്സർപ്രഭുവും പത്നിയും ഫ്രാൻസിൽനിന്നു കപ്പലിൽ ഇവിടെ എത്തിയിരിക്കുന്നു.

# റഷ്യൻസ്ത്രീകൾ

(പി. ജി. വാസുദേവ്)

ഈ കഴിഞ്ഞ ലോകമഹായുദ്ധകാലത്ത് റഷ്യൻ സ്ത്രീകൾ അസൂയാർഹമാം വണ്ണം ഉയന്നിട്ടുണ്ട്—അധികാരത്തിലും, ആദരവിലും, പദവിയിലും. അന്ന് അവർക്ക് ഈ ലോകത്തിലെ ഏതൊരു സ്ത്രീസമുദായത്തെയുമപേക്ഷിച്ച് കൂടുതൽ ദുഃഖം സഹിക്കേണ്ടിവന്നു. രക്തവും വിയർപ്പും ഒഴുക്കേണ്ടിവന്നു. ജമ്മൻ പടയുടെ വിനാശകരമായ ആക്രമണങ്ങളിൽനിന്ന് റഷ്യയെരക്ഷിച്ചതിന്റെ കൂടുതൽ ശ്രേയസ്സ് അവിടത്തെ സ്ത്രീകൾക്കാണ് നൽകേണ്ടതു്.

ശത്രുക്കളെ അടിച്ചോടിക്കുന്ന കാര്യത്തിൽ റഷ്യൻ സ്ത്രീകൾമററ ഏതുരാജ്യത്തിലെ സ്ത്രീകളെക്കാളും കൂടുതൽ സജീവമായി പ്രവർത്തിച്ചു. അവർ യുദ്ധവിമാനങ്ങളെയും ബോംബർവിമാനങ്ങളെയും പ്രശംസാർഹമായ നിലയിൽനയിച്ചു. തോക്കും പീരങ്കിയുമുപയോഗിച്ച് യുദ്ധം ചെയ്തു. ശത്രുക്കളെപിറകിലൂടെ ആക്രമിച്ച് അമ്പരപ്പിച്ചു. കൂടാതെ അനാകർഷകങ്ങളായ മററപ്രവൃത്തികളിലും അവർ ഏർപ്പെട്ടിരുന്നു—ഗതാഗതം, പട്ടാളക്കാർക്ക് ആഹാരസാധനങ്ങൾ എത്തിച്ചുകൊടുക്കുക, യുദ്ധത്തിൽമുറിവേററവരെ ശുശ്രൂഷിക്കുക എന്നുതുടങ്ങി പലതിലും. അങ്ങനെ ആരോഗ്യമുള്ള സകല പുരുഷന്മാക്കും യുദ്ധരംഗങ്ങളിലേക്കു പോകുവാൻ സാധിച്ചു.

മൂന്നുവർഷത്തിൽ കൂടുതൽ നീണ്ടുനിന്ന ആ ഭയങ്കര സംഘട്ടനങ്ങളിൽ പെട്ടന്നട്ടം തിരിഞ്ഞു് സ്വന്തം കൃഷിപ്രദേശങ്ങൾ പോലും ജമ്മൻകാക്ക് വിട്ടുകൊടുക്കുവാൻ റഷ്യക്കാർ നിർബ്ബന്ധിതരായിത്തീർന്നു. അവർക്കു് ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനു് മററു് കൃഷിസ്ഥലങ്ങൾ കണ്ടുപിടിക്കേണ്ടിവന്നു. ഈ സന്ദർഭത്തിൽ റഷ്യൻ സ്ത്രീകളാണ് റഷ്യൻജനതയ്ക്കും ചെമ്പടയ്ക്കും ആഹാരസാധനങ്ങളും, വസ്ത്രങ്ങളും മററു് അത്യാവശ്യസാധനങ്ങളും ഉല്പാദിപ്പിച്ച് എത്തിച്ചുകൊടുക്കുന്ന ചുമതല വിജയപ്രദമായി നിർവ്വഹിച്ചിരുന്നതു്.

അമേരിക്കയും ബ്രിട്ടനും യുദ്ധകാലകടം കൊടുത്തു് റഷ്യക്കാരെ സഹായിച്ചിട്ടുള്ള സംഗതി നമുക്കറിയാം. എന്നാൽ റഷ്യൻ സൈന്യത്തിന്റെ ആവശ്യത്തിനുവേണ്ടിയിരുന്ന സാധനങ്ങളിൽ എഴുപത്തഞ്ചിൽ കൂടുതൽ ശതമാനവും റഷ്യയിൽനിന്നുതന്നെ ഉണ്ടായിട്ടുള്ളതും അതിന്റെ നിർമ്മാണകാര്യം മുഴുവൻ വഹിച്ചിരുന്നതു് റഷ്യൻ സ്ത്രീകളുമായിരുന്നു. അവർതന്നെയാണു് സൈനികനിരകളിൽ അവ എത്തിച്ചുകൊടുത്തിരുന്നതും.

വൃദ്ധകളും യുവതികളും റേലുകളിൽ പ്രവൃത്തിയെടുത്തു. സാമാനങ്ങൾ ചുമന്നു. കൊടുംതണുപ്പിൽ അവർ മോസ്കോയിലെ റോഡുകളിൽനിന്നു് മഞ്ഞുകട്ടകൾ വെട്ടിമാററി അവരുടെ സൈന്യത്തിനു വഴി തെളിച്ചു. ശത്രുക്കളെ അടിച്ചോടിച്ച് ദേശത്തെ രക്ഷിക്കുവാൻ വേണ്ടി ജീവനപേക്ഷിച്ച് അടരാടുന്ന സ്വന്തം ഭർത്താക്കന്മാരെയും സഹോദരന്മാരെയും സന്തോഷിപ്പിക്കുവാൻ അവർ ആടുകയും പാടുകയും നടിക്കയും ചെയ്തു. പുരുഷന്മാർ ജോലി ചെയ്തിരുന്ന എത്രയോ ആഫീസുകളാണ് ഏററവാങ്ങി അവരെ യുദ്ധസേവനത്തിനയച്ചതു്.

ഇതുകൂടാതെ റഷ്യൻസ്ത്രീകൾ ചില ചില്ലറ ത്യാഗങ്ങൾകൂടി അനുഭവിച്ചിരിക്കുന്നു. ഒരുപക്ഷെ അവ നമ്മുടെ ദൃഷ്ടിയിൽ മഹത്വപൂർണ്ണമല്ലായിരിക്കാം, എങ്കിലും എഴുതുന്നു. മററ സ്ത്രീകളെപ്പോലെ റഷ്യൻസ്ത്രീകളും നല്ല വസ്ത്രങ്ങൾ ധരിക്കുവാൻ ആഗ്രഹമുള്ളവരാണ്. വിശ്രമവേളകളിൽ അവരുടെ കുട്ടികളെ അടുത്തിരുത്തി കളിപ്പിക്കുവാൻ അവക്കും കൊതിയുണ്ടു്. സമാധാനകാലത്തു് സ്ത്രീകൾക്കുണ്ടാകുന്ന സകല സുഖസൗകര്യങ്ങളും പ്രയോജനപ്പെടുത്തിയാൽ കൊള്ളാമെന്നു് അവരും ആശിക്കുന്നു.

കഴിഞ്ഞ യുദ്ധകാലത്തു് ഒരിക്കലെങ്കിലും ഒരു പുതിയ വസ്ത്രം ധരിക്കുവാൻ അവക്കു സാധിച്ചില്ല. കീറിയ വസ്ത്രങ്ങൾ തുന്നി അവർ ഉപയോഗിച്ചു. ചെരിപ്പുകളുടെ കീറലുകൾ തയിച്ചു് തയിച്ചു് അവർ വിഷമിച്ചുകാണണം. ലിപ്സ്റ്റിക്കും പൌഡറും മററും ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന സാധനങ്ങൾപോലും യുദ്ധസാമഗ്രികളുണ്ടാക്കുവാൻ വിനിയോഗിച്ചു വന്നു. റഷ്യയുടെ 25 വർഷത്തെ പരിശ്രമം അവിടത്തെ സ്ത്രീകളെ വളരെ വളരെ ഉയത്തിയിട്ടുണ്ടു്. അവർ ഇനിയും ഉയരണമെന്നാണു് റഷ്യ ആഗ്രഹിക്കുന്നതു്.

റഷ്യൻസ്ത്രീകൾ വളരെക്കാലമായി നിയമദൃഷ്ട്യാ പുരുഷന്മാക്കുതുല്യമായ അധികാരങ്ങളും അവകാശങ്ങളും അനുഭവിച്ചുവരുന്നു എന്നതു് ശരിതന്നെ. എന്നാൽ റഷ്യ ഒരു പുതിയ രാജ്യമാണെന്നും അവിടത്തെ ഭരണാധികാരികൾ ആ പൗരന്റെ അവകാശങ്ങളെ അപേക്ഷിച്ച് അവന്റെ കത്തവ്യങ്ങളിലാണ് കൂടുതൽ ശ്രദ്ധിക്കുന്നതെന്നും നാം ഓർമ്മിക്കണം. അങ്ങനെ അവിടത്തെ സ്ത്രീകൾ വയലുകളിൽ പണിയെടുക്കുന്നതിനും, പുത്രോല്പാദനത്തിനും, കുട്ടികളെ ശുശ്രൂഷിക്കുന്നതിനും ഒഴിവുസമയങ്ങളിൽ വീട്ടുകാര്യങ്ങൾ നോക്കുന്നതിനും നിർബന്ധിതരായിത്തീരുന്നു.

മുപ്പതുവർഷംമുമ്പ് റഷ്യൻസ്ത്രീകൾ എത്രയോ അപരിഷ്കൃതരായിരുന്നു! ഇന്നാകട്ടെ അവർ ഒരു പ്രത്യേക ഉദ്ദേശ്യത്തെ മുൻനിറുത്തി ജീവിക്കുന്നു. അതിൽ അവർ അഭിമാനംകൊള്ളുകയും ചെയ്യുന്നു. റഷ്യൻ ഭരണകായ്യങ്ങളിലും രാജ്യരക്ഷയിലും അവിടത്തെ സ്ത്രീകൾ നൽകിയിട്ടുള്ള സഹായം ഭരണകൂടം സർവ്വാത്മനാ സ്വീകരിക്കയും അവരെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു.

തന്റെ കുടുംബത്തോടും കുടുംബാംഗങ്ങളോടും സ്ത്രീകളിൽ സ്വാഭാവികമായി കാണാറുള്ള മമതയെ സംബന്ധിച്ചിടത്തോളം റഷ്യൻസ്ത്രീകൾ അപവാദങ്ങളല്ല. സോവിയററ് റഷ്യയുടെ ആരംഭകാലത്തു് വിവാഹവും വിവാഹമോചനവും ഒരു നേരംപോക്കു് മാത്രമായിരുന്നു—യാതൊരു വിഷമവുമുണ്ടായിരുന്നില്ല, കുട്ടികളെ രക്ഷിക്കുക എന്നതു മാത്രമായിരുന്നു സ്ത്രീകളുടെ ജോലി. എന്നാൽ അടുത്ത കാലത്തു് ഈ സംഗതിയിൽ വലിയ മാററം വന്നുപോയിട്ടുണ്ടു്. 1944 ജൂലായ് മാസം എട്ടാംതീയതികൂടിയ "പ്രസീദിയുമിൽ" (സോവിയററ് ഭരണസമിതിയിൽ) ഈ നിയമത്തെ പാടെ എടുത്തുകളഞ്ഞിരിക്കുന്നു. വിവാഹം ഇന്നു് റഷ്യയിൽ അല്പം ഗൌരവമുള്ള കാര്യമായിത്തീന്നിട്ടുണ്ടു്. റഷ്യയിലെ പുതിയ ഭരണഘടനയനുസരിച്ച് വിവാഹമോചനം അത്ര സുഗമമല്ല—അതിനുവേണ്ടി വലിയ മൂല്യം നൽകേണ്ടിവരുന്നു.

ആ മാതാവെന്ന നിലയിൽ സ്ത്രീകളെ റഷ്യാക്കാർ വളരെ ബഹുമാനിക്കുന്നു. മാതാവിനെ അപമാനിക്കുന്നവനെ അധമനായി കരുതുകയും അവനു് ഭയങ്കരശിക്ഷകൾ നൽകുകയും ചെയ്യുന്നു. കുടുംബാംഗങ്ങളെ വർദ്ധിപ്പിക്കുവാൻ പ്രേരിപ്പിക്കയെന്നതാണു് ഈ നിയമത്തിന്റെ ഉദ്ദേശം. പത്തിൽ കൂടുതൽകുട്ടികളുടെ മാതാവു് 'വീരമാതാവു്' എന്നപദവിക്കു് അർഹയായിത്തീരുന്നു. വീരമാതാവിനു് ഗവൺമെണ്ടു് സ്വർണ്ണമെഡലും അവരുടെനിലയ്ക്കനുസരണമായ ബോണസ്സ്മുതലായവയും കൊടുത്തു് സന്താനോല്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നു. രണ്ടാരണ്ടിൽ കൂടുതലും കുട്ടികളുള്ള മാതാക്കൾക്കു് മാസംതോറും സഹായധനം നൽകുക സാധാരണയാണു്. അവിവാഹിതകളായ മാതാക്കൾ പോലും ഈ ബോണസിനു് അധികാരികളാണു്. അവർക്കു് അവരുടെ കുട്ടികളെ അനാഥാലയങ്ങളിൽ അയയ്ക്കുന്നതിനും പ്രായമായശേഷം തിരിയെകൊണ്ടുപോകുന്നതിനുമുള്ള അവകാശമുണ്ടു്. ഗർഭിണികളായ സ്ത്രീകൾക്കു് പ്രസവത്തിനുമുൻപു് മുപ്പത്തിയാറു് ദിവസത്തെയും പ്രസവത്തിനുശേഷം നാല്പത്തിയാറു് ദിവസത്തെയും അവധിനൽകപ്പെടുന്നു.

ചിലസ്ത്രീകൾ കൌടുംബിക ജീവിതം ഇഷ്ടപ്പെടുന്നു. അവരുടെ തൃപ്തിക്കുവേണ്ടിഗവൺമെണ്ടു് കുടുംബജീവിതത്തെ ബാധിക്കുന്ന പലനിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ടു്. ഒരു തൊഴിൽപ്രധാനമായ നഗരത്തെ വികസിപ്പിക്കുന്നതിനോ യുദ്ധംമൂലം നശിച്ചുപോയിട്ടുള്ള നഗരങ്ങളെപുനഃസ്ഥാപിക്കുന്നതിനോ ജനങ്ങൾ ആഗ്രഹിച്ചാൽ ഗവൺമെണ്ടു് ഭവനനിർമ്മാണത്തിനും മററു് ആവശ്യംവേണ്ട കാര്യങ്ങൾക്കുമായി ദീർഘകാലത്തെ അവധിക്കു് ആവശ്യമുള്ളത്രപണം പലിശക്കു് കടം കൊടുക്കുന്നു. ഇങ്ങനെ ഭവനങ്ങൾ ഉണ്ടാക്കപ്പെടുന്ന ഭൂമി ഗവൺമെണ്ടിന്റെയും സാധനസാമഗ്രികൾ വ്യക്തികളുടേതുമായിരിക്കും.

മററു്ദേശങ്ങളിലെന്നപോലെ റഷ്യൻ കുടുംബജീവിതത്തെയും, യുദ്ധകാലത്തു സംഭവിക്കുന്ന ആകസ്മികമരണം കൂടുതൽ പ്രിയതരവും സുശക്തവുമാക്കിയിട്ടുണ്ടു്. ഇതു കൊണ്ടുതന്നെയാണു് സോവിയററ് ജീവിതത്തിൽ പള്ളികൾക്കു വീണ്ടും സ്ഥാനംകിട്ടിയിരിക്കുന്നതു്. അവിടത്തെപള്ളികളിൽ പോകുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണു്.

ഒന്നു് തീർത്തുപറയാം. റഷ്യൻ സ്ത്രീകളുടെ അതീതകാലത്തിൽ നിന്നു് എത്രയോ ഉപരിയായിട്ടുള്ള ഒരു സ്ഥാനമാണു് ഇന്നു് അവക്കുള്ളതു്. ഇന്നു് അവർകൂടുതൽ സമാധാനചിത്തരും സുഖികളുമാണു്. അതുകൊണ്ടു് ഭാവിയിൽ റഷ്യയിൽ ഉണ്ടായേക്കാവുന്ന പരിവർത്തനങ്ങളിൽ നിന്നു് ഒഴിഞ്ഞുമാറിനിൽക്കാമെന്നു് അവർ മോഹിക്കുന്നില്ല. ഏതു് വിപത്തിനെയും എതിരിടാൻ പഴേപടി അന്നും അവർ തയ്യാറായിരിക്കും. ആ വിപത്തുകൾ ഒരു തരത്തിലും കഴിഞ്ഞതിനെ അപേക്ഷിച്ചു് കൂടുതൽ ഭയങ്കരങ്ങളായിരിക്കയുമില്ല.

—*—


## ദി ന്യൂ ഇന്ത്യാഅഷ്വറൻസ്

## കമ്പനി ക്ലിപ്തം

(ഹെഡ്ആഫീസ്: ബോംബെ)

## ഫയർ, ലൈഫ്, മറയിൻ & ആക്സിഡൻറ്

എന്നീ വകുപ്പ് ഇൻഷ്വറൻസ് നടത്തുന്നു

ചെയർമാൻ—സർ ചുനിലാൽ വി. മേത്ത.

വൈസ്‌ചെയർമാൻ—ജെ. ആർ. ഡി. ടാററാ അവകൾ.

ലൈഫ് ബിസിനസ്സ് തുകകൾ

പുതിയ ബിസിനസ്സ് 1945-ലെ 8 കോടിക്കുമേൽ

നിലവിലുള്ള ബിസിനസ്സ് (31-12-1945-ൽ) 27 കോടിക്കുമേൽ

ധനപരമായനില

| | | |
|---|---|---|
| അടച്ച മൂലധനം | ,, | രൂ. 71,21,055 |
| ആകെ ഫണ്ടുകൾ | ,, | 7 കോടിക്കുമേൽ |
| ആകെ സ്വത്തു് | ,, | ഉദ്ദേശം 9 കോടി |
| തുടങ്ങിയതുമുതൽ ആകെ കിട്ടിയപ്രീമിയം | } | 24 കോടിക്കുമേൽ |
| ആകെ കൊടുത്ത ക്ലെയിംസ് | | 12 കോടിക്കുമേൽ |

ഇൻഷ്വർ ചെയ്യുന്നതിനും, പ്രതിനിധികരിക്കുന്നതിനും, ഇന്ത്യയിലെ ഒന്നാംതരം കമ്പനി.

സ്വാധീനശക്തിയുള്ള സ്ത്രീ പുരുഷന്മാരിൽനിന്നും തിരുവിതാംകൂറിലെ വിവിധസ്ഥലങ്ങളിൽ ഈ കമ്പനിയെ പ്രതിനിധീകരിക്കുന്നതിനു് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷിക്കുക—

പി. ജെ. മത്തായി ബി. എ.
ഓർഗനൈസർ,
ശീമാട്ടിഹാൾ—ആലപ്പുഴ.

കെ. ഗണപതി,
ബ്രാഞ്ചു് മാനേജർ,
മദ്രാസ് ബ്രാഞ്ചു്
4&5 ഫസ്റ്റ് ലൈൻ ബിച്ചു്.



## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ

മഹത്തായ 6-ാംവാരം!

ററി. ആർ. മഹാലിംഗം, നാഗർകോവിൽ മഹാദേവൻ, കുമാരി രുഗ്മിണി

അഭിനയിച്ച

### ശ്രീ വള്ളി

കള്ളർ ചിത്രം.

അമ്പലപ്പുഴ ഗോപിടാക്കീസിൽ

വെമ്പൂരി ഗഗ്ഗയ്യ-കമലാകോട്നിസ് രുഷ്യേന്ദ്രമണി, മുതലായവരഭിനയിച്ച

### ശ്രീ സീതാരാമജനനം

എന്ന മഹനീയപുണ്യപുരാണചിത്രം.

കരുനാഗപ്പള്ളിക്രൗണിൽ

K. L. V. വസന്ത, മാസ്റ്റർ മഹാലിംഗം, T. S. ബാലയ്യാ, N. S. കൃഷ്ണൻ, T. A. മധുരം, T. S. ദുരൈരാജ്, സ്വാമിനാഥൻ, കുമാരിരുഗ്മിണി മുതലായവർ അഭിനയിച്ച

### ഭൂലോകരംഭ.

ചവറ ബേബിടാക്കീസിൽ

പി. എസ്. രത്തിനാബായ്, പി. എസ്. സരസ്വതീബായ്, എം. ആർ. കൃഷ്ണമൂർത്തി, മധുരം അഭിനയിച്ച

### — രത്നാവലി —

എന്ന തമിഴ്ചിത്രം

ഭിന്നഭിന്ന വർഗ്ഗങ്ങൾ തമ്മിലുള്ള പരസ്പരസംഘട്ടനങ്ങളുടെ ഉദാഹരണങ്ങൾ ഏതു രാഷ്ട്രചരിത്രം പരിശോധിച്ചാലും കിട്ടും. സംസ്കാരാഭിവൃദ്ധി, ഏറെക്കുറെ ഒരു രാഷ്ട്രത്തിനുണ്ടാകുന്നതും ഈ മാതിരി സംഘട്ടനങ്ങൾകൊണ്ടാണു്. വിഭിന്നാദർശങ്ങൾ വച്ചു പുലർത്തുന്ന രണ്ടു വർഗ്ഗങ്ങൾ തമ്മിൽ യോജിക്കുവാൻ പരിതഃസ്ഥിതി പ്രേരിപ്പിക്കുമ്പോൾ അവയുടെ സാമുദായികജീവിതത്തിൽ ഒരു മാതിരി ജടിലത കടന്നുകൂടുന്നു. ഈ ജടിലതയാണു ഒരു രാഷ്ട്രത്തിന്റെ സംസ്കാരത്തിനെ വളർത്തുന്നതു്. ആദർശഭിന്നത അനേകമുണ്ടായിരിക്കട്ടെ, പക്ഷേ ഒരു ദേശത്തിൽ തന്നെ വസിക്കുവാൻ നിർബന്ധിതരാകുമ്പോൾ ഒന്നിലധികം ജാതികൾക്കു്, അവരെ പരസ്പരം ബന്ധിക്കുന്ന ഒരു ചരടു് ആവശ്യം കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ സത്യാന്വേഷണത്തിനെയാണു്, നാനാത്വത്തിൽ ഏകത്വമെന്നോ വ്യക്തിയിൽ സമഷ്ടിയെന്നോ മററോ ഒക്കെ അഭിജ്ഞന്മാർ പറയാറുള്ളതു്.

ഭാരതചരിത്രത്തിലെ മഹത്വപൂർണ്ണമായ ഘട്ടങ്ങൾ, ഭിന്നഭിന്ന ജാതികളുടെ പരസ്പരസംയോജനത്തെ സ്വീകരിക്കുന്നു. മററു രാജ്യങ്ങളെക്കാൾ ജാതിപ്രശ്നം, എക്കാലവും കൂടുതൽ അലട്ടിയിരുന്നതു് ഭാരതത്തെത്തന്നെയാണു്. യൂറോപ്പിൽ ജാതിപ്രശ്നം ഇത്ര വിഷമതരമായിരുന്നില്ല. ജാതികൾ തമ്മിലുള്ള പരസ്പരസംഘട്ടനങ്ങൾ യൂറോപ്യൻ ചരിത്രങ്ങളിലും സുലഭമാണെങ്കിലും, അവയ്ക്കു വർണ്ണഭേദമില്ലാതിരുന്നതു നിമിത്തം എളുപ്പം യോജിപ്പുണ്ടായി. ഇംഗ്ലണ്ടിലെ സേക്സൺ ജാതിയും നാർമൻജാതിയും ഇക്കാരണത്താലാണു്, ഒന്നായിത്തീർന്നതു്. ഇതു മാത്രമല്ല ചിന്തയിലും ആദർശത്തിലും ശാരീരികഘടനയിലും യൂറോപ്യരെല്ലാം ഏതാണ്ടു സാദൃശ്യം വഹിക്കുന്നു. പക്ഷേ, ഭാരതത്തിന്റെ അവസ്ഥ ഇതിൽ നിന്നെല്ലാം തുലോം വ്യത്യസ്ഥമായിരുന്നു. ആദ്യമായി, തൊലിവെളുത്ത ആര്യന്മാർ കൃഷ്ണകായന്മാരായ ആദിമനിവാസികളോടു കൂട്ടിമുട്ടി. അതിനുശേഷം അവർ ദ്രാവിഡന്മാരോടുമെതിരിട്ടു. ഈ വിഷമതകൾക്കു പരിഹാരം തേടാൻ അവർക്കു് മൂന്നുപായങ്ങളുണ്ടായിരുന്നതു്. (1) 'കറുത്തവക്കാരെ അപ്പാടെ നശിപ്പിക്കുക' (2) "അവരെ വശീകരിച്ചു് ആര്യസംസ്കാരത്താൽ പ്രഭാവിതരാക്കുക." (3) വർഗ്ഗീയമായോ മററു ഭിന്നതയുമില്ലാത്ത വെറും മനുഷ്യത്വാസ്പദമായ ആ മഹാസത്യത്തിനെ ആവിഷ്കരിക്കുക.

ആര്യന്മാർ ബുദ്ധിപൂർവ്വം ഈ മൂന്നാമത്തെ ഉപായത്തിനെ അവലംബിച്ചു. ഭാരതത്തിന്റെ ഇതിഹാസത്തിൽ പ്രസിദ്ധരായ മഹാപുരുഷരെല്ലാം ഇക്കാര്യം ചെയ്തവരാണു്. 'നാനാത്വത്തിൽ ഏകത്വം കണ്ടെത്തുക' എന്തായിരുന്നു ഭാരതത്തിന്റെ അന്നത്തെ ആവശ്യം. (ഇന്നത്തേയും അതുതന്നെ.) ബുദ്ധഭഗവാൻ, സാർവ്വലൗകികമായ ഒരു ചിന്താഗതി സാധാരണനുപോലുമുണ്ടാകത്തക്കവണ്ണം, ഭാരതത്തിനെ പരിവർത്തനത്തിലേക്കു തിരിച്ചുവിട്ടു. ആര്യസംസ്കാരത്തിന്റെയും ദ്രാവിഡസംസ്കാരത്തിന്റെയും മദ്ധ്യത്തിലുള്ള വിടവു നികത്തുവാൻ പ്രവർത്തിച്ചിട്ടുള്ളവരിൽ ഇത്രത്തോളം സഫലത സിദ്ധിച്ചവർ വേറില്ല. കാലത്തിന്റെ മറിച്ചിലിൽ ഭാരതത്തിനു് പുതിയപുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. ജാതീയചി

# പ്രാചീനഹിന്ദിസാഹിത്യവും മുസൽമാൻകവികളും

(ചേരിയിൽ പി. അപ്പുക്കുട്ടൻനായർ)

ന്തയാൽ പ്രക്ഷുബ്ധമായിരുന്ന അന്തരീക്ഷം ശാന്തതയെ പ്രാപിക്കുവാൻ തുടങ്ങിയപ്പോഴേയ്ക്കും, വിധി ഒരു നൂതനമാല വീണ്ടും ഭാരതത്തിന്റെ മുൻപിലേയ്ക്കു വലിച്ചിട്ടുകൊടുത്തു.

ക്രിസ്ത്വബ്ദം 664-ൽ മുസൽമാന്മാർ ആദ്യമായി ഇൻഡ്യയെ ആക്രമിച്ചു. മുസ്ലീം ആക്രമണഫലമായുണ്ടായ അശാന്തി, വർഗ്ഗീയവിഷം, എന്നെന്നേയ്ക്കുമായി ഭാരതരാഷ്ട്രശരീരത്തിൽ കുത്തിവച്ചു. മുസ്ലീംമതത്തിനേയും മുസൽമാന്മാരേയും, യാഥാസ്ഥിതരായ ഹിന്ദുക്കൾ കണക്കിലേറെ വെറുക്കാൻതുടങ്ങി. മ്ലേച്ഛന്മാരെന്നു് അവരെ അവഹേളിച്ചു. മുസൽമാന്മാർ അന്യമതസ്ഥരെ കാഫിറുകളായി വിധിയെഴുതി. അവരെ വിശ്വാസികളാക്കി തീർക്കുവാനുള്ള ധാർമ്മികമായ ചുമതല, വാളിന്റെ സഹായത്തോടുകൂടി ചെയ്തുതീർക്കുവാൻ അവർ അളവററു പ്രയത്നിച്ചു.

അകന്നകന്നു പോയിരുന്ന ഈ ഇരുസമുദായങ്ങളെയും പരസ്പരം യോജിപ്പിക്കുവാൻ, ഭിന്നഭിന്ന ആദർശങ്ങളിൽകൂടി ഒരു ഏകതയിലെത്തുവാൻ ഇൻഡ്യയിലെ മുസ്ലീം കവികൾ ചെയ്തിട്ടുള്ള ശ്രമങ്ങൾ അവർണ്ണനീയങ്ങളാണു്. ഹിന്ദുമുസ്ലീം ഏകതയെ ആധാരമാക്കി രണ്ടു സംസ്കൃതികളുടേയും സംയോജനത്തിനായി, പ്രാചീനഭാരതത്തിലെ മുസൽമാൻകവികൾ രചിച്ചിട്ടുള്ള കൃതികൾ, ഹിന്ദിഭാഷയുടെ അനശ്വരസമ്പത്തുകളായി എന്നും നിലനില്ക്കും. ഹിന്ദിസാഹിത്യത്തിൽ മുസൽമാൻകവികളുടെ പ്രഭാവം എത്രത്തോളം പതിഞ്ഞിട്ടുണ്ടെന്നും, ഒരു ഐക്യഭാരതസൃഷ്ടിയിൽ അവർ എത്രത്തോളം ഉത്സുകരായിരുന്നുവെന്നും ചിന്തിച്ചുനോക്കാം.

ഹിന്ദുമുസ്ലീം ഐക്യത്തിനുവേണ്ടി രണ്ടു സംസ്കാരങ്ങളുടെയും സംയോജനത്തിനുവേണ്ടി പ്രയത്നിച്ചിട്ടുള്ള മുസൽമാൻകവികളിൽ പ്രഥമഗണനീയനാണു് 'കബീർ.' മതത്തിനേയും മനുഷ്യനെയുംപററി, സ്വതന്ത്രവും വ്യക്തവുമായ അഭിപ്രായമാണു്, കബീറിനുണ്ടായിരുന്നതു്. മതപരമായ സങ്കുചിതപരിധിയിൽനിന്നും, അദ്ദേഹത്തിന്റെ ഭാവന സ്വാതന്ത്ര്യത്തിലേയ്ക്കു കുതിച്ചുയർന്നിരുന്നു. ഒരേ ഭൂമിയിൽ ജനിച്ചു്, അതിലെ വിളവു ഭുജിച്ചു്, ശരീരം വളർത്തിയ ഹിന്ദുക്കളും മുസ്ലീമിങ്ങളും പരമകാരുണികനായ ഈശ്വരന്റെ പേരിൽ പരസ്പരം വെട്ടിമരിക്കുന്ന വിഡ്ഢിത്വം കണ്ടു്, കബീർ പറഞ്ഞു:—

कोई हिन्दु कोई तुरुक कहावै एक
ज़मीं पर रहिये ।
वही महादेव वही मुहम्मद ब्रह्मा
आदम कहिये ॥
वेद किताब पढ़ैं वे कुतबा वे मौलाना
वे पांडे ।
विगत विगत कै नाम धरायो यक
माटी के भांडे ॥

(ചിലർ ഹിന്ദുക്കളെന്നു പറയപ്പെടുന്നു; ചിലർ മുസൽമാന്മാരെന്നു്. ഇവർ ഇരുകൂട്ടരും ജീവിക്കുന്നതു് ഈ ഭൂമിയിൽതന്നെ. പരസ്പരം സഹോദരന്മാരുമാണു്. ഇതുപോലെ ഈശ്വരനും ഒന്നുതന്നെ. മഹാദേവനെന്നും, മുഹമ്മദെന്നും ആദമെന്നുമൊക്കെ പറയുന്നതെല്ലാം ദൈവത്തിന്റെ പര്യായനാമങ്ങളുമാണു്. വേദം പഠിക്കുന്നവൻ ഹിന്ദു; കുറാൻ പഠിക്കുന്നവൻ മൗലവി. പേരിന്റെ വ്യത്യാസംമാത്രം. കളിമണ്ണിൽ പലതരത്തിലുള്ള പാത്രങ്ങൾ ഉണ്ടാക്കിഎടുക്കുന്നതുപോലെ.)

ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും കരംഗ്രഹിച്ചു് ഒരൊററവഴിക്കു നയിക്കുവാൻ; കബീർ തീവ്രമായി വാഞ്ഛിച്ചു. പക്ഷേ ഇരുകൂട്ടരും അതിനു വഴിപ്പെട്ടില്ല. അവരുടെ മതാന്ധതയിൽ, മൂഢതയിൽ, അക്ഷമനായ കബീർ പറയുന്നു:—

साधो देखो जग बौराना ।
सांच कहो तो मारन धावैं झूठे जग
पतियाना ।
हिन्दु कहत है, राम हमारा, मुसल-
मान रहिमाना ॥
आपस में दोऊ लरी लरी मूये मरम
न काहू जाना ।

(എന്തൊരു ഭ്രാന്തുപിടിച്ച ലോകം! സത്യംപറഞ്ഞാൽ കൊല്ലാൻവരുന്നു. കള്ളംപറയുന്നവനെ കണ്ണുമടച്ചു വിശ്വസിക്കുന്നു. രാമനെ ആദരിക്കുന്ന ഹിന്ദുവും, റഹിമിനെ വണങ്ങുന്ന മുസ്ലിമും ഒന്നുതന്നെയെന്നവരറിയുന്നില്ല. പരസ്പരം കുത്തിമരിക്കുന്നു.)

ഹിന്ദു-മുസ്ലീം. വിഭിന്നാദർശങ്ങളുടെ ഏകീകരണമാണു്, ഹിന്ദുസ്ഥാനത്തിന്റെ കല്യാണമാർഗ്ഗം. കബീർ അതു നല്ലപോലെ മനസ്സിലാക്കി. ഇരുകൂട്ടർക്കും തങ്ങളുടെ ആത്മീയാദർശങ്ങളുടെ ബലികഴിക്കൽ കൂടാതെ, സഞ്ചരിക്കുവാൻതക്ക ഒരു മാർഗ്ഗം കണ്ടുപിടിക്കുവാൻ ദേശപ്രേമംനിറഞ്ഞ കബീറിന്റെ ഹൃദയം ഉഴലുന്നുണ്ടായിരുന്നു. പക്ഷേ നേരേ വിപരീതങ്ങളായ രണ്ടുമാർഗ്ഗങ്ങൾ ഇരുകൂട്ടരും വളരെ പിന്നിട്ടിരുന്നു. കബീർ വിളിച്ചുപറഞ്ഞു.

"अरे इन दुहु राह न पाई ।
हिन्दु की हिन्दुवाई देखी तुरुकन की
तुरुकाई ।
कहैं कबीर सुनौ भाई साधो कौन राह
है जाई" ॥

(ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും മാർഗ്ഗങ്ങൾ രണ്ടു്. പക്ഷേ രണ്ടിലും ഞാൻ അസന്തുഷ്ടനാണു്. ഏതു മാർഗ്ഗം ഞാൻ ഗ്രഹിക്കട്ടെ?

ഒടുവിൽ രണ്ടു മാർഗ്ഗവും ഉപേക്ഷിക്കുവാൻ—കബീർ നിർബ്ബന്ധിതനായി. അദ്ദേഹം കേവലം മനുഷ്യത്വമതാവലംബിയായിത്തീർന്നു. "हिन्दु कहूँ तो मैं नहीं मुसलमान भी नाहिं" । "ആരെങ്കിലും ചോദിക്കയാണെങ്കിൽ ഹിന്ദുവും മുസ്ലിമും അല്ല" എന്നു തീർത്തുപറയാൻ കബീർ സന്നദ്ധനായി. ഹിന്ദുക്കളെയും മുസൽമാന്മാരെയും ഒന്നായിവീക്ഷിക്കുവാനും, അവരുടെ യോജിപ്പിനുവേണ്ടി പ്രാർത്ഥിക്കുവാനും, സന്മനസ്സു കൊടുത്ത ഈശ്വരനെ കബീർ മുക്തകണ്ഠം വാഴ്ത്തി.

समदृष्टि सतगुरु किया मेटा मरम विकार ।
जहँ देखौं तहँ एक ही साहेब का दीदार ॥
समदृष्टि तब जानिये सीतल समता होय ।
सब जीवन की अत्मा लखैं एक सी सोय ॥

(ഈശ്വരൻ എന്റെ ഭ്രമത്തിനെ നശിപ്പിച്ചു്, എല്ലാററിനെയും സമദൃഷ്ടിയോടുകൂടി വീക്ഷിക്കുവാൻ എന്നെ പ്രാപ്തനാക്കി. ഇപ്പോൾ ഞാൻ നോക്കുന്നിടത്തെല്ലാം ആ പരമകാരുണികന്റെ ലീലാവിശേഷങ്ങൾ കാണുന്നു. ഉച്ചനീചഭേദം അസ്തമിക്കുമ്പോൾ, എല്ലാ ജീവജാലങ്ങളെയും നമ്മിൽനിന്നും ഭിന്നമല്ലാത്ത ഒരവസ്ഥയിൽ വീക്ഷിക്കുവാൻ കഴിയുമ്പോഴാണു്, സമത്വഭാവം ഉണ്ടാകുന്നതു്.)

കബീറിന്റെ പ്രയത്നം വ്യർത്ഥമായില്ല. ഹിന്ദുക്കളിലും മുസൽമാന്മാരിലും ആ മഹാത്മാവിന്റെ പ്രഭാവം പരിവർത്തനം വരുത്തുവാൻതുടങ്ങി. ക്രമേണ അവർ ഐക്യതയിലേയ്ക്കു കാലൂന്നി. (തുടരും)

(ഹിന്ദിയിൽനിന്നു്)

—o—

ഹിന്ദിസ്വയംശിക്ഷക്
വില രൂ. ണ. 4.
മാനേജർ,
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

# "തപസ്വിനി

സി. കെ. വിജയമ്മ, തുമ്പമൺ

കവനകുസുമാർപ്പണംചെയ്തുചെയ്തനഹം
കഴിവൊരു തപസ്വിനീ, കൈരളീഭക്തഞാൻ
മധുവണിവസന്തവും വേനലും വർഷവും
പുളകമണിയിക്കുന്നഹേമന്തകാലവും
തവമഹിതഗാനങ്ങളായിരമായിരം
തരളതരചിത്തയായ് പാടിത്തളർന്നു ഞാൻ
നിരുപമമനോഹരി നിൻദർശനോത്സവം
കരുണചൊരിയാത്തതെന്തു കലാകാംക്ഷിയിൽ
അമലതരദർശ്ശനത്തിന്നമാന്തിക്കിലും
മമ ഹൃദയവല്ലരി വാടില്ലനിർണ്ണയം

സതതമിഹ പാടുന്നുതാവകഗീതകം
സുഖദശുഭസംഗീതമേകും ശുകകുലം
സതതമിഹകാണുന്നു താവകപ്പുഞ്ചിരി
പ്പൂത്തുമലർനിരന്നതാം നീലനീലാംബരെ!
സതതമിഹകേൾക്കുന്നു താവകസാന്ത്വനം
മതരഹിതദീനരിൽ മർമ്മരസൂക്തിയാൽ
നവമുകുളജാലം ചൊരിഞ്ഞു ഞാനിപ്പൊഴും
കവനമണികൈരളീ കൈക്കൂപ്പിനില്പതെ!
മധുരമയമഞ്ജീരശിഞ്ജിതാലോലയായ്
മമ ഹൃദയമന്ദമഞ്ജിമ വീശുവാൻ—
സിതകിരണശോഭം തെളിഞ്ഞുതൽദർശനം
മഹിതമനസ്സുമിത്താപസിക്കേകുവാൻ—
ഇനിയുമിതുമട്ടെത്ര പൂജചെയ്തീടണം
കനിവിനുടെ പൂവാടികാക്കുമിച്ചാതകം!!!



EASTERNS 379.

## പരസ്യം

മൂവാററുപുഴ മുൻസിഫ്കോർട്ടിൽ
115—സി-465.

വാദി:—ചേരാനല്ലൂർപകുതി കൂവപ്പടി കരയിൽ തെക്കേപുതിയിടത്തുമഠത്തിൽ രാമസ്വാമിഅയ്യൻ സാംബശിവയ്യൻ മുതൽപേർ 4.

പ്രതികൾ:—1) ആരക്കുഴപകുതി കിഴമടങ്ങുകരയിൽ പ്ലാതോട്ടത്തിൽ പുത്തൻപുരയിൽ താമസിക്കും, കൊംയിക്കര അന്തോണി ദേവസ്യാ. 3-ാംപ്രതി ടി പകുതി പെരുമ്പല്ലൂർകരയിൽ മാലെക്കണ്ടത്തിൽ വക്കി ചാക്കോ. 11-ാംപ്രതി ടിപകുതി പെരിങ്ങഴകരയിൽ കൊമ്പനാൻ പുത്തൻപുരയിൽ കല്ലാശേരി സ്രീ കുഞ്ഞിപ്പെണ്ണുചക്കി. 12-ാംപ്രതി. മൂവാററുപുഴ പകുതി കാവനകരയിൽ തലചിറ പുത്തൻപുരയിൽപാക്കും പള്ളിക്കമ്യാലിൽ ഉലഹന്നൻ വർഗീസ്. 16-ാംപ്രതി കുന്നത്തുനാട്ടുകുംപകുതി വടകര പൊറക്കളംകരയിൽ മാളികയിൽ കെട്ടിച്ചു താമസിക്കും കുളങ്ങര ജേക്കബിന്റെമകൾ അന്ന ഏളച്ചാത്. കൂട്ടതൽ 19-ാംപ്രതി—കുമാരമങ്ങലംപകുതി വടകൊട്ടുകരയിൽ കളപ്പുരക്കൽ താമസിക്കും മത്തായി മത്തായി. കൂട്ടതൽ 20-ാംപ്രതി—ടി പകുതി ആലക്കോട്ടുകരയിൽ കളപ്പുരക്കൽമാണിഅയ്യ്. കൂട്ടതൽ 21-ാംപ്രതി—ടി പകുതി പൈങ്ങോട്ടൂർകരയിൽ കളപ്പുരക്കൽ താമസിക്കും മാണി ആഗസ്തി. കൂട്ടതൽ 22-ാംപ്രതി—ടി പകുതി ആലക്കോട്ടുകരയിൽ കളപ്പുരക്കൽതാമസിക്കും മാണി ആഗസ്തി. കൂട്ടതൽ 23-ാംപ്രതി—ടി പകുതി കല്ലൂക്കാട്ടുകരയിൽ മേലേത്തുപാക്കും കളപ്പുരക്കൽ മാണി മാണി. കൂട്ടതൽ 24-ാംപ്രതി—കുട്ടമങ്ങലംപകുതി കുട്ടമ്പുഴകര കുട്ടമ്പുഴയിൽ താമസിക്കും കളപ്പുരക്കൽ മാണി തോമസ്. കൂട്ടതൽ 27-ാംപ്രതി—ഏനാനല്ലൂപകുതി പുന്നമററംകരപിച്ചാപ്പിള്ളി വീട്ടിൽ ഔവുസേപ്പിന്റെ ഭാര്യ അന്നം. കൂട്ടതൽ 28-ാംപ്രതി—കുമാരമങ്ങലംപകുതി കല്ലൂക്കാട്ടുകരയിൽ പുൽപറമ്പിൽ ചാക്കോയിന്റെ ഭാര്യ റോസ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പ്രകേസ് രണ്ടാം വിചാരണ സ്വീകരിച്ചു് ഉത്തരവുണ്ടാകണമെന്നു് വാദി ബോധിപ്പിച്ചിരിക്കുന്ന 121-ാമാണ്ട് സിവിൽ പലവക 14657-ാംനമ്പർ ഹർജിസംഗതി 122 തുലാം 2-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ പതിനൊന്നുമണിക്ക് ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ടി ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം,
ഹെഡ്ക്ലാർക്ക് (ഒപ്പ്.)

122- ചിങ്ങം 7-ാംനു-

—o—

### ലേലാനുവാദത്തിനുള്ള അപേക്ഷയെ പ്പററി നോട്ടീസ്സ്

—o—

സിവിൽ നടപടിനിയമത്തിന്റെ ൯൧-ാംവകുപ്പ്
മാവേലിക്കര മുൻസിഫ് കോർട്ടിൽ
൧൧൨൭-മാണ്ട് സിവിൽ ൪൬൪-ാംനമ്പ്ര
ആദ്യവ്യവഹാരം

മേധാവർവാദി:—മാവേലിക്കരപകുതിയിൽ കണ്ടിയൂർമുറിയിൽ ഓണമ്പള്ളികൂവള്ളിന്റെ വീട്ടിൽ രാമകൃഷ്ണപിള്ള ചന്ദ്രശേഖരൻനായർ.

൩-ാംപ്രതി:—കണ്ണമംഗലംപകുതിയിൽ ഇരവേഴമുറിയിൽ വല്ലാററിൽ കൊച്ചുകുഞ്ഞു് രാമൻ. (പി. രാമൻ ആനക്കളംതോട്ടം മുണ്ടക്കയം.)

൩-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടിനമ്പരിൽ വിധിത്തുകയ്ക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിത്തുകയിൽ വകവച്ചു് കൂട്ടരെ സംഖ്യക്കു് വിളിക്കുവാൻ അനുവാദം കൊടുക്കണമെന്നു് വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൧൧൨൨ കന്നിമാസം ൩൧-ാംനു പകൽ ൧൧ മണിക്കു് ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയുംവേണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

൧൧൨൨ കന്നിമാസം ൧൯-ാംനു-

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷികളെ കക്ഷിചേർക്കാൻ നോട്ടീസ്സ്

—o—

ചേർത്തല മുൻസിഫ്കോർട്ടിൽ
1110-ാംമാണ്ട സി. 839.

ഹർജിക്കാരൻ—ഇപ്പോഴത്തെ എടപ്പള്ളി വലിയരാജാ അവർകളുടെ മുക്ത്യാർകാരൻ നാരായണപിള്ള ഗോവിന്ദപ്പിള്ള.

പ്രതി—3. ചാരമംഗലം മുറിയിൽ പെരുങ്ങിഴായിൽ രാമൻപിള്ള ശങ്കരനാരായണപിള്ളയെ തെര്യപ്പെടുത്തുന്നതു്.

ഇപ്പൊഴത്തെ എടപ്പള്ളി വലിയരാജാ അവർകളെ കൂട്ടതൽ വാദിയായി കക്ഷിചേർത്തു് ഉത്തരവുണ്ടാകണമെന്നും മററും ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട സിവിൽ പലവക 22343-ാംനമ്പർ ഹർജിസംഗതി 1122-ാമാണ്ട തുലാമാസം 2-ാംതീയതി വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

1122-ാമാണ്ട കന്നിമാസം 14-ാംനു-

—o—

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ
121 സിവിൽ—130.

വാദി:—തിരുവൻവണ്ടൂർ പകുതിയിൽ ഉമയാററുകര മുറിയിൽ താമരപ്പള്ളിൽ പുത്തൻപുരയിൽ കൊച്ചുതൊമ്മൻ സ്കറിയാ.

പ്രതി:—പള്ളിപ്പാട്ടുപകുതിയിൽ നങ്ങ്യാർ കുളങ്ങരതെക്കുംമുറിയിൽ ഈരിക്കൽ വീട്ടിൽ വേലുപ്പിള്ള കേശവപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദി ടി പ്രതിയുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരം ബോധിപ്പിക്കുന്നായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ 122. കന്നി 31-ാംനു-പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായികൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻ പ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

21. 2. 1122.

—o—

### പരസ്യനോട്ടീസ്സ്

—o—

സിവിൽ നടപടി നിയമത്തിന്റെ
ആഡർ ൨൧—റൂൾ ൬൪.
വകുപ്പ്
പത്തനംതിട്ട മുൻസിഫ്കോർട്ടിൽ
വിധിനടത്തുന്ന ചെങ്ങന്നൂർ
൧൧൭-ാംമാണ്ട സി ൨൮-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൧-ൽ വിധിനടത്തു ഹർജി
നമ്പർ ൭൪.

വാദി—മല്ലപ്പുഴശ്ശേരിപകുതിയിൽ ടി മുറിയിൽ ആറന്മുള പെരിങ്ങലി കൊട്ടാരത്തിൽ രേവതിതിരുനാൾ അമ്മതമ്പുരാൻ.

പ്രതി—൨. ടി പകുതിയിൽ കോഴഞ്ചേരി മുറിയിൽ വെളിയത്തു പാലത്തും തലയ്ക്കൽ തോമസ്സ് വർഗീസ് എന്നു വിളിച്ചുവരുന്ന വർഗീസ് തോമസ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിറ്റിട്ടു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു് വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിന് ൧൧൨൨-മാണ്ട കന്നിമാസം ൩൧-ാംനു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-മാണ്ട കന്നിമാസം ൧൮-ാംനു-

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച എതൃകക്ഷിക്കു് നോട്ടീസ്

—o—

ചേർത്തല ടെമ്പററി മുൻസിഫ്കോർട്ടിൽ.
118-ാമാണ്ട സിവിൽ 1624.

ഹർജിക്കാരൻ—കൊച്ചി കണയന്നൂർ താലൂക്ക എളങ്കുന്നപ്പുഴ വില്ലേജ് എളങ്കുന്നപ്പുഴ മുറിയിൽ ചിററയിൽ ഗോവിന്ദമേനവന്റെ അനന്തിരവൻ പ്രഭാകരമേനവൻ.

പ്രതികൾ—6. വയലാറ മേക്കുപകുതി പട്ടണക്കാട്ടുമുറിയിൽ ചിങ്ങംവേലിൽ ചാത്തൻ വേലു. 15, വൈക്കം നടുവിലെപകുതി കിഴക്കുംചേരിമേൽ തെക്കേമുറിയിൽ പെരുമ്പള്ളിക്കാട്ടുതറയിൽ താമസിക്കും ഇട്ടൻ മാധവൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ഹർജിക്കാരനെ കൂട്ടതൽ 2-ാം വാദിയായി കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നുംമററും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട് വിധിനടത്തു 192-ാം നമ്പർ ഹർജിസംഗതി 1122-ാമാണ്ട് തുലാമാസം 2-ാംതീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122-ാമാണ്ട് കന്നിമാസം 14-ാംനു-

—o—

## പരസ്യം

—o—

സിവിൽ പലവക ഹർജിവിചാരണയ്ക്കു് എതൃകക്ഷിക്കുള്ള നോട്ടീസ്.
മീനച്ചിൽ മുൻസിഫ്കോടതിമുമ്പാകെ.
൧൧൨൨-ാമാണ്ട് വക
സിവിൽനമ്പ്ര ൧൧൪.

വാദി—കൊല്ലം താലൂക്കിൽ തൃക്കടവൂ പകുതിയിൽ പ്രാക്കുളത്തുചേരിയിൽ താന്നിക്കൽവീട്ടിൽ നിന്നും ചേർത്തല താലൂക്കിൽ വടക്കുപകുതിയിൽ വടക്കുമുറിയിൽ കാർത്തിഭവനത്തു പാക്കും പാർവ്വതിഅമ്മ കാർത്ത്യായനി അമ്മ.

വക്കീൽ കെ. പത്മനാഭക്കുറുപ്പ്.

൨-ാംപ്രതി—ടി തൃക്കടവൂർപകുതിയിൽ പ്രാക്കുളത്തുചേരിയിൽ താന്നിക്കൽവീട്ടിൽനിന്നും ചങ്ങനാശേരി വാഴപ്പള്ളി പകുതിയിൽ വെട്ടിത്തുരുത്തിമഠത്തിൽ താമസം പത്മനാഭപിള്ള കൃഷ്ണപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

അന്യായം തിരുത്താൻ അനുവദിച്ചുത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ഹർജിസംഗതി ൧൧൨൨ തുലാം ൨-ാംനു- വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

122 കന്നി 10-ാംതീയതി.

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

Order XXI R. 20
കൃഷ്ണപുരം ടെമ്പററി മുൻസിഫ്കോട്ടിൽ
ആലപ്പുഴ മുൻസിഫ്കോർട്ടിൽ
1108-മാണ്ട സിവിൽ 1778

വാദി:—തിരുവിതാംകൂർ സ്റ്റേററ് എയിഡഡ് ബാങ്കുകളിപ്പോൾ എന്ന പേരിൽ നടത്തിവന്ന ദി സെൻട്രൽബാങ്കിംഗുകാർപ്പറേഷൻ ആഫ് ട്രാവൻകൂർ ലിമിററഡ് ആലപ്പുഴ.

പ്രതികൾ:—(1) മാവേലിക്കര പകുതിയിൽ പുതിയകാവുമുറിയിൽ ആററിൽ താമസിക്കും സി. പി. മൈററസ്. ടിയാൻ ഇപ്പോൾ കൊല്ലം ആലപ്പുഴ സിൻഡിക്കേറ്റ് യൂണിയനിൽ ഇൻസ്പെക്ടരാകുന്നു. (2) മാവേലിക്കരപകുതിയിൽ മണക്കാട്ടുമുറിയിൽ കോമല്ലത്തുകിഴക്കതിൽനിന്നും കണ്ടത്തിൽമത്തായി ജോൺ. (3) കീരിക്കാട്ടുപകുതിയിൽ മലമേൽ ഭാഗംമുറിയിൽ വാഴശ്ശേരിവീട്ടിൽ കെ. ജി ശങ്കരപ്പിള്ളഎന്നു വിളിക്കുന്ന ഗോവിന്ദപ്പിള്ള ശങ്കരപ്പിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട സിവിൽ പലവക ഇ. പി 517-ാംനമ്പർ ഹർജിസംഗതി 1122-ാമാണ്ട കന്നിമാസം 30-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

1122-കന്നി 11-ാംനു-

—o—

## പ്രതിസമൻ

പറവൂർ മുൻസിഫ്കോർട്ടിൽ
121-ാമാണ്ട് സി നമ്പ്ര 396

വാദികൾ—എടപ്പള്ളി വടക്കുംഭാഗംപകുതി വടക്കുംഭാഗംകരയിൽ കുന്നത്തുവീട്ടിൽ പാർവ്വതിയമ്മ അമ്മുക്കുട്ടിയമ്മ മു: പേർ. 2

പ്രതികൾ—1 വരാപ്പുഴപകുതി മഞ്ഞുമ്മൽമുറിയിൽ കുന്നത്തുപറമ്പിൽപാക്കും നെട്ടങ്ങേതിൽ പരിയത്തു കുരൈത്താ. 2 എടപ്പള്ളി വടക്കുംഭാഗം പകുതിവടക്കുംഭാഗം കരയിൽ കുന്നത്തുവീട്ടിൽ ഗോവിന്ദൻ നാരായണൻനായര്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മിച്ചവാരബാക്കിയിൽ പണയത്തുക തട്ടിക്കഴിച്ചു പണയബാദ്ധ്യത അവസാനിപ്പിച്ചു വസ്തുഒഴിഞ്ഞുകിട്ടുന്നതിനുംമററും ടി വാദികൾ ബോധിപ്പിച്ചിട്ടുള്ള മേൽനമ്പ്രവ്യവഹാരത്തിൽ ടി പ്രതികൾക്കു ഈ കോർട്ടിൽനിന്നും പല പ്രാവശ്യം സമൻ അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ മേൽനമ്പ്രകേസ് വിചാരണദിവസമായ 122-ാമാണ്ട തുലാം മാസം 1-ാംതീയതി വെള്ളിയാഴ്ച പകൽ 11 മണിക്കു ടി പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഈ കോടതിമുമ്പാകെ ഹാജരായി മേൽനമ്പ്ര വ്യവഹാരസംഗതിക്കു ഉത്തരം ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം ടി പ്രതികളെക്കൂടാതെ മേൽനമ്പ്രവ്യവഹാരസംഗതി തീർച്ചചെയ്യപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

122 കന്നി 15.

—o—

## പ്രതിസമൻ

കൊല്ലം പ്രിൻസിപ്പാൾ
മുൻസിഫ്കോർട്ടിൽ
121 സി 41

വാദി—കൊച്ചിസംസ്ഥാനത്തു തൃശ്ശിവപേരൂർതാലൂക്കിൽ വല്ലച്ചിറവില്ലേജിൽ കടലാശേരിദേശത്തു ഉരമങ്ങ് പള്ളിമനക്കൽ തുപ്പരു നാരായണരുനമ്പൂതിരിപ്പാട്.

1-ാംപ്രതി—കരുനാഗപ്പള്ളി താലൂക്കിൽ പന്മനപകുതിയിൽ മേക്കാട്ടുമുറിയിൽ പടിയിററാംവീട്ടിൽ പത്മനാഭപിള്ള ശങ്കരപ്പിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു ഈ കോടതിയിൽനിന്നു് സമൻസയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്തവിചാരണദിവസമായ 122 കന്നി31-ാംനു- പകൽ 11 മണിക്കു കക്ഷിനേരിട്ടോ അധികാരപ്പെടുത്തിയ വക്കീലോഏജൻറോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

122 കന്നി 12.

—o—

# ഇൻഡ്യയിലെ ആദ്യത്തെ വിദേശകാര്യമന്ത്രി

## അദ്ദേഹത്തിൻെറ വിദേശനയങ്ങൾ

കവിയൂർ, എം. എൻ. പിള്ള



അനവധി വർഷങ്ങളായി ബ്രിട്ടീഷ് നുകത്തിൻകീഴിൽ പാരതന്ത്ര്യം അനുഭവിച്ചുകൊണ്ടിരുന്ന ഭാരതത്തിൽ സ്വാതന്ത്ര്യത്തിൻെറ അരുണോദയമായി. അതു് ഓരോ ഭാരതീയമനസ്സും ഹർഷാശ്രുപൊഴിപ്പിക്കുന്നു. രോമാഞ്ചമണിയിക്കുന്നു. ഭാരതത്തിലെ ആദ്യത്തെ വിദേശകാര്യമന്ത്രി-പണ്ഡിത ജവഹർലാൽ-മഹാത്മജി കഴിഞ്ഞാൽ ഭാരതത്തിൽ ഏററവുമധികം സ്വാധീനശക്തിയുള്ള നേതാവു്. ഭാരതത്തിലെ പണ്ഡിതനായ ലോകപൌരൻ. ഇതിൽ കൂടുതൽ ഭാരതാംബക്കെന്തൊരു ഭാഗധേയമാണു് സിദ്ധിക്കാനുള്ളതു്? മഹാത്മജി, തൻെറ 'സ്വന്തം ജനങ്ങളുടെ' നേതൃത്വം വഹിച്ചുകൊണ്ടിരുന്നപ്പോൾ, പാശ്ചാത്യരുടെയും പൌരസ്ത്യരുടേയും സമരത്തിനുതുല്യപ്രാധാന്യം നൽകിയ ലോകനേതാവാണദ്ദേഹം. അദ്ദേഹംതന്നെയാണു് വിദേശരാജ്യങ്ങളുമായി സുദൃഢബന്ധം സ്ഥാപിക്കുന്നതിനു് തികച്ചും അർഹൻ. ഇൻഡ്യയുടെ വിദേശമന്ത്രിമാരിൽ ഒന്നാമൻ, എല്ലാം നിലകളിലും ഒന്നാമൻ ജവഹർതന്നെ.

ജവഹറിൻെറ ആദ്യപ്രഖ്യാപനം എന്തു്? ഇൻഡ്യ സ്വതന്ത്രമായ ഒരധിഷ്ഠാനത്തിൽ ലോകത്തെ അഭിമുഖീകരിക്കുന്നു. ലോകത്തിലെ ഇതരരാജ്യങ്ങളോടൊപ്പം പുരോഗമിക്കണം. ഇതാണു്. ഏതു പ്രശ്നങ്ങളേയും സമാധാനത്തിൻേറയും മനുഷ്യത്വത്തിൻേറയും മഹനീയമായ അടിസ്ഥാനത്തിൽ വീക്ഷിക്കുന്നതായിരിക്കും. അദ്ദേഹം തുടരുന്നു. നാം ഒരു യുദ്ധത്തിലും ഏർപ്പെടുന്നതല്ല. ഒരു യുദ്ധത്തിനും പ്രേരണ നൽകുകയുമില്ല. ലോകത്തിലെ ഏതു കൌൺസിൽ ചേമ്പറുകളിലും തുല്യമായ സ്ഥാനം നാം അവകാശപ്പെടുന്നതാണു്. നമ്മുടെ മാതൃഭൂമിയുടെ അററത്തും അകലെയും ഉണ്ടായേക്കാവുന്ന ഏതു അനീതിയേയും അക്രമത്തേയും അതൃപ്തിയോടെ വീക്ഷിക്കുന്നതായിരിക്കും. നാം എന്നും അനീതിയെ ചെറുക്കുന്നതായിരിക്കും. നമ്മുടെ ഈ ലോകവന്ദ്യനായ നേതാവിൻെറ ഇന്നുവരെയുള്ള സംഭവബഹുലമായ ജീവിതം, ഏതു അക്രമത്തേയും അധർമ്മത്തേയും അമർച്ചചെയ്യുന്നതിനു് മാത്രം ഉള്ളതാണെന്നു് വിളിച്ചുപറയുന്നു.

ട്രാൻസ്ജോർഡൻ രാജ്യങ്ങൾ:— അവയെക്കുറിച്ചു് അദ്ദേഹത്തിൻെറ അഭിപ്രായം. അവിടത്തെ ജനങ്ങൾ നമ്മുടെ സഹോദരങ്ങളാണെന്നും നമ്മുടെ സമാധാനസംരക്ഷണത്തിൽ അവർക്കു വലിയപങ്കു് നിർവഹിക്കാനുണ്ടെന്നുമാണു്. മധ്യപൌരസ്ത്യദേശങ്ങളിലേക്കു് മൌലാന ആസാദിൻെറ നേതൃത്വത്തിൽ ഒരു ഡെലിഗേഷനെ അയയ്ക്കുന്നതായും അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. ടർക്കികളും അറബികളുമായി നാം രക്തബന്ധമുള്ളവരാണെന്നും സിലോണുമായിട്ടുള്ള നമ്മുടെ ബന്ധം ഉഭയിച്ചിരുന്നപോലെ സന്തോഷപ്രദമല്ലെന്നും അദ്ദേഹം പറയുന്നു. ബർമ്മായിലേക്കു് തൻെറ സൌഹാർദ്ദഹസ്തം നീട്ടുന്നതിനദ്ദേഹം മടിക്കുന്നില്ല.

'നാങ്കിംഗ്', ലണ്ടൻ, വാഷിംഗ്ടൺ, ഇവിടങ്ങളിൽ നമ്മുടെ അംബാസഡറന്മാർ ഉണ്ടായിരിക്കുന്നതാണു്. അവരുടെ പ്രതിനിധികൾ ഇവിടെയും ഉണ്ടായിരിക്കുന്നതാണു്.

റഷ്യയുമായുള്ള ബന്ധം:—റഷ്യയുമായിസുദൃഢബന്ധംസ്ഥാപിക്കുന്നതിനു് ജവഹരിലാൽ ആഗ്രഹിക്കുന്നു. ഇൻഡ്യൻ കമ്യൂണിസ്റ്റുകളും കോൺഗ്രസുമായുള്ള അഭിപ്രായഭിന്നതകളെങ്ങിനെയിരുന്നാലും ഏഷ്യയിലേക്കു് കയറിക്കിടക്കുന്ന ഒരു പാശ്ചാത്യമഹച്ഛക്തി എന്നനിലയിൽ റഷ്യയോടുള്ള ബന്ധം അത്യന്താപേക്ഷിതമെന്നു് അദ്ദേഹം കരുതുന്നു. കിഴക്കും പടിഞ്ഞാറുമുള്ള രാജ്യങ്ങളിൽ ഇൻഡ്യൻ ഭടന്മാർ ബ്രിട്ടീഷുകാരുടെ പോലീസ് സേവനം നിർവഹിക്കുന്നതിനെ അദ്ദേഹം അതികഠിനമായി പ്രതിഷേധിക്കുന്നു. ആററംയുഗത്തെ അഭിമുഖീകരിക്കുന്നതിനുള്ള ഏകമാർഗ്ഗം, സമാധാനത്തിലും, സാധുവിനെ ചൂഷണംചെയ്യാത്തതുമായ ഒരടിസ്ഥാനത്തിൽ കെട്ടിപ്പൊക്കുന്ന ഒരു സമുദായത്തിനെ സാധ്യമാവുകയുള്ളുഎന്നു് അദ്ദേഹം ദൃഢമായിവിശ്വസിക്കുന്നു.

ജവഹർലാലിൻെറ വിദേശനയങ്ങളുടെ 'ജീവൻ' അടിമരാജ്യങ്ങളുടെ സ്വാതന്ത്ര്യസമ്പാദനവും, മർദ്ദിതലക്ഷങ്ങളെ ചൂഷണംചെയ്യുന്ന വിദേശികളുടെ സമ്പ്രദായത്തിൻെറ നശീകരണവുമാണു്. യൂ. എൻ. ഓയിൽ ഇൻഡ്യ ഒരു സ്വതന്ത്രനില സ്വീകരിക്കുന്നതായിരിക്കും. ബ്രിട്ടീഷ് വിദേശീയ ആഫീസിനു് ഇൻഡ്യയെക്കുറിച്ചുയാതൊരു അഭിപ്രായപ്രകടനത്തിനും അവകാശം നൽകുന്നതല്ല.

സൌത്തു് ആഫ്രിക്ക:—നമ്മുടെജനങ്ങളോടു് മനുഷ്യത്വമായി പെരുമാറണമെന്നും, ഫ്രാൻസ്, പോർട്ടുഗൽ ഈ രാജ്യങ്ങൾ ഇൻഡ്യാക്കാരോടുള്ള പെരുമാററത്തിൽകൂടുതൽ ആശാസ്യമായ ഒരുനില കൈക്കൊള്ളണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു.

ഐ. സി. എസ് ബിരുദം ഇനി ഇൻഡ്യാക്കാർക്കു് അഭികാമ്യമല്ല. ഇൻഡ്യൻ വിദേശീയ മന്ത്രിമാരായും അംബാസഡറന്മാരായും ഭാരതീയ യുവതീയുവാക്കന്മാരെ അദ്ദേഹം ക്ഷണിക്കുകയും അവർക്കു് പരിശീലനം നൽകുന്നതിനു് പ്ലാനിംഗ് നടത്തുകയും ചെയ്യുന്നുണ്ടു്. അന്യരാജ്യങ്ങളിലെ മന്ത്രിമാരെക്കുറിച്ചു് തലകാഞ്ഞു പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾ ഇൻഡ്യൻമന്ത്രിമാരെക്കുറിച്ചു പഠിക്കുന്നതിനുള്ള ഒരു കാലം ഇതാസമാഗതമായിരിക്കുന്നു. ഇൻഡ്യയിൽ ഒരു നവയുഗം സൃഷ്ടിക്കുന്നമഹാരഥന്മാർക്കു് ഭാവുകം നേരുകയാണു് നമ്മുടെ കരണീയം.

—(*)—

# സ്വേദഗീത

വെന്നി വാസുപിള്ള

"നന്ദ സംശങ്കം പൂക്ക പച്ചിളംനീരമേങ്ങൾ
പൊന്നാടൽപ്പൂതുപ്പൂ പൊള്ളിച്ചുപോമിച്ചൂടിൽ''
വേരുകാംതുടന്നോതി താരുകളോടായ് "സത്യ-
ഭീരുക്കൾ! മുഖംതിരിച്ചങ്ങനെ ചിരംനിൽക്കും
ആമെങ്കിലീദുസ്സ്വപ്നം മറക്കു രംഗാർദ്രമാം
വ്യോമമാമിഴികളിൽ തുളിയ്ക്കുമമൃതത്തിൽ.
ആ ദേവഭണിതത്തിൽ ഞങ്ങളെപ്പുരസ്കരി-
ച്ചുപദേശിച്ചിട്ടുന്നെന്തൊരത്ഭുതാർത്ഥമാം വേദം!
'അതതീശ്രമയാംഗധർഷണം, സമുദായ-
തരുവേകുന്നു, സർവ്വനാശവും വേരോട്ടുന്നു.'
ഹാ! നിനയ്ക്കുകവയ്യ, ഞങ്ങൾ നഷ്ടരായ്, ധർമ്മ-
മനേകം ഭവാന്മാരിസ്സാഹസം ക്ഷമിയ്ക്കില്ല
സ്നേഹത്തിൽ ബിന്ദുലേശമീ ഗണക്ഷേമ-
ദ്രോഹത്തിൻ വിചാരത്തിൽ ബന്ധമായ് ഭവിയ്ക്കില്ല.
ഞങ്ങൾതൻപണിമുടക്കാ മഹാതമാലത്തി-
നംഗസൂക്ഷ്മതിയ്ക്കുകോമെന്നറിഞ്ഞിരുന്നെങ്കിൽ!
നഞ്ഞുതേച്ചാലും കണ്ണുകാണാത്തമൗഢ്യം ഭവ്യ-
ക്കുഞ്ഞുനാമ്പതിൽ, ഭരദേവകൾ ചതിച്ചല്ലോ.
താഴുന്നുകഷ്ടം! ഞങ്ങൾ താമിസ്രനരകത്തിൽ
താഴുന്നു സനാതനശാസനനിഷേധികൾ.
അല്ല, താഴവതിനീയെങ്ങുവാൻ? നരകത്തി-
ലല്ലയോ പിറവിതൊട്ടിജ്ജനംപുലരുന്നു?
പുലരുന്നെന്നോ! ഹന്ത! പാഴ്കൃമിനിര നര-
ച്ചുലപൊങ്ങിക്കും ഘോരദുർഗ്ഗന്ധമലങ്ങളിൽ,
നിരാഘ പ്രകാശത്തിൻ പാണ്ഡുര മരീചികാ-
ദരവും തീണ്ടീടാത്ത ദുർഗ്ഗവിലങ്ങളിൽ,
വിശക്കും മാർജ്ജാരങ്ങൾ യാതനകാണാൻ മാത്രം
വിശദംവാവിട്ടൊരു കൊച്ചുവെള്ളെലികൾ പോൽ
രുധിരം പൊടിയുന്ന നെഞ്ഞിലെ വീർപ്പുമുട്ടി
മൃതികാപത്താലിഴഞ്ഞെങ്ങുമീ ജീവക്ലേശം
പുലരുന്നിതുപോലും! എങ്കിലീരസഭേദ-
മലസതെരുതുള്ളി നിങ്ങളും നുകരുവിൻ.
ഞങ്ങൾക്കില്ലിനി യധോഗമനം, ഋംഗസ്ഥരാം
നിങ്ങൾക്കേ നരകമീ നിർണ്ണയം ഭവിയ്ക്കുള്ളു.
ആമെങ്കിൽ മരതകപ്പൂച്ചുതൻ തണൽപ്പാട്ടി-
ലാമധുരമാം സ്വർഗ്ഗസംഭോഗം രക്ഷിക്കുവിൻ.
അല്ല, വാർതണലതും മേല്ലുമേൽവിളറുന്നു!
ചെല്ലമെയ്യുകളിനി യെങ്ങുപോയൊളിയ്ക്കുന്നു?
നിച്ചിലുമുഴവിട്ട താരകമന്ത്രം—സത്യം
കയ്ച്ചിടാം—ഒരു മച്ചിപ്പൂത്തുവായ് ചമഞ്ഞല്ലോ!
കരുവാളിക്കുന്നോര ച്ചുണ്ടുകൾ വിറകൊള്ളു
പുരുശാപത്തിന്നൊട്ടു മർഷഗൗരവംപോലെ.
'ഹേ പാദുവാം ഗണത്തിൻെറ ഭദ്രത ഗണിയാതെ-
യതുലഭ്രമം കൂട്ടമിത്തരം കനയങ്ങൾ
അചിരാൽ പ്രതിലോമിച്ചാത്മഹത്യയായ് ക്രൂടാം
ശൂചിമനസ്ക്കിതിൽ തോന്നിടാ സഹതാപം'
തൊയത്തിൻതൊരക്കത്തിൽ ദുഷണന്നീ നക്ഷത്ര-
ഹ്വയനകൊള്ളാം ഞങ്ങൾ വാമൂടി മൂളിക്കൊള്ളാം
വല്ലതും പ്രായശ്ചിത്തമെങ്ങാനും തെളിയുകിൽ
ചൊല്ലണേ പഴങ്കഥകാളത്തുതിരിതന്നിൽ.
വേദനിച്ചല്ലൊ തിരുനെററികൾ വിയർത്തല്ലൊ
ഹാ! ദരിദ്രതകേലും ഞങ്ങളെ പ്രതിവൃഥാ
ഗണഭദ്രന്മാപാലും! ഞങ്ങൾതൻ ചുടുവർപ്പു-
കണങ്ങൾ തുള്ളിക്കുന്ന പച്ചതൻകുളമ്പിൽ
ഞങ്ങൾതന്നയിത്രുററി മേദസ്സ് വളർത്തിയും
ഞങ്ങൾതന്നഴൽവാററി ത്തുമധു കിളർത്തിയും
ദേവത്തിൻ നടക്കാവിൽ, നിങ്ങളെച്ചൂടി ഭീമ-
സ്ഥൂലയും നേടിച്ചൂരാൽ നില്ക്കുമീ മഹാവൃക്ഷം
ലോകാവസാനത്തോളം നില്ക്കുന്നമെന്നോ! ഞങ്ങ-
ളാകെ മേചിതു ചൊറക പോറവാൻ, പൊറുക്കവാൻ
പട്ടുവീഴട്ടെ വ്യാജ ദുർമ്മദം, പക്ഷെ ഞങ്ങൾ
കെട്ടുപോകിലും പോട്ടെ, ചൊല്ലു പൊട്ടട്ടെവേഗം.
ആമെങ്കിൽ ചിറകുവച്ചുമത്തെ ളൂതാരങ്ങൾതൻ
വ്യോമത്തിലുയരുവിൻ ബുദ്ധിശാലികൾ നിങ്ങൾ.
കണ്ടിടാമവിടൊരു കല്ലെഴുത്തേവം 'വേർപ്പു
കൊണ്ടിട്ടുന്നോക്കും വേണം തെല്ലുഭദ്രത പാരിൽ.'

# 'ഹിന്ദുസ്ഥാൻ ഹമാരാ'

## സ്വതന്ത്ര്യവിവർത്തനം

(എം. വി. നാരായണയ്യർ ബി. ഏ. എൽ. ററി.)


അനവദ്യഭാസുരമെന്നുടെ ഭാരത-
മവനിക്കൊരാനന്ദാരാമമത്രേ.
അതുലമാംചെമ്പനിനീരലർവാടി; നാ
മതിൽവിളയാടുന്ന കോകിലങ്ങൾ
അമരപുരവുമായ് സംസർഗ്ഗംചെയ്യുകൊ-
ണ്ടനാഘനഭസ്സിൽ ശിരസ്സുയർത്തി,
അനവധിസംവത്സരക്കാഴ്ക്കാ ഹിമാചല-
മരികാക്കുമദ്ദുർഗ്ഗമദുർഗ്ഗംപോലും.
കളകളമായിരം ദിവ്യസരിത്തുകൾ
കളിയാടിപ്പുഞ്ചിരിതൂകിനോവോൾ
പുളകപ്പൂമൊട്ടണിഞ്ഞെന്നമ്മ ഭാസിക്ക-
മളവില്ലാനാകമസൂയയാക്കും.
ഒരുനാളുമന്യോന്യവൈരമെഴാതുള്ളോ-
രൊരുമയാണേകമതമിവിടെ
ഒരുമാതൃ മക്കൾനാം; ഭാരതം നമ്മുടെ,-
യതമജനയിത്രി; വെൽക! വെൽക!"

(12-ാം പേജിൽനിന്നും തുടർച്ച)

എല്ലാവരേയും ക്ഷണിച്ചകൂട്ടത്തിൽ ഗോപിക്കും ഒരു എഴുത്തു കൊടുത്തിരുന്നു. വിവാഹവേളയിൽ കമല പന്തലിൽ ഒന്നു കണ്ണോടിച്ചു. പക്ഷെ ഗോപിയെ അവിടെ എങ്ങിനെ കാണാൻസാധിക്കും അവളുടെ കണ്ണിൽനിന്നും രണ്ടു കണ്ണീർകണങ്ങൾ നിലംപതിച്ചു.

കമലയുടെ ഭർത്താവു് ഗോപിയുടെ ഒരു സ്നേഹിതനാണു്. ഒരു പട്ടാളക്കാരനെത്തന്നെ അവൾക്കു കിട്ടി. ഇന്നു അവൾ ഒരു മാതാവാണു്. സുകുമാരനെ—അതാണു കുട്ടിയുടെപേരു്—കമലയുടെ ഇളയസഹോദരൻ അടുത്തുള്ള ഒരു കാപ്പിക്കടയിൽ കൊണ്ടുവന്നു. ഗോപിയും യദൃച്ഛയാ അവിടെവന്നുകൂടി. ഗോപി, കുട്ടിയെ എടുത്തു് വെളിയിലുള്ള ബെഞ്ചിൻമേൽ കളിപ്പിക്കുകയായിരുന്നു. കമല പള്ളിക്കൂടത്തിൽനിന്നും വരുന്നവഴി ഇതുകണ്ടു. അവൾക്കു പൂർവ്വസ്മരണയുണ്ടായി. അവളുടെ ഹൃദയം തകർന്നു. അവളെക്കണ്ടു സുകുമാരൻ നിലവിളിച്ചു. അവൾ ഓടിവന്നു. ഗോപി അനങ്ങുനില്ല. ഗോപിയുടെ കയ്യിൽനിന്നും അവൾ കുട്ടിയെ വാങ്ങിക്കൊണ്ടു നടന്നു. ഗോപി നിശ്ചലനായി അവിടെഇരുന്നു. അവൾ കുട്ടിയുടെ തലയിൽ ചുംബിച്ചു. കണ്ണീർകണങ്ങൾ ധാരധാരയായി കുട്ടിയുടെതലയിൽ വീണു.

—•—



ലണ്ടനിൽ മൗണ്ട്സ്ഫീൽഡ് പാർക്കിൽ കുട്ടികൾക്കു തുറസ്സായ സ്ഥലത്തു സൗജന്യമായ സിനിമാപ്രദർശനം നൽകുന്നതാണ് ചിത്രം.

## പാററായുടെ കുസൃതി

—o—

(രണ്ടാംപേജിൽനിന്നും തുടർച്ച)

കടപ്പെട്ടു. അവൾ രാത്രിയിൽ ഒരെഴുത്തെഴുതി രാവിലെ ഗോപിയുടെ മുൻപിൽ കൊണ്ടുചെന്നുവച്ചിട്ടു പോയി. ഗോപി വീട്ടിൽ വന്നിരുന്ന് എഴുത്തുവായിച്ചു. അവളുടെ ചെവിക്കു പിടിച്ചതും പാററായുടെ കാര്യവുംമററും പറഞ്ഞ് വിലപിക്കുന്നതായിരുന്നു എഴുത്ത്. ഗോപി ചിന്താധീനനായി. പിറേറദിവസവും പിള്ളയെ കണ്ടു. സന്ദർഭവശാൽ വീണ്ടും അവർ സംഭാഷണം തുടങ്ങി.

ഗോപി:—അച്ഛനോടു വിവരംപറയൂ. അച്ഛൻഎന്തുപറയുന്നുവോ അതുപോലെ ഞാൻ പ്രവർത്തിച്ചുകൊള്ളാം.

പിള്ള:—നിനക്കിഷ്ടമാണെങ്കിൽ വേലാംപിള്ളച്ചേട്ടൻ സമ്മതിക്കാതിരിക്കയില്ല.

ഗോപി:—ചേട്ടൻഅച്ഛനോടു കാര്യം പറയണം. അച്ഛൻ സമ്മതിക്കുന്നപക്ഷം എനിക്കും പൂർണ്ണസമ്മതം. അങ്ങിനെയാണെങ്കിൽ ഞാൻ അടുത്തപ്രാവശ്യം വരുമ്പോൾ നടത്തുകയുംചെയ്യാമല്ലോ.

പിള്ളയ്ക്കുവളരെസന്തോഷമായി.

പിള്ള:—എന്നാൽ നീ ഒരുകാര്യംചെയ്യണം. കമലയോടു ഈവിവരം നീതന്നെ ഒന്നുപറയണം. അവൾ ഇന്നലെത്തന്നെ നമ്മുടെ സംഭാഷണങ്ങൾ അറിഞ്ഞു. വെളുക്കുന്നതുവരെ കരയുകയായിരുന്നു. എന്റെ ഏകസഹോദരിയായ അവളുടെ സങ്കടംകാണാൻ എനിക്കു ശക്തിയില്ല.

ഗോപി:—ഞാനെന്തിനാണ് അവളോടുപറയുന്നത്. അതു ശരിയാണോ?

പിള്ള:—നീപറഞ്ഞെങ്കിലേ അവൾ ഇനിയും വിശ്വസിക്കൂ. ഞങ്ങൾ പറഞ്ഞാൽ അവളുടെ സമാധാനത്തിന് വേണ്ടി പറയുകയാണെന്നു വിചാരിക്കും.

അന്നുതന്നെ ഗോപി വൈകിട്ടു കമലയെവിളിച്ചു. അവൾകരഞ്ഞുകൊണ്ടു സ്വല്പം അകലെവന്നു അധോമുഖിയായിനിന്നു.

ഗോപി:—എന്തിനാണുകരയുന്നത്.

കമല:—എന്റെ സങ്കടം അന്വേഷിക്കാൻ എനിക്കാളുണ്ടോ.

ഗോപി:—കരച്ചിൽനിർത്തൂ. സന്തോഷിക്കൂ. ചേട്ടനോടുവിവരങ്ങൾ എല്ലാം പറഞ്ഞുകഴിഞ്ഞു. അച്ഛനുമായി ആലോചിച്ചുതീർച്ചപ്പെടുത്തി അടുത്തപ്രാവശ്യം വരുമ്പോൾ നടത്താമെന്നുപറഞ്ഞിരിക്കയാണ്.

കമല—ഇതു മനസ്സിൽവച്ചുകൊണ്ടല്ലേ എന്നെ ഇത്രയും വിഷമിപ്പിച്ചത്.

കമലയുടെ മുഖം തെളിഞ്ഞു.

ഗോപി—അച്ഛൻ വിസമ്മതിക്കുന്നപക്ഷം സാധിക്കുകയില്ലെന്നുകൂടി ഓർക്കണം.

കമല—അദ്ദേഹം തീർച്ചയായും സമ്മതിക്കും. ഈയിടെ ഒരുദിവസം എന്നെ വഴിയിൽവച്ചുകണ്ടപ്പോൾ കുറേനേരം സംസാരിച്ചു. നല്ലപോലെ പഠിക്കണം, ഈയാണ്ടിൽ ജയിക്കണം, എന്നെല്ലാം വളരെ കാര്യമായി പറഞ്ഞു.

ഗോപി—അങ്ങിനെയാണെങ്കിൽ അടുത്ത പ്രാവശ്യം വരുമ്പോൾ ആകാം. അതുവരെ കാത്തുനിൽക്കൂ.

കമല—അടുത്ത പ്രാവശ്യംവരെയല്ല മൂന്നുവർഷം വേണമെങ്കിലും ഞാൻ കാത്തുനില്ക്കാം.

ഗോപി പോകാൻ തുടങ്ങിയപ്പോൾ 'അണ്ണൻ വന്നിട്ടു പോയാൽമതി, അല്ലെങ്കിൽ ഞാനുംപോകുന്നു' എന്നെല്ലാം കമല വളരെ നിർബന്ധിച്ചു. പോകേണ്ടതായ അത്യാവശ്യമുണ്ടെന്നു പറഞ്ഞ് ഗോപി നടന്നു. കണ്ണിൽനിന്നു മറയുന്നതുവരെ അവൾ നോക്കിക്കൊണ്ടുനിന്നു.

എല്ലാവർക്കും സന്തോഷമായി. ഗോപിയുടെ അവിധ് കഴിഞ്ഞു ബോംബെയിലേക്കുമടങ്ങി. ഗോപിയും കമലയുമായി നിർബാധം എഴുത്തുകുത്തുകളും തുടങ്ങി.

ഈ വിവരങ്ങളൊന്നും ഗോപിയുടെ അച്ഛൻ ഇതുവരെ അറിഞ്ഞിട്ടില്ല. കുറച്ചുനാൾകഴിഞ്ഞു 'ഗോപിവിവാഹത്തിനു വാക്കുകൊടുത്തിട്ടാണു പോയിരിക്കുന്ന'തെന്നും മററുംപലരും വേലാംപിള്ളയോടു പറയാറുണ്ട്. 'അവൻ എന്നോടുപറയാതെ അങ്ങിനെ വാക്കുകൊടുക്കുമോ അവന് അതിഷ്ടമാണെങ്കിൽ ഞാനതുനടത്തിക്കൊടുക്കുമല്ലോ. അതു വലിയവൈഷമ്യമുള്ള ഒരു വിവാഹമല്ലല്ലോ' എന്നു വേലാംപിള്ളയും പറയും.

ഇത്രയും നാളായിട്ടും ആവീട്ടിലുള്ള ഒരുത്തരും തന്നോടു ഈകാര്യത്തെപ്പററിഒന്നും പറഞ്ഞില്ലല്ലോ എന്നു വേലാംപിള്ള വിചാരിക്കാറുണ്ട്. ഗോപിഅടുത്ത പ്രാവശ്യം വരുമ്പോൾ വിവാഹം നടത്തും എന്നു കൃഷ്ണപിള്ള പലരോടും പറഞ്ഞതായി വേലാംപിള്ള അറിഞ്ഞു.

ഇതറിഞ്ഞു വേലാംപിള്ള ക്ഷോഭിച്ചു. 'എന്റെ മകനെക്കൊണ്ടു വിവാഹംകഴിപ്പിക്കുന്നതിന് എന്നോടു ചോദിക്കാതെ അവരെന്തു വിചാരിച്ചു? കാലത്തിന്റെ മാററം. ഞാൻ ജീവനോടിരിക്കയാണെങ്കിൽ ഇതു നടക്കുകയില്ല' എന്ന് അദ്ദേഹം ഉഗ്രപ്രതിജ്ഞയും ചെയ്തു.

ഗോപി പോയിക്കഴിഞ്ഞതിൽപിന്നീടു കൃഷ്ണപിള്ള, വേലാംപിള്ളയുടെ അടുക്കൽ കാര്യംപറയാനായി ഒന്നുരണ്ടുപ്രാവശ്യം വന്നു. എന്നാൽ വരന്റെ വീട്ടിൽ പോയി ആവശ്യപ്പെടുന്നതു നല്ലതല്ലല്ലോ എന്നോർത്തു മടങ്ങുകയാണുണ്ടായത്. ഇനിയും ഗോപി വരുമ്പോൾ അവനെക്കൊണ്ടുതന്നെ പറയിക്കാം എന്നു വിചാരിച്ചു. വേലാംപിള്ള ഈ വിധത്തിൽ തിരിഞ്ഞു എന്നറിഞ്ഞപ്പോൾ ഇതു ഒക്കുകയില്ലെന്നു പിള്ളക്കു പൂർണ്ണബോധ്യമായി. ഗോപി തന്നോടാവശ്യപ്പെട്ടതാണെന്നും താൻ സാധ്യമല്ലെന്നു പറഞ്ഞതുകൊണ്ടു പിണങ്ങിപ്പോയിരിക്കയാണെന്നും മററുമുള്ള ന്യൂസ് കൃഷ്ണപിള്ളയും പറഞ്ഞു പരത്തി. കാര്യം ആകപ്പാടെ വല്ലാതായി. കൃഷ്ണപിള്ളയും വേലാംപിള്ളയും തമ്മിൽ കീരിയും പാമ്പുംപോലെ ആയി.

'അവനു നീ ഇനിയും എഴുത്തയയ്ക്കരുത്' എന്നു കൃഷ്ണപിള്ള കമലയോടാജ്ഞാപിച്ചു. അതുപോലെതന്നെ ഗോപിക്കും ഒരു പരമശാസനം അയച്ചു. അവർ രണ്ടുപേരും വല്ലാതെ വിഷമിച്ചു. ഈ വിവരം അന്യോന്യം ധരിപ്പിച്ചതിന്റെശേഷം അവർ എഴുത്തുകളും നിർത്തി. കമല കണ്ണീർതൂകാത്ത സമയമില്ല. പിള്ള അവളെ എപ്പോഴും ശാസിക്കും. "എങ്ങാണ്ടുകിടന്ന ഒരു തെണ്ടിച്ചെറുക്കൻ അവൻ കുടുംബക്കാരനാണോ? വേറേ എത്ര നല്ല പയ്യന്മാർ ഉണ്ട്" എന്നെല്ലാം പിള്ള അവളോടു പറയും.

പിന്നീടു പലരെയും പിള്ള വിവാഹാലോചനയ്ക്കു കൊണ്ടുവന്നു. കമലയ്ക്കു ഒന്നും ഇഷ്ടപ്പെടുന്നില്ല. ആരും യോഗ്യനല്ലെന്നാണു അവളുടെ സമാധാനം. പിള്ളയ്ക്കു വാശിയുംകൊണ്ടു. ഗോപി വരുന്നതിനുമുൻപു കമലയുടെ വിവാഹം നടത്താൻ പല ശ്രമങ്ങളും ചെയ്തു. ഫലിച്ചില്ല.

വർഷം നാലുകഴിഞ്ഞു. ഗോപി പട്ടാളത്തിൽനിന്നും പിരിഞ്ഞുവന്നു. ഇപ്പോൾ പിള്ളയും ഗോപിയുംതമ്മിൽ അന്യോന്യം വീട്ടിലേക്കു പോകാറില്ല. വഴിയിൽ വച്ചു കണ്ടാൽ ചിലപ്പോൾ സംസാരിച്ചെന്നിരിക്കും.

കമല ഗോപിയെകാണാൻ തിടുക്കംകൊള്ളുന്നു. അവളുടെ പ്രിയസഖിയായ സരസ്വതിയുമായി പല പോംവഴികളും ആലോചിച്ചു. ഒടുവിൽ സരസ്വതി ഒരെഴുത്തെഴുതി ഒരു പയ്യൻവശം ഗോപിക്കു കൊടുത്തയച്ചു. ഗോപി എഴുത്തനുസരിച്ചു സരസ്വതിയുടെ വീട്ടിൽചെന്നു. ഗോപി കാര്യങ്ങളെല്ലാം സരസ്വതിയെ ധരിപ്പിച്ചു. അപ്പോഴേക്കു കമലയും അവിടെ വന്നുചേർന്നു. ഗോപിയെ കണ്ടമാത്രയിൽ അവൾ പൊട്ടിക്കരഞ്ഞു. നിങ്ങൾതമ്മിൽ സംസാരിക്കുവിൻ എന്നുപറഞ്ഞു സരസ്വതി അവിടെനിന്നും പോയി. ഗോപിക്കും സങ്കടം അടക്കാൻ നിവൃത്തിയില്ലാതായി.

ഗോപി:—കമലേ കാര്യങ്ങൾ വല്ലാതെയാണു കലാശിച്ചിരിക്കുന്നത്. ഞാനെന്തു ചെയ്യണം.

കമല:—ഞാൻ സ്നേഹിച്ചതുപോലെ എന്നെ സ്നേഹിക്കാഞ്ഞിട്ടാണ് ഈവിധം സംഭവിച്ചത്. അങ്ങു പറഞ്ഞാൽ അച്ഛൻ സമ്മതിക്കാതിരിക്കുമോ.

ഗോപി:—ഞാൻ പറഞ്ഞില്ലെന്നാണോ നീ വിചാരിക്കുന്നത്. ഇതിനെല്ലാം കാരണം നിന്റെ അണ്ണനാണ്. ഞങ്ങൾ പറഞ്ഞതുപോലെ അദ്ദേഹം പ്രവർത്തിക്കാഞ്ഞതാണ് സർവ്വകുഴപ്പങ്ങൾക്കും കാരണമായത്.

കമല:—അങ്ങ് ഇപ്പോൾ എന്തുചെയ്യണമെന്നാണു വിചാരിക്കുന്നത്.

ഗോപി:—ഞാനെന്തുചെയ്യണം. നീ പറയൂ

കമല:—എന്നെക്കാൾ അറിവുള്ളതു അങ്ങേയ്ക്കല്ലേ. ആറുവർഷക്കാലമായി ഞാൻ കാത്തുനില്ക്കുന്നു. ഊണിലും ഉറക്കത്തിലും എനിക്ക് ഈ ഒരുവിചാരമേ ഉള്ളൂ. അങ്ങയുടെ യുക്തംപോലെ ചെയ്യൂ. അവൾ വാവിട്ടു നിലവിളിക്കാൻ തുടങ്ങി.

ഗോപി വാപൊത്തിക്കൊണ്ടു 'നിലവിളിക്കാതിരിക്കൂ. ഞാൻ ഒരു വഴി പറയാം അതുപോലെ നീ കേൾക്കുമോ?'

കമല:—ഈ ജന്മത്തു ഞാൻ അങ്ങു പറയുന്നതല്ലാതെ ആരു പറയുന്നതാണു കേൾക്കേണ്ടത്.

ഗോപി.—സർവ്വ ആണിയും തെററി. ഇനിയും മററുപായംനോക്കണം. നമ്മൾ രണ്ടുപേരും പ്രായപൂർത്തിയായവരാണ്. വേണമെങ്കിൽ രജിസ്റ്റർവിവാഹംകഴിക്കാം. എന്നാൽ അങ്ങിനെചെയ്താൽ നമുക്ക് എന്തുസുഖമാണുണ്ടാകുന്നത്. നമ്മളെ രണ്ടുപേരെയും സംബന്ധിച്ച് ഒരുത്തർക്കും ഇതിഷ്ടമല്ല. പിന്നെ നാം എന്തുചെയ്യും. വിവാഹം സുഖിക്കാനുള്ളതല്ലേ.

കമല:—വിവാഹം സുഖിക്കാനും ദുഃഖിക്കാനുമുള്ളതാണ്. എന്നാൽ ഈ രൂപത്തിൽ നടത്തണമെന്ന് എനിക്കശേഷം അഭിപ്രായമില്ല. അങ്ങ് അച്ഛനോട് അപേക്ഷിക്കണം. ഞാൻ അണ്ണനോടും അപേക്ഷിക്കാം.

ഗോപി.—കമലേ അതെല്ലാം ഇനിയും വെറുതെയാണ്. വേറേ ഒരു വിവാഹത്തിൽ നീ ഏർപ്പെടുക.

കമല:—അതു ഈ ജന്മത്തു സാധ്യമല്ല.

ഗോപി—അങ്ങിനെ പറയാതിരിക്കൂ. നമ്മൾ രണ്ടുപേരും അവിവാഹിതരായി ഇങ്ങനെ നിന്നാൽ ആരറിയാനാണ്. നീ ഒരദ്ധ്യാപികയല്ലേ. നിനക്കറിവില്ലേ. ഞാൻ പറഞ്ഞരൂപത്തിൽ നീ ഏർപ്പെടുക. നമ്മുടെ സഹോദരസ്നേഹം എന്നും നിലനില്ക്കട്ടെ.

കമല പൊട്ടിക്കരഞ്ഞുകൊണ്ടു 'വേറേ വിവാഹമോ ഒരിക്കലുമില്ല. അങ്ങു വേണമെങ്കിൽ വേറേ വിവാഹംകഴിച്ചുകൊള്ളുക.'

ഗോപി:—നീ കഴിക്കുന്നപക്ഷം ഞാനും വേറേ കഴിക്കാം. അല്ലാതെ ഞാൻ നോക്കിയിട്ടു ഒരു ഗത്യന്തരവുമില്ല.

കമല:—ഹാ! എന്റെ ജീവിതനാടകം.

ഗോപി സരസ്വതിയെവിളിച്ചു കാര്യങ്ങൾ ഒന്നുകൂടി പറഞ്ഞിട്ടു കണ്ണീരോടുകൂടി സ്ഥലംവിട്ടു.

സരസ്വതി സാന്ത്വനവാക്കുകളാൽ അവളെ ആശ്വസിപ്പിച്ചു. ഗോപിയുടെ സൽസ്വഭാവംകണ്ടു സരസ്വതിയുടെ മനസ്സലിഞ്ഞു.

കൃഷ്ണപിള്ളയുടെ വാക്ശരങ്ങൾ സഹിക്കാതെയായപ്പോൾ കമല വിവാഹത്തിനു സമ്മതിച്ചു. അങ്ങിനെ ഒരു ശുഭമുഹൂർത്തത്തിൽ വിവാഹം മംഗളമായി നടന്നു.

(ശേഷം 11-ാം പേജിൽ)

Printed and Published by N. Chandrasekharan Nair at the Sri Rama Vilas Press, Quilon.